വില ₹ 30/-


# ജീവനും വെളിച്ചവും

ജൂൺ 2023



# MARIAN COLLEGE OF ARTS AND SCIENCE

MARIAN HIGHER EDUCATION CAMPUS, MENAMKULAM
KAZHAKUTTOM, THIRUVANANTHAPURAM - 695582
Approved by Govt. of Kerala, Affiliated to University of Kerala
0471 2705413 mcastvm@gmail.com






Courses Offered:

**B.Com | BBA | BA English B.Sc Zoology | B.Sc Computer Science | B.Sc Geography | M.Com**

Offer Add on Courses in Colloboration with **Keltron, NSDC, ISDC, ASAP**

## Key Features

- **Well Experienced and Dedicated Faculty.**
- **Intensive Bridge Course.**
- **Promotion of Participation in extra curricular and co-curricular activities.**
- **ICT enabled teaching methods.**
- **Online Education and Research Centre.**
- **Digitalized e-library and INFLIBNET facility.**
- **Student-Mentoring System.**

## Values

- **Excellence**
- **Student Centeredness**
- **Diversity**
- **Lifelong Learning**
- **Team work & Collaboration**

## Additional Learning and Personality Development Inputs

Value based Education | Language Lab | Additional Skill - Oriented Programmes | Physical Education | Personality Development Programmes & Job Acquisition Skills

www.mcas.ac.in prinicipal@mcas.ac.in 95266 05413

# ജീവനും വെളിച്ചവും

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2023 ജൂൺ
പുസ്തകം - 47 ലക്കം - 6
വില 30 രൂപ (വാർഷിക വരിസംഖ്യ: 360 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com
www.archtvmnews.com



**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
**ഉപദേശക സമിതി**
ഫാ. ലോറൻസ് കുലാസ്
ഫാ. ഷാജു വില്യം
ഫാ. ഡാനിയേൽ ആർ.
ഫാ. സജു റോൾഡോൺ
ഫാ. ആഷ്‌ലിൻ ജോസ്
ഫാ. മൈക്കിൾ തോമസ്
ഫാ. അസ്സീസി ജോൺ സുരേഷ്
ഫാ. ക്രിസ്റ്റിൽ റൊസാരിയോ
ഫാ. ഷാജിൻ ജോസ്
ഫാ. സിൽവസ്റ്റർ കുരിശ്
ഫാ. ഡേവിഡ്സൻ ജസ്റ്റസ്
ഫാ. ജോർജ്ജ് ഗോമസ്
**പത്രാധിപർ**
ഫാ. ദീപക് ആന്റോ
**സഹ പത്രാധിപർ**
ഫാ. ലെനിൻ ഫെർണാണ്ടസ്
ബർഗ്‌മാൻ തോമസ്
**മാനേജർ (പരസ്യവിഭാഗം)**
ഫാ. മനീഷ് പീറ്റർ
**പത്രാധിപ സമിതി**
മോൺ. ജെയിംസ് കുലാസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
സിന്ധുമരിയ നെപ്പോളിയൻ
**ആർട്ടിസ്റ്റ്**
സതീഷ് ജോർജ്ജ്
**ഡിറ്റിപി & ലേ-ഔട്ട്**
സുനിൽകുമാർ
**ഓഫീസ് നിർവഹണം**
അലീന



*Account Details:*
State Bank of India
A/C No. 57027220934
IFSC : SBIN0070308
A/C Name : Editor, Jeevanum Velichavum


## മുഖവിചാരം



# നല്ല നാളേക്കുവേണ്ടി നട്ടെല്ലുയർത്തി നിൽക്കാം

വെല്ലുവിളികളും, അപകടങ്ങളും തിരിച്ചറിഞ്ഞ് പ്രവർത്തിക്കാനാകുമ്പോഴാണ് ഓരോ സംഘടനയും പ്രസ്ഥാനവും കൂട്ടായ്മയും നിലനിൽക്കുന്നതും വളർച്ച പ്രാപിക്കുന്നതും. ഭാരതത്തിലെ ക്രൈസ്തവർ മാത്രമല്ല, എല്ലാ ന്യൂനപക്ഷങ്ങളും സമൂഹത്തിലെ ബഹുസ്വരതയും ജനാധിപത്യമൂല്യങ്ങളുമെല്ലാം അത്യപകടകരമായ അവസ്ഥയിലൂടെ കടന്നുപോകുമ്പോഴും അത് തിരിച്ചറിയാതെയും പ്രതികരിക്കാതെയും കൂട്ടുചേർന്ന് നിലനിന്നുപോകാൻ ശ്രമിച്ചു എന്നതാകും നാമുൾപ്പെടെയുള്ള ക്രൈസ്തവരെ ഭാവികാലം വിലയിരുത്തുക എന്നതിൽ ലജ്ജിക്കുന്നു.

വൈദികരെയും സന്യസ്തരേയും ക്രിസ്തുവിനെയും സഭയേയും കലാസൃഷ്ടികളിലും സമൂഹമാധ്യമങ്ങളിലും തെറ്റായി ചിത്രീകരിക്കുമ്പോഴും വെറുപ്പുണ്ടാക്കുന്നതരത്തിൽ അവതരിപ്പിക്കുമ്പോഴും, ന്യൂനപക്ഷ അവകാശങ്ങൾ ധ്വംസിക്കപ്പെടുമ്പോഴും അക്രമോത്സുകരായി പ്രതിരോധ സന്നദ്ധരായി കച്ചകെട്ടിയിറങ്ങുന്ന നമ്മൾ സമകാലീനമായ ദേശീയ രാഷ്ട്രീയത്തോടും അവരുയർത്തുന്ന മതരാഷ്ട്രവാദത്തോടും സന്ധിചെയ്യുകയാണോ എന്ന സംശയമുണരുകയാണ്.

> ***"ഒരു സംസ്കാരത്തിന്റെയോ മതത്തിന്റെയോ അടിസ്ഥാനത്തിൽ ദേശീയതയെ അടയാളപ്പെടുത്താൻ ശ്രമിക്കുന്നത് ഭയാനകമായ അവസ്ഥയാണ്. അത് യഥാർത്ഥ ഐക്യത്തിലേക്കും ഏകതാനതയിലേക്കും ഐക്യരൂപത്തിലേക്കും അതുവഴി നാശത്തിലേക്കുമാണ് നയിക്കുക. വൈവിധ്യങ്ങളുടെ, ബഹുസ്വരതകളുടെ ഈ സംഗമഭൂമിയിൽ സമാധാനത്തിനും വികസനത്തിനനും വളർച്ചക്കുമുള്ള ഉത്തരം ഏക-സംസ്കാരവും, ഏക ഭാഷയും, ഏക-മതവുമല്ല."***
>
> സിബിസിഐ സമ്മേളനത്തിലെ പ്രസ്താവന 2018.

അന്താരാഷ്ട്ര മതസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള യുഎസ് കമ്മീഷൻ (യുഎസ്സിഐആർഎഫ്എസ്) പുറത്തിറക്കിയ റിപ്പോർട്ടുപ്രകാരം ഇന്ത്യയിലെ മതസ്വാതന്ത്ര്യം 2022 ൽ ഏറ്റവും മോശമായ അവസ്ഥയിലെത്തിനിൽക്കുന്നു. ഇന്ത്യയിലെങ്ങും തെരഞ്ഞെടുപ്പുകൾക്കുമുൻപ് അതിവിദഗ്ധമായി ആസൂത്രണം ചെയ്യുന്ന മതലഹളകളും സ്പർദ്ധയുളവാക്കുന്ന പ്രസ്താവനകളും തിരഞ്ഞെടുപ്പുകളെ രാഷ്ട്രീയമെന്നതിനേക്കാൾ മതത്തിന്റെയും സംസ്കാരത്തിന്റെയും, ഗോത്രത്തിന്റെയും പേരിലുള്ള പോരാട്ട ഭൂമിയാക്കി മാറ്റിയിരിക്കുന്നു. അത്തരം വൈരങ്ങളിൽ നിന്നും ചോരയൂറ്റിക്കുടിച്ച് വളരുന്ന ചെന്നായക്കളായി രാഷ്ട്രീയ പാർട്ടികൾ അധഃപതിക്കുന്നത് നാടിനാപത്താണ്. അത്തരം നിലപാടുകളെ തള്ളിക്കളയാനുള്ള ആർജ്ജവവും നെഞ്ചുറപ്പുമാണ് സമൂഹത്തിന്റെ മനഃസാക്ഷി സൂക്ഷിപ്പുകാർ എന്നറിയപ്പെടുന്ന സാംസ്കാരിക നായകന്മാരിൽ നിന്നും മാധ്യമപ്രവർത്തകരിൽ നിന്നും മതനേതാക്കന്മാരിൽ നിന്നും പ്രത്യേകിച്ച് ക്രൈസ്തവ നേതാക്കന്മാരിൽ നിന്നും സമൂഹം പ്രതീക്ഷിക്കുന്നത്. ആക്രമണങ്ങൾക്ക് കേന്ദ്ര ഗവണ്മന്റിന്റെ ഉത്തരവാദിത്തം വ്യക്തമാക്കി സത്യവാങ്മൂലം സുപ്രീംകോടതിയിൽ സമർപ്പിച്ച ബാംഗ്ലൂർ ആർച്ച്ബിഷപ്പ് പീറ്റർ മച്ചാഡോ പിതാവിനെ വിസ്മരിക്കുന്നില്ല. മതേതര ജനാധിപത്യ മൂല്യങ്ങളെയൊക്കെ കാറ്റിൽപ്പറത്തി മതരാജ്യത്തിന്റെ അധികാരവും ചെങ്കോലും കയ്യാളുന്ന ഏകാധിപത്യ പ്രവണതകളെ എന്തുനഷ്ടവും സഹിച്ച് എതിർക്കുവാനും സന്ധിയില്ലാത്തപോരാട്ടത്തിൽ ഏർപ്പെടുവാനും ഇന്ന് സാധിച്ചില്ലെങ്കിൽ ഭാരതത്തിന്റെ ഭാവി തലമുറമുറയ്ക്കു മുമ്പിൽ നമുക്ക് ലജ്ജിച്ച് നിൽക്കേണ്ടിവരും.

\- പത്രാധിപർ

# പ്രതികരണങ്ങൾ




## മയ്യാവാടികൾതേടി തുഴയുന്നവർ

കഴിഞ്ഞലക്കം ജീവനും വെളിച്ചവും മാസികയിൽ പ്രസിദ്ധീകരിച്ച വിപിൻദാസ് തോട്ടത്തിലിന്റെ 'മയ്യാവാടികൾതേടി തുഴയുന്നവർ' എന്ന കവിത വളരെ ഇഷ്ടമായി. ലളിതമായ ഭാഷയിൽ ആഴമേറിയ വാക്കുകൾ ഉൾക്കൊള്ളിച്ച ഈ കവിത പങ്കുവയ്ക്കുന്ന ആശയവും വളരെ വ്യത്യസ്തമാണ്. മരണത്തെയും യേശുവിനെയും ബന്ധിപ്പിച്ചുള്ള അവതരണവും മികച്ചതാണ്. ഇത്തരത്തിൽ നല്ല കവിതകളെയും കവികളെയും പരിചയപ്പെടുത്തുന്ന ജീവനും വെളിച്ചവും മാസികയ്ക്കും കവിക്കും നന്ദി.

**ലത ജെറാൾഡ്**,
വിഴിഞ്ഞം


വൃദ്ധസദനങ്ങൾ ഉണ്ടാകുന്നത്

## വൃദ്ധജനങ്ങൾ ആശ്വാസകരമാണ്

വാർധക്യത്തെയും വൃദ്ധജനങ്ങളെയും കുറിച്ച് വായിച്ചു. വാർധക്യം എന്നതുപോലെ വൃദ്ധസദനങ്ങളും ഇന്ന് ജീവിത യാഥാർത്ഥ്യവും ജീവിതത്തിന്റെ അവിഭാജ്യഘടകവും ആയിരിക്കുന്നു. ചെറുപ്രായത്തിൽ മിക്കവരുടെ സഹായവും ആശ്രയവും ആവശ്യമായിരിക്കുന്നതുപോലെ വാർധക്യത്തിലും മറ്റുള്ളവരുടെ താങ്ങും തണലും അനിവാര്യമാണ്. പിറുപിറുപ്പും പിടിവാശികളും കണ്ണീരും വേദനകളും ആവലാതിയും പലവിധ രോഗങ്ങളും മധുരിക്കുന്നതും അല്ലാത്തതുമായ ഓർമകളുമെല്ലാം വാർധക്യത്തിലെ കൂട്ടുകാരാണ്.

വൃദ്ധജനങ്ങൾ അനിവാര്യമാണ്, നല്ലതാണ്, ആശ്വാസകരമാണ് എന്നതാണ് എന്റെ ചിന്തകൾ. ഏകാന്തതയുടെ ഒറ്റപ്പെടലും വീർപ്പുമുട്ടലുമെല്ലാം വൃദ്ധജനങ്ങളുടെ കൂട്ടായ്മകളിൽ അലിഞ്ഞലിഞ്ഞില്ലാതാകും. അന്നവും ജീവിതവും തേടി അന്യനാടുകളിൽ താമസിക്കുന്നവർ അവരുടെ വൃദ്ധരായ മാതാപിതാക്കളെ നന്നായി പരിചരിക്കുന്ന വൃദ്ധസദനങ്ങളുടെ സാന്ത്വനത്തിൽ ഏൽപ്പിച്ചുപോകുന്നത് അവരെ ഉപേക്ഷിക്കലല്ല. ഉൾക്കൊള്ളലാണ്.

ആഘോഷങ്ങളുടെയും പ്രാർത്ഥനയുടെയും പങ്കുവയ്ക്കലിന്റെ നല്ല സന്തോഷത്തിന്റെയും പ്രകാശം പരത്തുന്ന ധാരാളം വൃദ്ധസദനങ്ങളുണ്ട്. വീടുകളിലെ മുറികളിൽ തളച്ചിടുന്നതിനേക്കാൾ മനോഹരമാണ് വൃദ്ധസദനങ്ങളിലെ സമാന പ്രായക്കാരുടെ ജീവിതം. എങ്കിലും, മതാപിതാക്കളെ കറിവേപ്പിലകളായി വലിച്ചെറിയുന്ന സംസ്കാരം ഒരിക്കലും നന്നല്ല. വാർധക്യത്തിന്റെ വ്യഥകളിലൂടെ കടന്നുപോകേണ്ടവരാണ് നാമെല്ലാം. പ്രാർത്ഥനയും ദൈവാശ്രയ ബോധവുമെല്ലാം വാർധക്യത്തെ സുന്ദരമാക്കുന്ന മനോഹര രത്നങ്ങളാണ്.

**ജെറാൾഡ് ബി.മിരാൻഡ**, തോന്നയ്ക്കൽ

## കുട്ടികളുടെ സ്വന്തം 'കുഞ്ഞാടുകൾ'

കഥകളും കവിതകളും ചിത്രങ്ങളും നിറഞ്ഞ ലോകമാണ് കുഞ്ഞുങ്ങളുടേത്. അതിനെ കൂടുതൽ സുന്ദരമാക്കുകയാണ് ജീവനും വെളിച്ചവും മാസികയിലെ 'കുഞ്ഞാടുകൾ' പംക്തി. എന്റെ വീട്ടിലെ കുഞ്ഞുങ്ങൾക്കും ഈ പംക്തിയിൽ വരുന്ന എഴുത്തുകൾ വായിക്കാൻ വളരെ ഇഷ്ടമാണ്. ഇത്തരത്തിൽ കുട്ടികളുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്ന മാസികയ്ക്കും അതിന്റെ പ്രവർത്തകർക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നു. കൂടുതൽ നല്ല കഥകളും കവിതകളും വരട്ടെ. കുട്ടികൾ വരച്ച ചിത്രങ്ങളും ഉൾപ്പെടുത്തിയാൽ കൂടുതൽ മികച്ചതാക്കാം.

**തോമസ് ആന്റണി**, വലിയതുറ

# താളുകളിൽ


**വീണ്ടുമൊരു സ്കൂൾ കാലം** 6
ഷാരോൺ ആന്റണി

**മണിപ്പൂർ നൽകുന്ന മുന്നറിയിപ്പ് എന്ത്?** 8
ഫാ. ജേക്കബ് മൽകിയാസ് &
ഫാ. ജോൺ ദോഖൻപൗ

*കവിത*
**യാത്ര** 11
ബർണാഡ് മൊറൈസ്

**ലാളിത്യത്തിൽ ജീവിതം ആഘോഷിക്കുന്നവർ** 12
ഫാ. ആന്റണി അലക്കിയാസ് എം.എ.എഫ്.ആർ.

*കഥ*
**ചെല്ലപ്പിള്ള** 15
വിർജിൻ എസ്.

**ആദിവാസി പ്രക്ഷോഭത്തിന്റെ പ്രതീകമായ സരസു** 16
ഫാ. ബെന്നി എസ്.ജെ.

**സഭയും പരിസ്ഥിതിയും** 19
ഫാ. റോസ് ബാബു

**വായന** 21
സിന്ധുമോൾ തോമസ്

**ചരിത്രപഥം** 24
ഇഗ്നേഷ്യസ് തോമസ്

**വാർത്തകൾ** 26

**നീർച്ചാൽ** 32

**കാനോൻ ലോ** 37

**കുഞ്ഞാടുകൾ** 38

**വചനജ്വാല** 40

**നേർക്കാഴ്ച** 42
ജെ.സി.








ലേഖനം



# വീണ്ടുമൊരു സ്കൂൾ കാലം

**ജൂ**ൺ ഒന്ന്. കുട്ടികൾക്ക് സന്തോഷത്തിന്റെ ദിനം. സാധാരണനിലയിൽ സ്കൂൾ വർഷത്തിന്റെ ആരംഭ ദിനം. വേനലവധി കഴിഞ്ഞ് വീണ്ടും കൂട്ടുകാരോടൊപ്പം ചേരുന്ന ദിനം. പുതിയ കൂട്ടുകാരെ കിട്ടുന്ന ദിനം. ഇങ്ങനെ പല പുതുമകളും ഒന്നിച്ചു ചേർന്നുവരുന്ന ദിനം. ആദ്യമായി സ്കൂളിലേക്ക് വരുന്ന ഒന്നാം ക്ലാസ് വിദ്യാർത്ഥികൾക്ക് പ്രവേശനോത്സവത്തോടുകൂടിയുള്ള, വലിയ ആഘോഷത്തോടെയുള്ള, വരവേൽപ്പ് ഇതെല്ലാം ചേർന്നുവരുന്ന പുതുപ്രതീക്ഷകളുടെ മറ്റൊരു അധ്യയന വർഷം.

അധ്യാപകർ അറിവിന്റെ ലോകത്തേക്ക് കുട്ടികളെ നയിക്കാനുള്ള വാതായനങ്ങൾ തുറന്ന് പുതിയ തന്ത്രങ്ങളും പുതിയ രീതികളും അവർക്ക് മുന്നിൽ അവതരിപ്പിക്കുവാനുള്ള താല്പര്യത്തോടെ നിൽക്കുന്ന, ആകാംക്ഷയോടെ നിൽക്കുന്ന കാഴ്ചകളും നമുക്ക് കാണാം. വിദ്യാലയം ആകട്ടെ പുതുമ നിറഞ്ഞ കുട്ടികളെ ആകർഷിക്കുന്ന തരത്തിൽ ഒരുങ്ങി അവരെ സ്വീകരിക്കാൻ നിൽക്കുന്ന ഉത്തമ കൂട്ടുകാരനെപ്പോലെ തയ്യാറായി നിൽക്കുകയാണ്.

ഇങ്ങനെയെല്ലാം തന്നെയാണെങ്കിലും ഒരുപാട് പ്രതീക്ഷകളുമായാണ് കുട്ടികളെ മാതാപിതാക്കൾ നമ്മളുടെ കരങ്ങളിലേക്ക് എത്തിക്കുന്നത്. ആ പ്രതീക്ഷയുടെ എത്രമാത്രം നമുക്ക് അവർക്ക് കൊടുക്കാൻ കഴിയുന്നു എന്നുള്ള തിരിഞ്ഞുനോട്ടം അധ്യാപകർക്ക് വീണ്ടും വീണ്ടും മെച്ചപ്പെടുവാനുള്ള ഒരു വലിയ വഴി തുറക്കുകയാണ്. പുതിയ അധ്യായന വർഷത്തിൽ ഒരുപാട് തയ്യാറെടുപ്പുകളോടെയാണ് നമ്മൾ കുട്ടികളെ വരവേൽക്കുന്നത്.

വിദ്യ എന്നത് അഭ്യസിപ്പിച്ചെടു



**ഷാരോൺ ആന്റണി**

ക്കുക എന്നുള്ളതാണ് അല്ലാതെ അടിച്ചേൽപ്പിക്കുക എന്നുള്ളതല്ല പൊതുവിദ്യാലയങ്ങളിലെ രീതി അതിനാൽ തന്നെ സിബിഎസ്ഇ സ്കൂളുകളെ പോലെ സിലബസ് കവർ ചെയ്യുന്ന തരത്തിൽ കുട്ടികളെ വിവരങ്ങൾ കുത്തിനിറച്ച് പോകുന്ന രീതിയല്ല പൊതുവിദ്യാലയങ്ങളിൽ അവലംബിക്കുന്നത്

കുട്ടിയുടെ അറിവ്, കഴിവ്, മനോഭാവം, മൂല്യബോധം ഇവയെയെല്ലാം വിദ്യാഭ്യാസം സമഗ്രമായി സ്വാധീനിക്കുന്നു. മനോഭാവവും മൂല്യബോധവും ഏറെക്കുറെ സ്ഥിര സ്വഭാവം പുലർത്തുന്നുവെന്നു പറയാം. എന്നാൽ അറിവ് അനുക്ഷണം വികസിച്ചുകൊണ്ടിരിക്കുകയാണ്. പഴയ അറിവുകൾ തിരുത്തപ്പെടുകയോ പൂർണമാക്കപ്പെടുകയോ ചെയ്യുന്നു. ഓരോ കാലവും വിദ്യാർത്ഥിയിൽ നിന്നാവശ്യപ്പെടുന്ന കഴിവുകൾ വ്യത്യസ്തമാണ്. കഴിഞ്ഞ തലമുറയ്ക്ക് കമ്പ്യൂട്ടർ പരിജ്ഞാനം ആവശ്യമായിരുന്നില്ല. പുതിയ തലമുറയിലെ കമ്പ്യൂട്ടററിയാത്തവർ നിരക്ഷരരായാണ് പരിഗണിക്കപ്പെടുന്നത്. ചുരുക്കത്തിൽ വിദ്യഭ്യാസം തടാകം പോലെ നിശ്ചലമായി നിലകൊള്ളേണ്ടതല്ല; പ്രത്യുത പുഴ പോലെ നിരന്തരം ഒഴുകിക്കൊണ്ടിരിക്കേണ്ടതാണ്.

കാലത്തിന്റെയും ദേശത്തിന്റെയും മാറിവരുന്ന അഭിരുചികൾക്കും അവബോധങ്ങൾക്കുമനുസരിച്ച് നിരന്തരം നവീകരിക്കപ്പെട്ടുകൊണ്ടാണ് വിദ്യാഭ്യാസം വളരുന്നത്. കഴിഞ്ഞ ദശകങ്ങളിൽ കേരളം ഒട്ടേറെ വിദ്യാഭ്യാസ പരിഷ്കാരങ്ങൾക്കു സാക്ഷ്യം വഹിക്കുകയുണ്ടായി. അതാത് കാലത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് തലമുറകളെ സജ്ജമാക്കുകയാണ് ഭൗതിക വിദ്യാഭ്യാസത്തിന്റെ ആത്യന്തികമായ പ്രായോഗിക ലക്ഷ്യം

കുട്ടിയും അധ്യാപകനും തമ്മിലുള്ള ബന്ധത്തിൽ മാറ്റം വന്നു. അധ്യാപകൻ വിവരങ്ങൾ നൽകുന്നയാളും കുട്ടി അവ സ്വീകരിക്കുന്ന ആളും എന്നതിൽ നിന്നു മാറി ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയും ആശയ വിനിമയം നടത്തി കുട്ടിയെ താനുള്ള അറിവിന്റെ പടിയിൽ നിന്ന് അടുത്ത പടിയിലേക്ക് കയറാൻ സഹായിക്കുന്ന സഹായിയും മിത്രവുമായി അധ്യാപകൻ മാറി. കുട്ടിയും അധ്യാപകനും തമ്മിലുള്ള 'അകലം' കുറഞ്ഞു.

ക്ലാസ് മുറികൾ മരണ വീട്ടിലെ 'ശാന്തത'യിൽ നിന്ന് കല്യാണ വീട്ടിലെ 'ബഹള'മയമായ അന്തരീക്ഷത്തിലേക്ക് വഴിമാറി. ചെറിയ ക്ലാസുകളിൽ പ്രത്യേകിച്ചും ഈ മാറ്റം ഇപ്പോൾ പ്രകടമാണ്. അധ്യാപകരും വിദ്യാർത്ഥികളും ആഘോഷമായി പഠന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന കാഴ്ചയാണ് ക്ലാസ് റൂമുകളിൽ ഇപ്പോഴത്തെ കാഴ്ച. ഏതു നിമിഷവും ഏതു ദിക്കിൽ നിന്നും പുറത്തോ തുടയിലോ പാറി വീണേക്കാവുന്ന ചൂരലിന്റെ ഭയപ്പെടുത്തുന്ന സാന്നിധ്യം പുതിയ ക്ലാസ് മുറികളിലില്ല.

രക്ഷിതാക്കളും കുട്ടികളുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടിയിരിക്കുന്നു. നല്ല പഠനാന്തരീക്ഷവും മെച്ചപ്പെട്ട കുടുംബാന്തരീക്ഷവും ഒരുക്കുന്നതോടൊപ്പം മക്കളുടെ വഴികളറിയാനും അവരെ ലക്ഷ്യത്തിലേയ്ക്കു നയിക്കുന്ന ചൂണ്ടു പലകകളാകാനും രക്ഷിതാക്കൾ കൂടുതൽ ശ്രദ്ധകൊടുക്കേണ്ടിയിരിക്കുന്നു. തങ്ങൾക്കാകാനാകാതെ പോയ, തങ്ങൾ സ്വപ്നം കണ്ട, അല്ലെങ്കിൽ തങ്ങൾക്കാരാധനയുള്ള ഒരു തൊഴിൽ മേഖലയിലേയ്ക്ക് മക്കളെ നിർബന്ധിച്ചിറക്കുമ്പോൾ അവരുടെ സ്വപ്നങ്ങളേയും പ്ര തീക്ഷകളേയും നാം കാണാതെ പോകുന്നു. ഏതു മേഖലയിലായാലും ഏതു വിഷയമെടുത്തു പഠിച്ചാലും ശുഭകരമായ ഭാവിയുണ്ടെന്നു മനസ്സിലാക്കി, നമുക്കവരുടെ സ്വപ്നങ്ങളെ പിന്തുണയ്ക്കാം. നല്ല കൂട്ടുകെട്ടുകളിലേയ്ക്കും നല്ലവരുമായുള്ള സഹവർത്തിത്വത്തിനും അവരെ വഴി നടത്തേണ്ടതും അതു പരിശോധിക്കേണ്ടതും രക്ഷിതാക്കളുടെ പ്രാഥമിക ദൗത്യമാണെന്ന കാര്യം മറന്നുപോകരുത്.

നല്ല സമൂഹത്തിന്റെ നിർമ്മിതിയിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നവരാണ് വിദ്യാർത്ഥി തലമുറ. അവരെ സ്വപ്നങ്ങൾ കാണാൻ പ്രേരിപ്പിക്കുകയെന്നത് അധ്യാപകരും ആ സ്വപ്നങ്ങളുടെ പ്രായോഗികതയ്ക്കു വേണ്ട സാഹചര്യമൊരുക്കേണ്ടത് രക്ഷിതാക്കളുമാണ്. ചുരുക്കി പറഞ്ഞാൽ വിദ്യാർത്ഥിയും രക്ഷിതാവും അധ്യാപകനും ഒരേ ഹൃദയമായി പ്രവർത്തനസജ്ജമാകുമ്പോഴാണ് സമൂഹ നിർമ്മിതിയിൽ ശുഭോദാർക്കമായ മാറ്റമുണ്ടാകുകയുള്ളൂ. അതിനുള്ള പ്രയത്നത്തിൽ നമുക്കു കൈകോർക്കാം. ■

**അധ്യാപകരും വിദ്യാർത്ഥികളും ആഘോഷമായി പഠന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന കാഴ്ചയാണ് ക്ലാസ് റൂമുകളിൽ ഇപ്പോഴത്തെ കാഴ്ച. ഏതു നിമിഷവും ഏതു ദിക്കിൽ നിന്നും പുറത്തോ തുടയിലോ പാറി വീണേക്കാവുന്ന ചൂരലിന്റെ ഭയപ്പെടുത്തുന്ന സാന്നിധ്യം പുതിയ ക്ലാസ് മുറികളിലില്ല.**

# 'എന്റെ മണിപ്പൂർ കത്തുമ്പോൾ'



ഫാ. ജോൺ ദോഖൻപൗ



ഫാ. ജേക്കബ് മൽകിയാസ്
വിഴിഞ്ഞം സ്വദേശി, അരുണാചലിൽ സേവനം ചെയ്യുന്നു

ഇവിടെ മണിപ്പൂരിൽ സാഹചര്യം ഭീകരമാണ്. അടുത്തിടെ പൊട്ടിപ്പുറപ്പെട്ട അക്രമം രാജ്യത്താകെ ഒരുതരം ഞെട്ടലും സംഘർഷവും സൃഷ്ടിച്ചിരിക്കുകയാണ്. ഗോത്രവർഗക്കാരും മെയ്തികളും തമ്മിലുള്ള ഏറ്റുമുട്ടൽ ആയിരക്കണക്കിന് നിരപരാധികളുടെ കുടിയിറക്കത്തിനും കാരണമായിരിക്കുന്നു. കേന്ദ്രസേനയുൾപ്പെടെ ഒരു വലിയ സൈന്യത്തെ സംഭവസ്ഥലത്ത് വിന്യസിച്ചിട്ടുണ്ട്. നിരവധി പള്ളികൾ, കോൺവെന്റുകൾ, മതിലുകൾ, വീടുകൾ എന്നിവ അഗ്നിക്കിരയാക്കപ്പെട്ടതിന്റെ ഫലമായി ഭവനരഹിതരായവരുടെ എണ്ണവും വലുതാണ്. പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കുന്നതുൾപ്പെടെ എവിടെയെങ്കിലും പോകാനുള്ള സാഹചര്യംപോലും ഇവിടെ നിലവിലില്ല. സൈന്യം സ്ഥിതിഗതികൾ നിയന്ത്രിച്ചുവെങ്കിലും സമാധാനമായുള്ള സ്വൈരവിഹാരം ഇവിടെ സാധ്യമല്ല.

ഈ സംഭവം നടക്കുന്നത് മണിപ്പൂരിൽ ആയതുകൊണ്ട് അതെന്നെ ബാധിക്കുന്നില്ലെന്ന് ചിന്തിക്കുന്നവരാണ് നമ്മിൽ അധികവും. എന്നാൽ ഞങ്ങൾക്ക് പറയാനുള്ളത്, നിങ്ങൾ അറിയാതെ നിങ്ങളുടെ പ്രദേശത്തും ഇത്തരമൊരു സാഹചര്യം നേരിടേണ്ടി വരുന്ന കാലം വിദൂരമല്ല. ആരാണ് ഇതിന്റെയെല്ലാം യഥാർത്ഥ ഉത്തരവാദി ? ഞങ്ങളുടെ സമാധാനം തകർക്കാൻ ആരാണ് ഇത്തരം കലാപങ്ങൾ അഴിച്ചുവിട്ടത് ?

അന്നിവിടെ നടന്നത് എന്താണെന്നാണ് ആദ്യം പറയാം.

ഒരുമാസം മുൻപ് മെയ് 3ന് മണിപ്പൂരിലെ മലനിരകളിൽ താമസിക്കുന്ന ഗോത്രവർഗക്കാർ മണിപ്പൂരിലെ മെയ്തെയ് സമുദായത്തിന്റെ പട്ടികവർഗ വിഭാഗത്തിനായുള്ള ആവശ്യങ്ങളെ എതിർത്ത് സമാധാനപരമായ റാലി സംഘടിപ്പിക്കുകയുണ്ടായി. ഈ 3 വിഷയങ്ങളായിരുന്നു പ്രതിഷേധക്കാർ ഉന്നയിച്ചത്.



1. പ്രബലമായ മെയ്തെയ് സമുദായത്തിന് പട്ടികവർഗ പദവി വേണമെന്ന

ആവശ്യവും മണിപ്പൂർ ഹൈക്കോടതിയുടെ ശുപാർശയും

2. മലയോര ആദിവാസികളുടെ വിവരവും സമ്മതവുമില്ലാതെ ആദിവാസി ഭൂമി സംരക്ഷിത വനമായി പ്രഖ്യാപിക്കൽ

3. വർഗീയ ലക്ഷ്യങ്ങൾ നിറവേറ്റാൻ വേണ്ടി ജനങ്ങളെ കരുവാക്കാൻ തിരഞ്ഞെടുക്കപ്പെട്ട നേതാക്കൾ സർക്കാർ സംവിധാനങ്ങൾ ദുരുപയോഗം ചെയ്യുന്നു.

എസ്ടി പദവി വേണമെന്ന മെയ്തെയ് ആവശ്യത്തെ പ്രതിഷേധക്കാർ എതിർക്കുന്നതിന് നിരവധി കാരണങ്ങളുണ്ട്. അവയിൽ ചിലത്:



1.മെയ്തെയ് എന്ന പ്രബല സമുദായത്തിന് എസ്ടി അംഗീകാരം നൽകിയാൽ, നിലവിലെ പട്ടികവർഗത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്ന ആർട്ടിക്കിൾ 371 സിയുടെ ഭരണഘടനാ വ്യവസ്ഥ അസാധുവാകും. മലയോരത്തെ ആദിവാസികളെ മറ്റ് കമ്മ്യൂണിറ്റിയിൽ നിന്ന് സംരക്ഷിക്കാൻ ഉദ്ദേശിച്ചുള്ള 'പട്ടികവർഗ' വിഭാഗത്തിന് അർത്ഥമില്ലാതാക്കും.

2.പ്രബലമായ മെയ്തെയ് സമുദായത്തിൽ നിന്നും ഗോത്രവർഗക്കാരെ സംരക്ഷിക്കുന്നതിനുള്ള എല്ലാ ഭരണഘടനാ വ്യവസ്ഥകളും ഉപയോഗശൂന്യമാകും. ഇതിൽ 1972ലെ ഹിൽ ഏരിയാസ് കമ്മറ്റി ഉത്തരവ്; മണിപ്പൂർ ലാൻഡ് റിഫോം ആൻഡ് ലാൻഡ് റവന്യൂ ആക്ട് 1960, മണിപ്പൂർ ഹിൽ ഏരിയസ് വില്ലേജ് അതോറിറ്റി ആക്ട് 1956, മണിപ്പൂർ ഹിൽ ഏരിയസ് ഡിസ്ട്രിക്ട് കൗൺസിൽസ് ആക്ട് 1971 എന്നിവ ഉൾപ്പെടുന്നു.

## പ്രതിഷേധക്കാർ അവകാശപ്പെടുന്നത്

1.മണിപ്പൂർ ഒരു സംസ്ഥാനമായി രൂപീകരിക്കുന്നതിന് മുമ്പു തന്നെ മലയോര ഗോത്രവർഗ്ഗക്കാർ എല്ലായ്പ്പോഴും കുന്നുകളിൽ അധിവസിച്ചിരുന്നു. ബ്രിട്ടീഷുകാർ മണിപ്പൂരിന്റെ ഭാഗമായി മാത്രം കൂട്ടിച്ചേർത്ത മലനിരകളിലെ തദ്ദേശീയരാണ് അവർ.

2. ഗോത്രവർക്കാരെ പിഴുതെറിയാനുള്ള സംരക്ഷിത വനങ്ങളുടെ പ്രഖ്യാപനം ആദിവാസികളുടെ അറിവോടെയല്ല. സംരക്ഷിത വനങ്ങൾ പ്രഖ്യാപിക്കുന്നതിന്റെ അനന്തരഫലങ്ങൾ ആദ്യം മനസിലാക്കി നൽകേണ്ടത് ആദിവാസികൾക്കാണ്.

3.സംരക്ഷിത വനങ്ങളുടെ പ്രഖ്യാപനത്തിനെതിരെ ആദിവാസി മേധാവികളും മനുഷ്യാവകാശ സംഘടനകളും നിയമ വ്യവഹാരങ്ങൾ നടത്തിവരികയാണ്.

4.ഈ പ്രഖ്യാപനങ്ങൾ സംബന്ധിച്ച് ഹിൽ ഏരിയ കമ്മിറ്റിയുമായി (എച്ച്എസി) കൂടിയാലോചിച്ചിട്ടില്ല. ഇത് മലയോര ആദിവാസി ഭരണഘടനാ സംരക്ഷണത്തിന്റെ ലംഘനമാണ്.

വൈകുന്നേരം 4 മണി വരെ ഈ റാലി സമാധാനപരമായി നടന്നു. അപ്പോഴേക്കും മണിപ്പൂരിലെ പ്രധാന ഗോത്രവർഗങ്ങളിലൊന്നായ കുക്കിചിൻ ഗോത്രത്തിന്റെ സ്മാരക കോട്ട കത്തിക്കാൻ ജില്ലയ്ക്ക് പുറത്തുള്ള മെയ്തെയ് യുവാക്കൾ എത്തിയതായി ഉച്ചകഴിഞ്ഞ് 3:45ന് ഒരു വാർത്ത വന്നു. കോട്ട കത്തിച്ചതിന്റെ ഫലമായി മെയ്തേയിയും ഗോത്രവർഗക്കാരും തമ്മിൽ സംഘർഷമുണ്ടായി. മെയ്തെയികൾ അവരുടെ ജില്ലയിലേക്ക് പോകാൻ നിർബന്ധിതരായതോടെ ഒരു പരിധിവരെ സംഘർഷം തണുത്തു. എന്നാൽ തങ്ങളുടെ ജില്ലയിലേക്ക് പോകവേ ആദിവാസി ഗ്രാമങ്ങളിലൂടെ കടന്നുപോയ മെയ്തെയികൾ ഒരു ആദിവാസി ഭവനം നശിപ്പിച്ചു. അതേ മണിക്കൂറിൽ ഇംഫാൽ ജില്ലയിൽ ആദിവാസി യുവാവിനെ ക്രൂരമായി മർദ്ദിച്ച് കൊലപ്പെടുത്തി, അത് ഗോത്രവർഗ വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ വീഡിയോ സഹിതം പ്രചരിപ്പിക്കപ്പെട്ടതോടെ സ്ഥിതിഗതി

**ഗോത്രവർഗക്കാരും മെയ്തികളും തമ്മിലുള്ള ഏറ്റുമുട്ടൽ ആയിരക്കണക്കിന് നിരപരാധികളുടെ കുടിയിറക്കത്തിനും കാരണമായിരിക്കുന്നു. കേന്ദ്രസേനയുൾപ്പെടെ ഒരു വലിയ സൈന്യത്തെ സംഭവസ്ഥലത്ത് വിന്യസിച്ചിട്ടുണ്ട്. നിരവധി പള്ളികൾ, കോൺവെന്റുകൾ, മതിലുകൾ, വീടുകൾ എന്നിവ അഗ്നിക്കിരയാക്കപ്പെട്ടതിന്റെ ഫലമായി ഭവനരഹിതരായവരുടെ എണ്ണവും വലുതാണ്. പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കുന്നതുൾപ്പെടെ എവിടെയെങ്കിലും പോകാനുള്ള സാഹചര്യം പോലും ഇവിടെ നിലവിലില്ല.**

കൾ അപകടകരമായ അവസ്ഥയിലെത്തി.

ഇതിൽ പ്രകോപിതരായ ചുരാചന്ദ്പൂർ ജില്ലയിലെ ആദിവാസികൾ മെയ്തെയ് പ്രദേശങ്ങളിലെ വീടുകളും മറ്റും കത്തിക്കാൻ തുടങ്ങി. ഇതിൽ പ്രകോപിതരായ ഇംഫാൽ ജില്ലയിലെ മെയ്തെയികൾ ആദിവാസികളുടെ ഭവനങ്ങൾ തീവച്ച് നശിപ്പിച്ചു. ആദിവാസികളിൽ പലരെയും ക്രൂരമായി മർദ്ദിക്കുകയും ചിലരെ ജീവനോടെ ചുട്ടെരിക്കുകയും ചെയ്തു. സംഘർഷം രൂക്ഷമായപ്പോൾ ചുരാചന്ദ്പൂർ ജില്ലയിലെ മെയ്തെയികൾ ഒരു ഇടവകയിൽ അഭയം പ്രാപിച്ചു.. ഗോത്രനേതാക്കളെ ആരെയും അറിയിക്കാതെ അവരെ താമസിപ്പിച്ചെങ്കിലും ഗോത്രവർഗക്കാർ ഇക്കാര്യം അറിയുമോയെന്ന ഭയത്താൽ വൈദികർ പോലീസിന്റെ സഹായം തേടി. പാലുകൊടുത്ത കൈക്ക് തന്നെ കൊത്തുകയെന്ന് പറയുന്നതുപോലെ അന്ന് രാത്രി മെയ്തെയികൾ ബാപ്റ്റിസ്റ്റ് പള്ളികൾക്ക് തീവച്ചു. കമാൻഡോ യൂണിഫോം ധരിച്ച മെയ്തേയ് സംഘങ്ങൾ മെയ്തെയ് യുവാക്കൾക്കൊപ്പം ചുരാചന്ദ്പൂർ ജില്ലയിലേക്ക് വന്ന് ആദിവാസികളെ ചുട്ടെരിക്കുകയും ചുരാചന്ദ്പൂർ, ബിഷ്ണുപൂർ ജില്ലകളുടെ അതിർത്തി ഗ്രാമങ്ങളിലെ വീടുകൾ കത്തിക്കുകയും ചെയ്തു. ഞെട്ടിപ്പിക്കുന്ന കാര്യം എന്താണെന്നാൽ ഇംഫാലിൽ നിന്ന് വന്ന ഈ കമാൻഡോകൾ പ്രശ്നങ്ങൾ പരിഹരിക്കാൻ എത്തിയവരാണെന്നാണ് ആദ്യം കരുതിയിരുന്നത്. എന്നാൽ അവർ ചെയ്തത് മെയ്തെയ് വിമതരെ സംരക്ഷിക്കുന്ന ഗോത്രവർഗക്കാർക്ക് നേരെ വെടിയുതിർക്കുകയാണ്.

പള്ളിയിലേക്ക് പോയ വൈദികരും ആക്രമണത്തിനും പരിഹാസത്തിനും ഇരയായി. സംഘർഷത്തിൽ അഗ്നിക്കിരയാക്കപ്പെട്ട 18 ദേവാലയങ്ങളിൽ നാലെണ്ണം കത്തോലിക്ക ദേവാലയങ്ങളാണ്. തങ്ങൾ കത്തിച്ച മെയ്തെയ് പ്രദേശം സന്ദർശിച്ച ഗോത്രവർഗക്കാർ കണ്ടെത്തിയത് 2 സിന്റക്സ് ടാങ്കിലും കിണറ്റിലുമായി ഒളിപ്പിച്ച ആയുധങ്ങളും അമ്മോണൈറ്റുകളുമായിരുന്നു ആദിവാസികളെ ക്രൂരമായി ഉന്മൂലനം ചെയ്യാനായി തയ്യാറാക്കിയ പദ്ധതി എത്ര ഭീകരമാണെന്ന് നിങ്ങൾക്ക് ഇതിൽനിന്ന് മനസിലാക്കാം. ബി.ജെ.പി സർക്കാരിൽ ഈ ജനതയ്ക്ക് ഇപ്പോൾ വിശ്വാസമില്ല. മെയ്തെയ് സമുദായത്തിന് ഹിന്ദു ദേശീയത സൃഷ്ടിക്കാനും അതുവഴി രാഷ്ട്രീയ നേട്ടമുണ്ടാക്കുവാനും സംഘപരിവാർ ശ്രമിക്കുന്നതായി ഈ സംഭവങ്ങളിൽനിന്ന് വ്യക്തമാണ്.

വൻ ആയുധശേഖരം കണ്ടെത്തുകവഴി ഭയന്നുപോയ ഗോത്രവർഗ്ഗക്കാർ പ്രാർത്ഥനയിലാണ് അഭയം തേടിയത്. മെയ്തെയികളുടെ ദുഷിച്ച പദ്ധതികൾ നശിപ്പിച്ചത് ദൈവമാണെന്ന് ഇവർ വിശ്വസിക്കുന്നു. മുമ്പൊരിക്കലും സാധ്യമാകാത്തവിധം മണിപ്പൂരിലെ എല്ലാ ഗോത്രവർഗ്ഗക്കാരെയും ഒരുമിച്ചുകൂട്ടാൻ ഒരു പരിധിവരെ ഈ സംഭവം സഹായിച്ചു എന്ന് ഞങ്ങളും വിശ്വസിക്കുന്നു. ഇത് ആദിവാസികളുടെ ഐക്യം ശക്തിപ്പെടുത്തി. ഈ ഒരു ആസൂത്രിത സംഭവത്തിലൂടെ ജനങ്ങൾക്കിടയിൽ കലാപമുണ്ടാക്കി അതിലൂടെ ഒരു ഹിന്ദു രാഷ്ട്രം സൃഷ്ടിക്കുക എന്നതാണ് ബിജെപി സർക്കാരിന്റെ ലക്ഷ്യമെന്ന് മണിപ്പൂർ ഗോത്രവിഭാഗം ഇതിനോടകം മനസിലാക്കി. മണിപ്പൂർ ജനത ഇപ്പോഴും ദൈവത്തിൽ വിശ്വസിക്കുകയും മുമ്പത്തെപ്പോലെ സമാധാനപരമായ ഒരു സാഹചര്യത്തിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഈ ലേഖനം ഞങ്ങളുടെ ആശങ്കയുടെ പകർപ്പാണ്. ഞങ്ങൾ കണ്ടതും കേട്ടതും നിങ്ങളും അറിയണം. ■



കവിത



# യാത്ര

വടക്ക് നിന്ന് തെക്കോട്ടാണ് യാത്ര.
തെക്കോട്ടെടുക്കാൻ
നേരമായവർക്കാണ് തിടുക്കം.
എല്ലാ വിഴുപ്പും എറ്റു വാങ്ങാൻ
എന്റെ ശംഖും അതിന്റെ മുഖം തീർത്ത
തീരവും മാത്രം ബാക്കി.
ഒരിക്കലും ചിരിക്കാത്തവർ വരെ
ചിരിക്കുന്ന കാലം.
ചിരിയോ അതോ ഇളിയോ ?
ചില യാത്രകൾ തുടരുകയാണ്.
ശബരിമല
വേളാങ്കണ്ണി
പളനി
പോക്കറ്റിന്റെ
കനമനുസരിച്ചു
വേണമെങ്കിൽ മക്കയോ മദീനയോ
ബത്‌ലഹേമോ ഹൃഷികേശോ .....

അല്ലെങ്കിൽ ബീമാപള്ളി.
അതല്ലേ യാത്ര,
പുണ്യമെങ്കിലും കിട്ടും .
*          *          *
ഇനി ചിരിക്കുന്നവന്റെ കാലമല്ല,
കുറച്ചുകാലം കരഞ്ഞവന്റെ കാലം.
പിതൃഗാത്രത്തിലേക്ക്
യാത്ര നടത്തിയാലും
ഒരു ളുളുപ്പുമില്ലാതെ
ഇളിച്ചാലും
മറക്കരുത്,
കരഞ്ഞ ഞങ്ങൾക്കു
ചിരിക്കണം,

ഇനിയെങ്കിലും
ഞങ്ങൾക്കൊന്നുറക്കെ
ചിരിക്കണം



ബെർണാഡ്
മൊറൈസ്

ലേഖനം



# ലാളിത്യത്തിൽ ജീവിതം ആഘോഷിക്കുന്നവർ



**ഫാ. ആന്റണി അലക്കിയാസ് എം.എ.എഫ്.ആർ**
തൂത്തൂർ സ്വദേശി,
സോള സ്റ്റഡി ഹൗസ് റെക്ടർ

ഇത് കേവലമൊരു മിഷനറി അനുഭവം മാത്രമല്ല. ജീവിതത്തിലെ വലിയ സന്തോഷങ്ങളൊക്കെയും ഉണ്ടാവുക ചെറിയ കാര്യങ്ങളിൽ നിന്നാണ് എന്നുള്ള സത്യം എന്നെ പഠിപ്പിച്ച ഒരുകൂട്ടം മനുഷ്യരോടുള്ള സ്മരണപുതുക്കൽ കൂടിയാണ്. 'അമിത വേഗം പ്രവൃത്തിയെ മലിനമാക്കും' എന്നതിന് തുല്യമായ വാക്യങ്ങളിൽ ഒന്നായ 'Haraka haraka haina baraka' എന്ന വാചകം എന്റെ മിഷനറി ജീവിതത്തെ ഏറെ സ്വാധിനിച്ച ഒന്നാണ്. 2017ൽ മുതൽ ആഫ്രിക്കയിൽ മിഷനറി വിദ്യാർത്ഥിയായി എത്തിയ ഞാൻ അവിടെ പുരോഹിതനായി പഠിക്കുകയും ജോലി ചെയ്യുകയും ചെയ്

തു. കിഴക്കൻ ആഫ്രിക്കയിലെ ടാൻസാനിയയിലെ മിഷനറി പുരോഹിതനെന്ന നിലയിൽ എന്റെ ചില അനുഭവങ്ങൾ ഇവിടെ നിങ്ങളോടൊപ്പം പങ്കുവയ്ക്കുകയാണ്.

ഗോത്രവർഗക്കാരുടെ അക്രമങ്ങളൊന്നുമില്ലാത്തതും ബ്രിട്ടീഷുകാരിൽ നിന്ന് രക്തച്ചൊരിച്ചിലില്ലാതെ സ്വാതന്ത്ര്യം നേടിയതുമായ ടാൻസാനിയൻ ജനത അവരുടെ ക്ഷമയ്ക്ക് പേരുകേട്ടവരാണ്. മലാവിയുടെയും സാംബിയയുടെയും അതിർത്തിയിലുള്ള ടാൻസാനിയയുടെ തെക്കൻ ഭാഗത്തുള്ള എംബെയ അതിരൂപതയിലെ ഒരു അർദ്ധ ഗ്രാമീണ ഇടവകയിലാണ് ഞാൻ എന്റെ മിഷനറി വൈദിക ജീവിതം ആരംഭിച്ചത്. ഈ സ്ഥലത്തെ പ്രധാന ഗോത്രങ്ങൾ വസാഫിയയും വന്യക്യുസയുമാണ്. മറ്റ് ഗോത്രങ്ങൾ വിദ്യാഭ്യാസത്തിനും വ്യവസായത്തിനും വേണ്ടിയാണ് ഇവിടേക്ക് കുടിയേറിയത്.

ഇടവക ശുശ്രൂഷയിൽ ഞാൻ ഏറ്റവും ആസ്വദിച്ച ഒരു കാര്യം എന്നോട് ജനങ്ങൾക്കുള്ള ബഹുമാനമാണ്. ഗോത്രത്തിന്റെ പ്രാദേശിക തലവനു തുല്യമായ ബഹുമാനമാണ് അവരെനിക്കും നൽകുന്നത്. ഇവിടെ ആളുകൾ സംസാരിക്കുന്ന ഭാഷ കിസ്വാഹിലി ആണ്. എനിക്കത് വലിയ വശമില്ല. ഭാഷയിലെ എന്റെ തെറ്റുകൾ ചൂണ്ടി അവർ ഒരിക്കലും എന്നെ കളിയാക്കിയിട്ടില്ല. മൂന്ന് മാസത്തെ എന്റെ പ്രബോധനം അവർ വായിക്കുകയുണ്ടായി. ഭാഷ പഠിക്കാൻ ഒരുപാധി എന്നവണ്ണം എപ്പോഴും അവരോട് സംസാരിക്കാൻ ആവശ്യപ്പെട്ടു. അവരുടെ ക്ഷമ എനിക്ക് ഒരുപാട് ധൈര്യം നൽകി. ഈ ചെറിയ ജനതയുടെ സ്വീകാര്യ മനോഭാവം എല്ലായ്പ്പോഴും എനിക്ക് സ്വന്തം വീട്ടിലാണെന്ന തോന്നലുണ്ടാക്കുന്നു. ഒരു ക്രിസ്ത്യാനിയെ എപ്പോൾ കണ്ടുമുട്ടിയാലും അവരുടെ ആദ്യ ആശംസ 'തുംസിഫു യേശുക്രിസ്തു മിലേലെ നാമിലേ.', 'ഞങ്ങൾ യേശുക്രിസ്തുവിനെ സ്തുതിക്കുന്നു. എന്നേക്കും എന്നേക്കും.' എന്നാണ്. മാർക്കറ്റിൽ അവർ പരസ്പരം കണ്ടുമുട്ടുമ്പോൾ പോലും ആദ്യം ഈ അഭിവാദനത്തിലൂടെ അവരുടെ വിശ്വാസം പ്രഖ്യാപിക്കാനും മടിക്കുന്നില്ല.

പ്രാദേശിക പാരമ്പര്യങ്ങളുടെയും സ്തുതിഗീതങ്ങളുടെയും അകമ്പടിയുള്ള ഇവരുടെ ആരാധനക്രമവും നൃത്തങ്ങളും ഒത്തിണങ്ങിയ ആഘോഷആചാരങ്ങളാണ് എടുത്തുപറയേണ്ട മറ്റൊരു കാര്യം. അവരുടെ പ്രാദേശിക സംഗീതം എപ്പോഴും പ്രാർത്ഥന തുടരാനുള്ള ഒരു കാരണവുമാണ്. അവരോടൊപ്പം നൃത്തം ചെയ്യാൻ എനിക്കും അവസരമുണ്ടായിട്ടുണ്ട്. കുടുംബങ്ങളിൽ ഒരുമിച്ച് ഭക്ഷണം കഴിക്കുന്നതും മറക്കാനാവാത്ത അനുഭവമാണ്. ഞായറാഴ്ചകളിൽ ഞാൻ ദിവ്യബലി അർപ്പിക്കാൻ പോയ ഔട്ട്സ്റ്റേഷനുകളിൽ അവരെനിക്ക് ഭക്ഷണം മുടക്കിയിരുന്നില്ല. അവർക്ക് കഴിക്കാൻ ഭക്ഷണമില്ലെങ്കിലും, കുർബാനയ്ക്ക് ശേഷം എനിക്ക് ഭക്ഷണം ഒരുക്കിയിരുന്നു. തങ്ങളുടെ ദാരിദ്ര്യത്തിലും ഇടവകയുടെ വളർച്ചയ്ക്കായുള്ള സംഭാവനകൾ നൽകാൻ അവർ മറക്കാറില്ല. കാർ യാത്ര സാധ്യമല്ലാത്ത ചില ഔട്ട്സ്റ്റേഷനുകളിലെത്താൻ ഒരു മണിക്കൂറിലധികം എനിക്ക് നടക്കേണ്ടി വരാറുണ്ട്. അത്തരത്തിൽ എന്റെ കാൽമുട്ടുകൾ വളരെയധികം വേദനിക്കാറുമുണ്ട്. പക്ഷേ ഞാൻ എത്തിക്കഴിയുമ്പോൾ കേൾക്കുന്ന ചെറിയ കുട്ടികളുടെ 'ടോണി അച്ചാ' എന്നുള്ള വിളി എന്റെ എല്ലാ വേദനകൾക്കുമുള്ള മരുന്നായിരുന്നു. അവരെ കാണുമ്പോൾ ഞാൻ അത്രമേൽ സന്തുഷ്ടനായിരുന്നു.

ജീവിതം എങ്ങനെ ആഘോഷിക്കണമെന്ന് അവർക്കറിയാം. വിഷമങ്ങളും ബുദ്ധിമുട്ടുകളും, ദാരിദ്ര്യവും മരണവും അവർക്ക് ജീവിതം ആഘോ

**ഗോത്രവർഗക്കാരുടെ അക്രമങ്ങളൊന്നുമില്ലാത്തതും ബ്രിട്ടീഷുകാരിൽ നിന്ന് രക്തച്ചൊരിച്ചിലില്ലാതെ സ്വാതന്ത്ര്യം നേടിയതുമായ ടാൻസാനിയൻ ജനത അവരുടെ ക്ഷമയ്ക്ക് പേരുകേട്ടവരാണ്. മലാവിയുടെയും സാംബിയയുടെയും അതിർത്തിയിലുള്ള ടാൻസാനിയയുടെ തെക്കൻ ഭാഗത്തുള്ള എംബെയ അതിരൂപതയിലെ ഒരു അർദ്ധ ഗ്രാമീണ ഇടവകയിലാണ് ഞാൻ എന്റെ മിഷനറി വൈദിക ജീവിതം ആരംഭിച്ചത്.**






**'ജീവിതം ഒരിക്കൽ മാത്രം. പണം വരും, പോകും, അത് കേവലം ഭൗതികമാണ്, പക്ഷേ നമുക്ക് ചുറ്റുമുള്ളവരുടെ ജീവിതം വളരെ പ്രധാനമാണ്, അവർ ഇല്ലാതാകുമ്പോൾ അവരെക്കുറിച്ച് കരയുന്നതിനേക്കാൾ നല്ലത് ഇപ്പോൾ അവരുടെയൊപ്പം ആഘോഷിക്കുന്നതാണ്.**

ഷിക്കാൻ ഒരു തടസ്സമാകുന്നില്ല. ഒരിക്കൽ ഞാൻ ഒരു മുതിർന്ന വ്യക്തിയോട് ചോദിച്ചു 'കുടുംബങ്ങളിൽ കാര്യമായി ഒന്നുമില്ല, കുട്ടികൾക്ക് സ്കൂളിൽ പോകാൻ പണമില്ലാതിരിക്കുമ്പോൾ എന്തിനാണ് ലളിതമായ ആഘോഷങ്ങൾക്കായി ഇത്രയധികം പണം ചെലവഴിക്കുന്നത്?' വൃദ്ധന്റെ ഉത്തരം 'ജീവിതം ഒരിക്കൽ മാത്രം. പണം വരും, പോകും, അത് കേവലം ഭൗതികമാണ്, പക്ഷേ നമുക്ക് ചുറ്റുമുള്ളവരുടെ ജീവിതം വളരെ പ്രധാനമാണ്, അവർ ഇല്ലാതാകുമ്പോൾ അവരെക്കുറിച്ച് കരയുന്നതിനേക്കാൾ നല്ലത് ഇപ്പോൾ അവരുടെയൊപ്പം ആഘോഷിക്കുന്നതാണ്. ലളിതമായ ആഘോഷങ്ങളിൽ പണം പാഴാക്കുന്നതല്ലാതെ അത് ലാഭിക്കാൻ അവർക്കറിയില്ലെന്ന് ആദ്യകാലങ്ങളിൽ ഞാൻ ചിന്തിച്ചിരുന്നു, എന്നാൽ എന്റെ ആ ചിന്തയും അവരോടുള്ള എന്റെ മനോഭാവവും മാറാൻ ആ വൃദ്ധന്റെ ഉത്തരം സഹായകമായി. 'ഞാൻ ഞാനായത് നിങ്ങൾ അല്ലെങ്കിൽ മറ്റുള്ളവർ കാരണമാണ്' എന്ന 'ഉബണ്ടു തത്ത്വചിന്ത'യുടെ മൂല്യം മനസിലായതുവഴി ഞാൻ അവരുടെ ചെറിയ ആഘോഷങ്ങൾ ആസ്വദിക്കാൻ തുടങ്ങി, എന്റെ ചെറിയ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ പറയുന്നു, ഒരു ആഫ്രിക്കൻ മിഷനറി ആയതിൽ ഞാൻ ഖേദിക്കുന്നില്ല ■

**ഇടവക ശുശ്രൂഷയിൽ ഞാൻ ഏറ്റവും ആസ്വദിച്ച ഒരു കാര്യം എന്നോട് ജനങ്ങൾക്കുള്ള ബഹുമാനമാണ്. ഗോത്രത്തിന്റെ പ്രാദേശിക തലവനുതുല്യമായ ബഹുമാനമാണ് അവരെനിക്കും നൽകുന്നത്. ഇവിടെ ആളുകൾ സംസാരിക്കുന്ന ഭാഷ കിസ്വാഹിലി ആണ്. എനിക്കത് വലിയ വശമില്ല. ഭാഷയിലെ എന്റെ തെറ്റുകൾ ചൂണ്ടി അവർ ഒരിക്കലും എന്നെ കളിയാക്കിയിട്ടില്ല.**



കഥ

# ചെല്ലപ്പിള്ള

കമ്പവലയിൽ നൊത്തോലി ചാകര.

ചെറിയ കണ്ണിയിൽനിന്ന് ഇഴഞ്ഞ് നീങ്ങുന്ന മത്സ്യത്തെ കടൽക്കാക്കകൾ കൊത്തി വലിക്കുന്നു.

തിരമാല ഉൾവലിയുമ്പോൾ കുതിർന്ന മണ്ണിൽ ആഴ്ന്നിറങ്ങുന്ന 'കൊഠ്രാളുകളെ വെള്ളകൊക്കുകൾ അന്നമാക്കുന്നു. കമ്പവള്ളത്തിന്റെ മുകളിൽ കയറി തലയിൽ കെട്ടിയ തോർത്ത് കൊടിപോലെ ഉയർത്തിക്കാട്ടി തുറയരയൻ മീൻ കച്ചവടക്കാരെ വിളിക്കുന്നു.

ഓട്ടോറിക്ഷകൾ ചീറിപ്പായുന്നു. മത്സ്യക്കച്ചവടക്കാരുടെ മീൻകുട്ടയുംകൊണ്ടുള്ള കൂട്ടയോട്ടവും കാണാം. കമ്പവലയ്ക്ക് മീൻ കൂടുതൽ ഉണ്ടെങ്കിലും ഇല്ലെങ്കിലും കമ്പവലക്കാർക്ക് പരാതികൾക്ക് പഞ്ഞമില്ല.

അനുവിന്റെ ചായക്കടയിൽ പോത്തിമാരുടെ സന്തോഷംകണ്ട് ഡാനിയേലിന് ആകാംക്ഷ. എന്താ അപ്പാപ്പാ, 'ഇന്ന് എല്ലാവരും വലിയ സന്തോഷത്തിലാണല്ലോ?'

കുശലം രസിച്ച മട്ടിൽ ചില തലയനക്കം. 'ഞങ്ങൾക്ക് മീൻ പിടിക്കാൻ പറ്റിയ വല ഏതാ അപ്പാപ്പാ?'

"കമ്പവല" ഡാനിയേലിന്റെ ചോദ്യം അവസാനിക്കും മുമ്പെ ഉത്തരമെത്തി.

'കമ്പവലയ്ക്കിപ്പം നല്ല കോള്.' കൂട്ടത്തിലെ കാരണവർ പറഞ്ഞു.

പൈപ്പിൻമൂട്ടിൽ മാർട്ടിൻ കമ്പവലക്കാർക്ക് വെള്ളം നിറച്ച് കൊടുക്കുന്നു. 'മാർട്ടീ നീ വരണാ, എന്റെ മാമന്റെ കമ്പവല വലിച്ചാൽ കഞ്ഞി കുടിക്കാനുള്ളത് കിട്ടും.' തലകുലുക്കി മാർട്ടിൻ സമ്മതം മൂളി.

കമ്പ വലിക്കാൻ ചെന്ന മാർട്ടിനും ഡാനിയേലും കണ്ടത് മറ്റൊന്നായിരുന്നു. ഒരു കമ്പവല നിറച്ച് മീന്. മീനുകളിൽ കുറേ വല പൊട്ടിച്ച് പുറത്തുചാടി.

ഈ പകുതിചത്ത മീനിനെ കോരിയെടുക്കാൻ ചാളത്തടിപ്പണിക്കാർ തുഴഞ്ഞുപോകുന്നു. ചെറിയ ചാളത്തടി തുഴഞ്ഞ് ഡാനിയേലും മാർട്ടിനും ഓളപ്പരപ്പുകൾ താണ്ടവേ, ഒരു വലിയ വേളാപ്പാര അവരുടെ മുന്നിൽ.

മീനിനെ പിടിച്ചിട്ട അവർക്ക് മുന്നിൽ മറ്റൊരു ഭീകര സത്വം വാപിളർന്നു നിൽക്കുന്നു.

പൊടുന്നനെ വെള്ളം ചീറ്റിക്കൊണ്ട് അത് അവരുടെ ചാളത്തടിക്കടുത്തെത്തി. ചാളത്തടിയെ കറക്കിക്കളിച്ചുകൊണ്ടിരുന്ന അത് തൊട്ടടുത്തുകണ്ട ചാളത്തടിയിലേക്കും ആക്രമണം അഴിച്ചുവിട്ടു.

അപ്പുറത്തെ ചാളത്തടിയേയും ആ മത്സ്യം ആക്രമിക്കാനൊരുങ്ങി. വലപ്പണിക്കാരനായ അമ്മാച്ചൻ മത്സ്യത്തിന്റെ നെറ്റിയിൽ കുരിശു വരച്ച്, 'ചെല്ലപ്പിള്ള' എന്നുപറഞ്ഞതും ശാന്തനായ മത്സ്യം അവരെ ഉപദ്രവിക്കാതെ മടങ്ങിപ്പോയി.

നടുക്കത്തിലായ ഡാനിയേൽ അപ്പാപ്പനോട് ചോദിച്ചു;

'ഏത് മീനാണപ്പാപ്പാ ഇത്?'

'കടലിലെ കടലാന' ആ ഉത്തരത്തിൽ എല്ലാമുണ്ടായിരുന്നു.

നടുക്കവും ഒടുക്കവും നെഞ്ചനക്കവുമെല്ലാം...



വിർജിൻ എസ്.



ലേഖനം




# ആദിവാസി നിസ്സഹായതയുടെ പ്രതീകമായ മധു

# ആദിവാസി പ്രതിഷേധത്തിന്റെ പ്രതീകമായ സരസു




**ഫാ. ബെന്നി** എസ്.ജെ.


ഒരു ആരാധനാലയം സന്ദർശിക്കുന്നതിന്റെ ഭാഗമായി മോഷണക്കുറ്റം ആരോപിച്ച് ആൾക്കൂട്ട ആക്രമണത്തിൽ കൊല്ലപ്പെട്ട ഒരു ആദിവാസി യുവാവിന്റെ വീട് അടുത്തിടെ ഞാൻ സന്ദർശിച്ചു. പാലക്കാട് അട്ടപ്പാടിയിലെ ചിണ്ടക്കി ഗ്രാമത്തിലെ ആദിവാസിയായ മധുവിനെ 2018 ഫെബ്രുവരി 22 ന് പലചരക്ക് കടയിൽ നിന്ന് ഭക്ഷണസാധനങ്ങൾ മോഷ്ടിച്ചുവെന്ന് ആരോപിച്ച് ഒരു സംഘം നാട്ടുകാർ പിടികൂടി കെട്ടിയിട്ട് മർദ്ദിച്ചശേഷം ആൾക്കൂട്ട ആക്രമണ ത്തിന് ഇരയാക്കി. പിന്നീട് പോലീസിന് കൈമാറി. മണ്ണാർക്കാട് എസ്സി-എസ്ടി (അതിക്രമങ്ങൾ തടയൽ) നിയമത്തിനായുള്ള പ്രത്യേക കോടതി ഏപ്രിൽ 04 ന് മധുവിനെ കൊലപ്പെടുത്തിയ കേസിൽ 16 പ്രതികളിൽ 14 പേർ കുറ്റക്കാരാണെന്ന് കണ്ടെത്തി. അവനെ കൊലപ്പെടുത്തിയ കുറ്റവാളികൾ ഇപ്പോൾ പരമാവധി ഏഴ് വർഷം വരെ കഠിനതടവിന് ശിക്ഷിക്കപ്പെട്ടിരിക്കുന്നു. കഴിഞ്ഞ ഒരു വർഷത്തിനിടെ നിരവധി തടസ്സങ്ങൾ നേരിടുകയും നാടകീയരം

ഗങ്ങൾക്ക് സാക്ഷ്യം വഹിക്കുകയും ചെയ്ത കേസിൽ, കോടതി വിസ്തരിച്ച 103 സാക്ഷികളിൽ 24 പേരും കൂറുമാറി. സാക്ഷിവൈരാഗ്യം കേസിൽ കൂടുതൽ ശ്രദ്ധയാകർഷിക്കുകയും ശത്രുതയുള്ള ചില സാക്ഷികളെ വീണ്ടും വിസ്തരിക്കുകയും ചെയ്തു. അവരിൽ ഒരാളെ കാഴ്ച പരിശോധനയ്ക്ക് പോലും വിധേയമാക്കി. വിരോധികളായ ചില സാക്ഷികളെ വനംവകുപ്പ് സർവ്വീസിൽ നിന്ന് പിരിച്ചുവിട്ടു.

2018 ഫെബ്രുവരി 22 ന് മധു മരിച്ചെങ്കിലും കേസിന്റെ അന്തിമഘട്ടത്തിലെത്താൻ അഞ്ച് വർഷത്തിലേറെയും നാല് സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ മാരും വേണ്ടിവന്നു. പണമടയ്ക്കാനുള്ള കാരണങ്ങൾ പറഞ്ഞ് ആദ്യത്തെ പബ്ലിക് പ്രോസിക്യൂട്ടർ ജോലി ഏറ്റെടുക്കാതിരുന്നപ്പോൾ രണ്ടാമത്തെ പ്രോസിക്യൂട്ടർ ആരോഗ്യപരമായ കാരണങ്ങളാൽ ഹാജരാകാൻ വിസമ്മതിച്ചു. മാറ്റണമെന്ന് മധുവിന്റെ കുടുംബക്കാർ ആവശ്യപ്പെട്ടതോടെ മൂന്നാമത്തെ പ്രോസിക്യൂട്ടർ രാജിവച്ചു. സാക്ഷികളുടെ തുടർച്ചയായ ശത്രുതയെക്കുറിച്ചുള്ള ഭയത്തിനിടയിൽ രാജേഷ് എം. മേനോൻ കേസ് അന്തിമഘട്ടത്തിലേക്ക് നയിച്ചു. എന്നാൽ, പീഡനത്തിനിരയായ മധുവിന്റെ സഹോദരി സരസു ശിക്ഷയിൽ തൃപ്തയായില്ല. വിഷയം മാധ്യമങ്ങളിൽ വാർത്തയായപ്പോൾ അവൾ തന്റെ അതൃപ്തി പ്രകടിപ്പിക്കാൻ ധൈര്യപ്പെട്ടു. മാധ്യമ അഭിമുഖങ്ങളിൽ സരസുവിന്റെ അവകാശങ്ങളെ അടിസ്ഥാനമാക്കിയുള്ള പദപ്രയോഗങ്ങൾ എന്നെ ആകർഷിച്ചു. ഗോത്ര വർഗ്ഗക്കാർ ഭീരുക്കളും സംസാരശേഷിയില്ലാത്തവരുമായി കാണപ്പെടുന്നുവെങ്കിലും അവളെ ഇത്ര ധൈര്യവും ശരിയായ അവബോധവുമുള്ളവളുമാക്കിയത് എന്താണെന്ന് അന്വേഷിക്കാനും അവളെ സന്ദർശിക്കാനും ഞാൻ ആഗ്രഹിച്ചു. അവളുടെ പരീക്ഷണങ്ങളെ അതിജീവിക്കാനും നീതിക്കുവേണ്ടി പോരാടാനും അവളെ പ്രേരിപ്പിച്ച ഏതെങ്കിലും തരത്തിലുള്ള മതപ്രചോദനം ഉണ്ടാകുമോ?

ചിണ്ടിക്കി എന്നാണ് മധു താമസിച്ചിരുന്ന മലയോര വനപ്രദേശം അറിയപ്പെടുന്നത്. ഇത് ഒരു സംരക്ഷിത വനത്തിന്റെ ഭാഗമാണ്. കുറുമ്പർ എന്ന് വിളിക്കപ്പെടുന്ന ഈ ആദിവാസികളുടെ അതിഥികളായി മാത്രമേ പുറത്തു നിന്നുള്ളവർക്ക് പ്രവേശിക്കാൻ കഴിയൂ. സത്യത്തിൽ മധുവിന്റെ അമ്മ കുറുമ്പ സ്ത്രീയും അച്ഛൻ മുടുഗ ആദിവാസിയുമാണ്. മധുവിന്റെ ആത്മാവിന് ശാന്തി ലഭിക്കുന്നതിനായി നടത്തിയ പ്രത്യേക ചടങ്ങുകളിൽ സരസു പങ്കുവെച്ചതിൽ നിന്ന്, അവരുടെ പുണ്യസ്ഥലത്ത് കെട്ടിടങ്ങളില്ലെന്ന് ഞാൻ മനസ്സിലാക്കി.

കാളി എന്ന് വിളിക്കപ്പെടുന്ന അവരുടെ കുലദേവതയോട് അവർ പ്രാർത്ഥിക്കുന്നുണ്ടെങ്കിലും അവരുടെ മതം, അചരവസ്തുക്കളിൽ ആത്മചൈതന്യം ഉണ്ടെന്നു വി



**പീഡനത്തിനിരയായ മധുവിന്റെ സഹോദരി സരസു ശിക്ഷയിൽ തൃപ്തയായില്ല. വിഷയം മാധ്യമങ്ങളിൽ വാർത്തയായപ്പോൾ അവൾ തന്റെ അതൃപ്തി പ്രകടിപ്പിക്കാൻ ധൈര്യപ്പെട്ടു. മാധ്യമ അഭിമുഖങ്ങളിൽ സരസുവിന്റെ അവകാശങ്ങളെ അടിസ്ഥാനമാക്കിയുള്ള പദപ്രയോഗങ്ങൾ എന്നെ ആകർഷിച്ചു.**

ശ്വസിക്കുന്ന ഒരുതരം ആനിമിസ്റ്റമാണെന്ന് തോന്നി. സ്ഥലത്തെ ത്തിയപ്പോൾ കുറച്ചു വീടുകൾ മാത്രമേ കാണാൻ കഴിഞ്ഞുള്ളൂ. വലിയ കെട്ടിടങ്ങളോ ഹാളുകളോ ഇല്ലായിരുന്നു. പ്രശാന്തമായ ചുറ്റുപാടുകളുള്ള പ്രകൃതി മുഴുവൻ തന്നെ അവരുടെ ആരാധാനലയത്തിന്റെ വാസ്തുവിദ്യ യാണെന്ന് തോന്നി. ഞാൻ ഇന്റർവ്യൂ നടത്തിയ സ്ഥലത്തുനിന്നും, വാർഷിക ശവസംസ്കാരചടങ്ങുകൾ പലപ്പോഴും നടക്കുന്ന സമീപത്തുള്ള ഒരു സ്ഥലത്തേക്ക് അവർ ചൂണ്ടിക്കാണിച്ചു. അവരുടെ ശവസംസ്കാര സ്ഥലത്ത് പ്രമുഖമായി ചിഹ്നങ്ങളൊന്നും സ്ഥാപിച്ചിരുന്നില്ല; മറിച്ച് ഒരു നിശ്ചിത ദിവസം കോഴികളെ ബലിയർപ്പിക്കുന്ന ചില ചടങ്ങുകൾ നടത്തുന്ന ഒരു കല്ല് മാത്രം. മധുവിന്, അവരുടെ ആദിവാസി മതനേതാവ് വിഷുവിന് ശേഷമുള്ള ആദ്യത്തെ വെള്ളിയാഴ്ചയാണ് നിർദ്ദേശിച്ചിരുന്നത്. ഞങ്ങളുടെ അഭിമുഖത്തിന് ശേഷം വരുന്ന വെള്ളിയാഴ്ച (21.04.2023) കോഴിയുടെ ബലി നടക്കേണ്ട കല്ലിലേക്ക് സരസു വിരൽ ചൂണ്ടി. അട്ടപ്പാടിയിലെ കുറുമ്പർക്കിടയിൽ ശവസംസ്കാരവു മായി ബന്ധപ്പെട്ട് നികൽ നിറകൂത്ത് എന്നറിയപ്പെടുന്ന രസകരവും നിഗൂഢവു മായ ഒരു ആചാരമുണ്ട്.

സരസുവിന്റെ ഈ ശവസംസ്കാര ചടങ്ങിന്റെ ആഖ്യാനം മഞ്ജുള പൊയിൽ (2021) തന്റെ പൂർവ്വികരുടെ വഴി: കേരളത്തിലെ അട്ടപ്പാടിയിലെ കുറുമ്പരുടെ മോർച്ചറി സമ്പ്രദായങ്ങൾ എന്ന ലേഖനത്തിൽ വിവരിച്ചതിന് സമാനമാണ്. ശ്മശാനത്തിൽ നിന്ന് മടങ്ങിയെത്തിയ ശേഷം, മരണപ്പെട്ടയാളുടെ മകനോ അടുത്ത ബന്ധുവോ തരുവപ്പുല്ല് (ഡെമോസ്റ്റാച്ച ബിപിന്നത) എന്ന് വിളിക്കപ്പെ ടുന്ന ഉണങ്ങിയതും പച്ചയുമായ ഉയരത്തിൽ വളരുന്ന പുല്ലിന്റെ കുറച്ച് കഷണ ങ്ങൾ ശേഖരിക്കണം. മരിച്ചയാളുമായി ബന്ധപ്പെട്ട സ്ത്രീകൾ കുളിച്ച് ഒരു ലിറ്റർ പാത്രത്തിൽ (അളക്കുന്ന പാത്രത്തിൽ) വെള്ളം കൊണ്ടുവന്ന് മരിച്ചയാളുടെ മൃതദേഹം നേരത്തെ സൂക്ഷിച്ച സ്ഥലത്ത് വയ്ക്കണം. തുടർന്ന് ഗോത്ര പുരോഹിതൻ ചടങ്ങിനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നു. ആചാരവേളയിൽ, മരിച്ചയാളുടെ അടുത്ത ബന്ധുക്കളെല്ലാം സ്ഥലത്ത് തങ്ങുന്നു. കാരണം അവർ ആവശ്യമുള്ളപ്പോൾ മരിച്ചവരുടെ പേരുകൾ നൽകേണ്ടതുണ്ട്. ഈ സാഹചര്യ ത്തിൽ, പച്ചപ്പുല്ല് കഷണം മധുവിന്റെ ആത്മാവിന് വേണ്ടി നില കൊള്ളുന്നു. അതേസമയം ഉണങ്ങിയവ, പൂർവ്വികരുടെ ആത്മാക്കൾക്കായി. ആദ്യം, മധുവിന്റെ ആത്മാവിനെ പ്രതിനിധീകരിക്കുന്ന പച്ച പുല്ല് ലിറ്റർ പാത്രത്തിലെ വെള്ളത്തിലേക്ക് ഇറക്കി, തുടർന്ന് മരിച്ചവരുടെ പൂർവ്വികരുടെ പേരുകൾ ഓരോന്നായി വിളിച്ച് ഉണങ്ങിയ കഷണങ്ങൾ ഇടുന്നു. മധുവിനെ പ്രതിനിധീകരിക്കുന്ന പുൽക്കഷണം ഉടൻതന്നെ ഉണങ്ങിയ ഒന്നിനൊപ്പം ചേർന്നാൽ, അത് വെള്ളത്തിൽ ഇപ്പോൾ വിളിച്ച പേരിനാൽ പ്രതിനിധീകരിക്ക പ്പെട്ട ആ പ്രത്യേക പൂർവ്വിക ആത്മാവ് അവനെ സ്വീകരിച്ചുവെന്നായിരുന്നു സൂചന. മധുവിന്റെ കാര്യത്തിൽ, അവന്റെ പ്രിയപ്പെട്ട പൂർവ്വികൻ അവന്റെ പിതൃസഹോദരനായിരുന്നു. ഈ അന്തിമ ശവസംസ്കാരചടങ്ങ് അന്നും അവിടെ, അപ്പോൾ സംഭവിച്ചതുപോലെ, വളരെ ആവേശത്തോടെയാണ് സരസു വിവരിച്ചത്. ഈ ചടങ്ങ് എനിക്ക് വളരെ ആശ്വാസകരമായ ഒന്നായി തോന്നി; കൂടാതെ മരിച്ചവരും ജീവി ച്ചിരിക്കുന്നവരും തമ്മിലുള്ള ബന്ധത്തെ സൂചിപ്പി ക്കുന്ന പാരിസ്ഥിതികമായി വളരെ പ്രധാനപ്പെട്ട ഒരു ചടങ്ങായി തോന്നുന്നു. വരണ്ടതും പച്ചയുമായ തരുവപ്പുല്ലുചെടി പ്രതിനിധീകരിക്കുന്നത് പ്രകൃതിയാ കുന്ന ഇടനിലക്കാരിയെയാണ്. മുൻകാലങ്ങളിൽ, എല്ലാ ആചാരങ്ങളും കൃത്യമായി പാലിച്ച് ശവസംസ്കാരം കഴിഞ്ഞാൽ, മരിച്ചയാൾ രക്ഷ അല്ലെങ്കിൽ മോചനം നേടിയെടുത്തുവെന്ന് വിശ്വസിച്ചിരുന്നു. മരണം അസ്വാഭാവികമായി സംഭവിച്ചാൽ, നീതിയുടെ വിഷയത്തിൽ തുടർനടപടികളുടെ ചോദ്യം ഉദിച്ചിരുന്നില്ലയെന്നു തോന്നുന്നു. എന്നാൽ ഇപ്പോൾ, വിചാരണക്കോടതി യുടെ വിധിയിൽ തൃപ്തയല്ല സരസു; പൂർണ്ണ നീതി തേടി ഹൈക്കോടതിയിൽ പോകുവാനുള്ള തീരുമാനത്തിലാണ് അവൾ. മുൻപും ഇത്തരം മരണങ്ങൾ ഉണ്ടായിട്ടുണ്ടെന്നും ഇത്തരം പ്രതികരണങ്ങൾ ഉണ്ടായിട്ടില്ലെന്നും അവളോട് പറയുന്നവരുണ്ട്. എന്നാൽ, സരസു തന്റെ സഹോദരന്റെ ആത്മീയ വിമോചനത്തിൽ മാത്രം സന്തോഷവതിയല്ല; അവൾ ഒരു ജനാധിപത്യരാജ്യത്തെ അംഗമെന്ന നിലയിൽ തന്റെ സഹോദരന് വേണ്ടി നീതി തേടുകയാണ്. മറ്റൊരർത്ഥത്തിൽ, ആചാരാനുഷ്ഠാനങ്ങളിലൂടെ പ്രതിനിധീകരിക്കപ്പെട്ട മതവിമോചനത്തിന്റെ അവിഭാജ്യഘടകമായ രാഷ്ട്രീയവിടുതലിനായി അവൾ തീവ്രമായി ആഗ്രഹിക്കുന്നു. ഗോത്രവർഗ്ഗക്കാരുടെ ശരിയായ അവബോധത്തിന് ബാഹ്യ സ്വാധീനങ്ങൾ കാരണമാവുകയും ചില സർക്കാർ വകുപ്പുകൾ ആദിവാസികളുടെ ജനാധിപത്യവത്കരണ ത്തിന്റെ വർദ്ധിച്ച നിരീക്ഷണം ആവശ്യപ്പെടുകയും ചെയ്യുന്നതിന്റെ ഒരു സന്ദർഭോചിത ഉദാഹരണമായി ഈ സംഭവം മാറിയിരിക്കുന്നു.

*റഫറൻസ്:*

പൊയിൽ, മഞ്ജുള (2021). "പൂർവ്വികരുടെ വഴി: കേരളത്തിലെ അട്ടപ്പാടിയിലെ കുറുമ്പരുടെ മോർച്ചറി പ്രാക്ടീസുകൾ", JETIR. മാർച്ച് 2021 ൽ വാല്യം 8, ലക്കം 3 www.jetir.org (ISSN-2349-5162).

**സരസു തന്റെ സഹോദരന്റെ ആത്മീയ വിമോചനത്തിൽ മാത്രം സന്തോഷവതിയല്ല; അവൾ ഒരു ജനാധിപത്യ രാജ്യത്തെ അംഗമെന്ന നിലയിൽ തന്റെ സഹോദരന് വേണ്ടി നീതി തേടുകയാണ്. മറ്റൊരർത്ഥത്തിൽ, ആചാരാനുഷ്ഠാനങ്ങളിലൂടെ പ്രതിനിധീകരിക്കപ്പെട്ട മതവിമോചനത്തിന്റെ അവിഭാജ്യഘടകമായ രാഷ്ട്രീയവിടുതലിനായി അവൾ തീവ്രമായി ആഗ്രഹിക്കുന്നു.**



# സഭയും പരിസ്ഥിതിയും

**ആമുഖം**

സൃഷ്ടികർമ്മത്തിൽ പ്രഥമമായി രൂപപ്പെട്ടത് പ്രകൃതിയാണ്. ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു (ഉല്പ. 1:1). പ്രകൃതിയുടെ രൂപീകരണം ഒരു ഒരുക്കപ്പെടലായിരുന്നു. മനുഷ്യനിർമ്മിതിക്കുവേണ്ടി. മനുഷ്യർക്കുവേണ്ടിയുള്ള വൈദീക പദ്ധതിയിൽ പ്രകൃതി ഒരു അവിഭാജ്യഘടകമാണ്. മനുഷ്യൻ സൃഷ്ടിയുടെ കിരീടമാണെങ്കിലും പ്രകൃതിയും ദൈവസ്നേഹത്തിന്റെ ബഹിർസ്ഫുരണമാണ്. അതിനാൽതന്നെ പ്രകൃതിയെയും മനുഷ്യരെപ്പോലെ സംരക്ഷിക്കപ്പെടേണ്ടതാണെന്ന് സദാ നമ്മെ പഠിപ്പിക്കുന്നു.

**ആരോപണം**

ഭാരതസംസ്കാരത്തിൽ രൂപപ്പെട്ട മതങ്ങൾ പ്രകൃതിക്ക് അതിശ്രേഷ്ഠമായ ഒരിടം എക്കാലവും നൽകിയിട്ടുണ്ട്. എന്നാൽ അത്തരമൊരു സമീപനം പ്രോത്സാഹിപ്പിക്കുവാൻ സഭ അത്യുത്സാഹം കാട്ടിയിരുന്നില്ല, കാരണം മനുഷ്യർ ദൈവത്തിന്റെ ഛായയിലാണ് സൃഷ്ടിക്കപ്പെട്ടത്. അതിനാൽതന്നെ പ്രകൃതിയെക്കാളും ഉന്നതമായ സ്ഥാനം മനുഷ്യർക്കുള്ളതായി നാം വിശ്വസിക്കുകയും പ്രാവർത്തികതലത്തിൽ നടപ്പിലാക്കുകയും ചെയ്യുന്നു. തത്ഫലമായി, പ്രകൃതി ഒത്തിരിയേറെ ചൂഷണങ്ങൾക്ക് വിധേയമാവുകയും ചെയ്യുന്നുണ്ട്. ഇപ്പോൾ ഉള്ള പ്രകൃതിമലിനീകരണങ്ങളുടെ കണക്കു പരിശോധിച്ചാൽ മനുഷ്യർ എത്രമാത്രം തിന്മയാണ് പ്രകൃതിക്കുമേൽ ചെയ്യുന്നതെന്ന് മനസ്സിലാക്കാൻ സാധിക്കും.

പ്രകൃതിയ്ക്കെതിരായി മനുഷ്യർ ചെയ്യുന്ന തിന്മകൾ മനസ്സിലാക്കാൻ സഭ മുൻകൈ എടുത്തിരുന്നില്ല. എന്നാൽ 1960 ൽ റെയ്ച്ചൽ കാർസൺ, സൈലന്റ് സ്പ്രിംഗ് എന്ന തന്റെ പുസ്തകത്തിൽ DDT -യുടെ ഉപയോഗം പ്രകൃതിയുടെ സന്തുലിതാവസ്ഥ തകർക്കുമെന്ന് കണ്ടെത്തി. തുടർന്ന് 1967 ൽ ലിൻവൈറ്റ് (Lynn white) സഭയ്ക്കെതിരെ ശക്തമായ ഒരാരോപണം ഉന്നയിച്ചു. സഭ മനുഷ്യരുടെ മാത്രം രക്ഷ കേന്ദ്രീകരിച്ച് പ്രകൃതിയെ മനുഷ്യന്റെ വെറുമൊരു ഉപകരണമായി തരംതാഴ്ത്തി എന്നുള്ളതായിരുന്നു ആരോപണം. ഒരു പരിധിവരെ ഇത്






ഫാ. റോസ് ബാബു

ശരിവയ്ക്കുന്നതായിരുന്നു ദൈവശാസ്ത്ര പഠനങ്ങൾ.

**രണ്ടാം വത്തിക്കാൻ സൂനഹദോസ് വരെ**

ആദ്യനൂറ്റാണ്ടുകളിൽ സഭാപിതാക്കന്മാർ കൂടുതലും ദൈവകേന്ദ്രീകൃതമായിട്ടാണ് പഠനങ്ങൾ നൽകിയത്. പ്രത്യേകിച്ചും ക്രിസ്തുവിന്റെ ഉടനടിയുള്ള രണ്ടാം വരവ്. എന്നാൽ കാലക്രമേണ അതിൽ നിന്നും മനുഷ്യകേന്ദ്രീകൃത പഠനങ്ങൾക്ക് ഊന്നൽ നൽകി. ഇവിടെയെങ്ങും പ്രകൃതിക്ക് വലിയ സ്ഥാനമൊന്നും ഉണ്ടായിരുന്നില്ല. തെർതുല്പ്യൻ (155–240) പ്രകൃതിമനുഷ്യ ബന്ധത്തെ യജമാന-ദാസ ബന്ധമായിട്ടാണ് ചിത്രീകരിച്ചത്. എന്നാൽ ഒറിജൻ (184–253) പഠിപ്പിച്ചത് മറ്റൊരു തലത്തിലായിരുന്നു. മനുഷ്യരുൾപ്പെടെ എല്ലാ സൃഷ്ടിവസ്തുക്കളും ക്രിസ്തുവിൽ പുനഃസ്ഥാപിക്കപ്പെടും. പ്രകൃതി മനുഷ്യബന്ധം നിലനിൽക്കുന്നു എന്നല്ലാതെ മറ്റൊന്നും രണ്ടാം വത്തിക്കാൻ സുനഹദോസിലും (1962–'65) ഉദ്ബോധിപ്പിച്ചില്ല.

**മാറ്റത്തിന്റെ സൂചനകൾ**

പോൾ ആറാമൻ പാപ്പയുടെ (1963–78) നേതൃത്വത്തിലാണ് രണ്ടാം വത്തിക്കാൻ സൂനഹദോസ് സമാപിച്ചതെങ്കിലും പരി. പിതാവിന് പ്രകൃതിയിലുള്ള അസന്തുലിതാവസ്ഥയെക്കുറിച്ച് ബോധ്യമുണ്ടായിരുന്നു. 1970 ൽ മെത്രാന്മാരുടെ സിനഡിൽ പ്രകൃതി മനുഷ്യബന്ധത്തെക്കുറിച്ചും അതിൽ വന്ന വീഴ്ചകളെക്കുറിച്ചും ചർച്ചയുണ്ടായി. വികസിത രാജ്യങ്ങൾ അവികസിത രാജ്യങ്ങളിൽ തങ്ങളുടെ രാജ്യത്തിന്റെ മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ സഭ ശക്തമായ നിലപാടെടുത്തു. പ്രകൃതി ചൂഷണത്തിനെതിരെ നിലപാടെടുക്കാൻ സഭ മടിച്ചു എന്ന് ആരോപിക്കുമ്പോഴും ഒരു കാര്യം മനസ്സിലാക്കാനുള്ളത് ഐക്യരാഷ്ട്രസംഘടന 1972 ൽ സ്റ്റോക്ഹോമിൽ വച്ചുമാത്രമാണ് പ്രകൃതിസംബന്ധമായ കാര്യങ്ങൾ ചർച്ച ചെയ്തതും UNEP (United National Enviorment Programme) രൂപീകരിച്ചതും. 1971



ൽ പോൾ ആറാമൻ രചിച്ച ഒക്തോജേസിമ അദ്വേനിയൻസ് (Octogesima Adveniens) എന്ന ചാക്രിക ലേഖനത്തിൽ പ്രകൃതിയെ മലിനമാക്കുന്നതിൽനിന്നും ചൂഷണം ചെയ്യുന്നതിൽനിന്നും വിട്ടുനിൽക്കാൻ ആവശ്യപ്പെടുന്നുണ്ട്.

വി. ജോൺപോൾ രണ്ടാമൻ പാപ്പ 1977 ൽ റെഡെംതോർ ഹോമിനിസ് എന്ന ചാക്രിക ലേഖനത്തിൽ പ്രകൃതി മനുഷ്യബന്ധം വഷളായിക്കൊണ്ടിരിക്കുന്നു എന്ന് ഓർമ്മപ്പെടുത്തുന്നു. പ്രകൃതിയിലെ താളത്തെയും സമഗ്രതയെയും ബഹുമാനിക്കണമെന്നും തുടർന്നുള്ള ലേഖനങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്. (Solicitudo rei socialis, 1987). പരി. പിതാവ് ഒരു പരിധിവരെ മനുഷ്യരെയും പ്രകൃതിയെയും തുല്യരായി കണ്ടിരുന്നു. 2004 ൽ പുറത്തിറക്കിയ സഭയുടെ സാമൂഹിക പഠനങ്ങളിൽ (Compendium of the social Doctrine) പരിസ്ഥിതിയെ സംരക്ഷിക്കുന്നതിനുവേണ്ടി ഒരു ഭാഗം (451–487) പ്രത്യേകമായി മാറ്റിവച്ചിട്ടുണ്ട്.

ബെനഡിക്ട് പതിനാറാമൻ പാപ്പ മനുഷ്യകേന്ദ്രീകൃതമായിട്ടാണ് ഉദ്ബോധനങ്ങൾ നൽകിയത്. ദൈവത്തോടുള്ള ബന്ധം മെച്ചപ്പെട്ടാൽ മാത്രമേ പ്രകൃതിയോടുള്ള ബന്ധം മെച്ചമാക്കാൻ സാധിക്കുകയുള്ളൂ. പ്രകൃതി മനുഷ്യനേയും ദൈവത്തെയും ചേർത്തുനിർത്തുന്നു. പ്രകൃതിയുമായി കൂടുതൽ അടുക്കുമ്പോൾ മനുഷ്യർക്ക് സമാധാനവും ശാന്തതയും കൈവരിക്കാൻ സാധിക്കുമെന്നും പിതാവ് ഉദ്ബോധിപ്പിക്കുന്നു.

**ലൗദാത്തോസി (Laudato Si)**

പരിസ്ഥിതി ദൈവശാസ്ത്രത്തിന് പുതിയ തുറവികൾ നൽകിയ ഫ്രാൻസിസ് പാപ്പ 2015 ൽ എഴുതിയ ലൗദാത്തോസി. പരിസ്ഥിതിയെ അഭിസംബോധന ചെയ്തുകൊണ്ട് ആദ്യമായി എഴുതപ്പെട്ട ചാക്രിക ലേഖനമാണിത്. മനുഷ്യന്റെ അത്യാഗ്രഹവും സാമൂഹിക നീതിയില്ലായ്മയും, പ്രകൃതിയോടുള്ള ബഹുമാനക്കുറവും, പ്രകൃതിമനുഷ്യബന്ധത്തിന്റെ അജ്ഞതയുമെല്ലാമാണ് പ്രകൃതിയിലെ അസന്തുലിതാവസ്ഥയ്ക്ക് കാരണം എന്ന് പാപ്പ സമർഥിക്കുന്നു. നമ്മുടെ നിലനില്പ് പരിസ്ഥിതിയുടെ നിലനില്പാണെന്ന് തിരിച്ചറിഞ്ഞ് സമഗ്രമായ ഒരു പരിസ്ഥിതി അവബോധം (Integral ecology) നമ്മിൽ രൂപീകരിക്കേണ്ടതുണ്ട്. പ്രകൃതിയോടുള്ള മനോഭാവം ഒരു വസ്തുവിനോടുള്ളതുപോലെയാകരുത്. മറിച്ച് ഒരു വ്യക്തിയായി കാണേണ്ടതും വ്യക്തിക്കൊത്ത ബഹുമാനവും സ്ഥാനവും നൽകേണ്ടതുമുണ്ട്. അതിനായി പരിശുദ്ധ പിതാവ് ആഗ്രഹിക്കുന്നത് എല്ലാവരും കാരുണ്യം ഉള്ളവരായിരിക്കുക എന്നുള്ളതാണ്. ദൈവം പ്രകൃതിയെ പരിപാലിക്കുന്നതിനായി നമ്മെ ഭരമേല്പിച്ചിരിക്കുകയാണ്. പ്രകൃതിയോടുള്ള മനോഭാവത്തിൽ മാറ്റം വരുത്താൻ പാരിസ്ഥിതിക മാനസാന്തരം (Ecological conversion) അനിവാര്യമാണെന്ന് പാപ്പ പഠിപ്പിക്കുന്നു. സഭയുടെ പാരിസ്ഥിതിക ദൈവശാസ്ത്ര ദർശനം ഉൾക്കൊണ്ട് പ്രകൃതിയെ സ്നേഹിക്കാനും ബഹുമാനിക്കാനുമുള്ള ഉത്തരവാദിത്തം പാലിക്കാൻ ഈ പരിസ്ഥിതി ദിനാഘോഷാവസരത്തിൽ നാം പ്രതിജ്ഞാബദ്ധരാണ്. ■






# പഥേർ പാഞ്ചലി

## (പഥികന്റെ പാട്ട്)

കുട്ടിക്കാലത്തെയും ഗ്രാമജീവിതത്തെയുംകുറിച്ച് എഴുതപ്പെട്ട ആഖ്യായികകൾ വലിയൊരളവോളം വായനക്കാരെ ആകർഷിച്ചിട്ടുണ്ട്. പഥേർ പാഞ്ചലിയും വ്യത്യസ്തമല്ല. 1928 – ൽ എഴുതി 1929 ൽ പുസ്തകമായി 1955 – ൽ അഭ്രപാളികളിലേക്ക് വിവർത്തനം ചെയ്യപ്പെട്ട ഈ നോവൽ ഇന്നും വായനക്കാരെ ആനന്ദിപ്പിക്കുന്നു. ബാല്യത്തിന്റെ നിഷ്കളങ്കതയും മാതാപിതാക്കളുടെ പ്രാരാബ്ധവും അകളങ്കിതമായ ഗ്രാമ സൗഭാഗ്യങ്ങളുമെല്ലാം നോവലിന്റെ പശ്ചാത്തലം നിർവചിക്കുന്നു. മനുഷ്യൻ അവന്റെ പാരമ്പര്യ ജീവിത ചുറ്റുപാടുകളെ വിട്ടുപേക്ഷിച്ചു പോകാൻ ഇടയാക്കുന്ന സാഹചര്യങ്ങളും ആഴത്തിൽ വിശകലനം ചെയ്യപ്പെടുന്നു.

കിഴക്കൻ ബംഗാളിലെ ഒരു ചെറു ഗ്രാമമായ നിശ്ചിന്ദിപ്പൂരിലാണ് കഥ നടക്കുന്നത്. അപ്പുവിന്റെയും അവന്റെ ചേച്ചി ദുർഗയുടെയും ജീവിതമാണ് ബന്ദ്യോപാധ്യായ, പഥേർ പാഞ്ചലിയിലൂടെ ആവിഷ്കരിക്കുന്നത്. ബ്രാഹ്മണനായ അപ്പുവിന്റെ അച്ഛൻ ഹരിഹര റായി മിക്കവാറും വീട്ടിൽ ഉണ്ടാകാറില്ല. അന്യനാടുകളിൽ അലഞ്ഞു നടന്ന് പൂജയും ഭാഗവത വായനയും നടത്തിക്കിട്ടുന്ന തുച്ഛമായ വരുമാനം കൊണ്ടാണ് ഓരോ തവണയും അയാൾ വീട്ടിൽ തിരിച്ചെത്തുന്നത്. ഭർത്താവിന്റെ അഭാവത്തിൽ, ഭാര്യയായ സർവജയയാണ് വീട്ടുകാര്യങ്ങൾ നടത്തുന്നത്. സ്വന്തമായി ഉടമസ്ഥാവകാശമില്ലാത്ത കുടുംബവീട്ടിലാണ് അവരുടെ താമസം. അറ്റകുറ്റപ്പണികൾ സമയത്തിനു നടത്താതെ, പൊളിഞ്ഞു വീഴാറായ ഒരു പഴയ വീടാണത്. ചുറ്റുമുള്ള വളപ്പാവട്ടെ മുളംകാടും പാഴ്മരങ്ങളും നിറഞ്ഞ ആ



സിന്ദുമോൾ തോമസ്



**ഗ്രാമീണമായ എല്ലാ ബിംബങ്ങളെയും ഏറ്റവും മനോഹരമായി അടുക്കി നിരത്തിയിട്ടുണ്ട് ബിഭൂതിഭൂഷൻ. നോവലിൽ പ്രതിപാദിച്ചിരിക്കുന്ന 1929 കാലഘട്ടം, രണ്ടോ മൂന്നോ ദശകങ്ങൾക്ക് മുമ്പുള്ള കുട്ടിക്കാലങ്ങളോട് അതിശയകരമാം വണ്ണം സാദൃശ്യം വച്ചു പുലർത്തുന്നു എന്നതാണ് വിസ്മയകരമായ വസ്തുത. വനഭോജനവും മണ്ണുകൊണ്ടു രൂപങ്ങൾ മെനയലും പീടികമുറി ഉണ്ടാക്കി കളിക്കലുമൊക്കെ വായനക്കാരിൽ ഗതകാല സ്മൃതികൾ ഉണർത്തും.**

ദായമൊന്നുമില്ലാത്ത പറമ്പും. ആ വീടിന് അവകാശിയായി മറ്റൊരാൾ കൂടിയുണ്ട്. കുടുംബമോ മറ്റു ബന്ധുക്കളോയില്ലാത്ത ഒരു വൃദ്ധ ഇന്ദിര ഥാക്കുരുൺ. ഹരിഹര റായിയുടെ അകന്ന ബന്ധുവാണവർ. ദുർഗ, പിസിമാ (മുത്തശ്ശി) എന്നു വിളിക്കുന്ന അവരെ സർവജയയ്ക്ക് തീരെ പഥ്യമല്ല. പറഞ്ഞിട്ടു കാര്യമില്ല, കൊടും ദാരിദ്ര്യത്തിൽ കഴിയുന്ന അവർക്ക് എങ്ങനെ സാധിക്കും ഒരാളെക്കൂടിപ്പോറ്റാൻ?! എങ്കിലും ദുർഗയും വൃദ്ധയും തമ്മിൽ അടുത്ത ഹൃദയ ബന്ധം നിലനിൽക്കുന്നുണ്ട്.

രണ്ടാമത്തെ കുഞ്ഞ്, അപ്പുവിന്റെ വരവോടെ സർവ്വജയയുടെ ജീവിതത്തിൽ പ്രത്യാശയുടെ ഒരു കിരണം മിന്നി. ഇല്ലായ്മയുടെ അങ്ങേയറ്റം കണ്ടവരാണവർ. അതുകൊണ്ടു തന്നെ അപ്പു വളർന്നു പഠിച്ചു ഗ്രാമത്തിലെ പൂജകളൊക്കെയും ചെയ്യാൻ പ്രാപ്തനാകണമെന്നതിൽ കവിഞ്ഞു അവൾക്കു ആഗ്രഹങ്ങളൊന്നുമില്ല.

നേരം വെളുക്കുമ്പോൾ മുതൽ പറമ്പിലും കാട്ടിലും വഴിയോരത്തുമൊക്കെ അലഞ്ഞു നടക്കലാണ് ദുർഗ്ഗയുടെ ദിനചര്യ. ചുറ്റിത്തിരിയുന്നതിനിടയിൽ കൗതുകകരമായ കായോ കുരുവോ കണ്ടാൽ ശേഖരിക്കും. വീണുകിടക്കുന്ന മാങ്ങയോ ചക്കയോ തേങ്ങയോ ഒക്കെ സമ്പാദിക്കുന്നതിൽ അവൾക്ക് പ്രത്യേക നൈപുണ്യമുണ്ട്. അപ്പു വളർന്നതോടെ അവനെയും അവൾ ഒപ്പം കൂട്ടി. അവരുടെ ഊരുചുറ്റലും അനുബന്ധ സംഭവവികാസങ്ങളും ലോഭമില്ലാതെ തുന്നിച്ചേർത്തിട്ടുണ്ട് നോവലിൽ. പൊട്ടിയ ഏതാനും കളിപ്പാട്ടങ്ങളാണ് അവളുടെ ഏക സമ്പാദ്യം. വല്ലപ്പോഴും അച്ഛൻ വാങ്ങിക്കൊടുക്കുന്ന ചുവന്ന 'അൽത്ത' (പാദത്തിൽ പൂശുന്ന ചായം) അവൾക്കു പ്രിയങ്കരമാണ്. ഇഷ്ടപ്പെട്ടതൊക്കെ മോഷ്ടിച്ചെടുക്കുന്ന ഒരു ദുഃശീലം കൂടിയുണ്ട് ദുർഗ്ഗയ്ക്ക്. അത് പലപ്പോഴും അയൽക്കാരും ബന്ധുക്കളും കണ്ടുപിടിക്കുകയും സർവജയയ്ക്ക് തലവേദനയാകുകയും ചെയ്യാറുണ്ട്.

അപ്പു വളർന്നു. സ്കൂൾ വിദ്യാഭ്യാസം നേടിയില്ലെങ്കിലും എഴുതാനും വായിക്കാനും കണക്കുകൂട്ടാനുമൊക്കെ അവൻ പഠിച്ചു. ഹരിഹരറായിക്ക് മകനെ പഠിപ്പിച്ചു വലിയ ആളാക്കണം എന്നായിരുന്നു ആശ. എന്നാൽ പണമുണ്ടാക്കുന്നതിൽ എക്കാലവും ദൗർഭാഗ്യം അയാളെ പിന്തുടർന്നു പോന്നു. മതിയായ ചികിത്സ കിട്ടാതെയും പോഷകാഹാരക്കുറവു മൂലവും ദുർഗ പെട്ടെന്ന് മരണപ്പെട്ടു. ദുർഗ മരിച്ചു ദിവസങ്ങൾക്കു ശേഷമാണ് ഹരിഹര റായി വീട്ടിൽ എത്തുന്നത്. മരണവിവരം അയാളെ അറിയിക്കാൻ മേൽവിലാസമോ മറ്റു വിശദാംശങ്ങളോ ലഭ്യമായിരുന്നില്ല.

ദുർഗ്ഗയുടെ അപ്രതീക്ഷിതമായ വേർപാട് ആ കുടുംബത്തിന് കനത്ത ആഘാതമാണ് ഏൽപ്പിച്ചത്. ദുർഗയെ തട്ടിയെടുത്ത ആ നശിച്ച നാട്ടിൽ നിന്ന് അവർ കാശിയിലേക്ക് കുടിയേറി. എന്നാൽ അവിടെയും ഭാഗ്യം ഹരിഹരറായിയെ കടാക്ഷിച്ചില്ല. ഒരുവർഷത്തിനകം രോഗബാധിതനായി അയാൾ മരിച്ചു. സർവജയ ഒരു പ്രഭുകുടുംബത്തിൽ വേലക്കാരിയായി.

അപ്പു ഉപനയനം കഴിച്ചു സ്കൂളിൽ ചേർന്നു. പ്രഭുകുടുംബത്തിലെ അവഗണനയും ജോലിഭാരവും അവരെ തളർത്തി. തിരിച്ചു നിശ്ചിന്ദിപ്പൂരിലേക്ക് പോയാലോ എന്ന് അവർ ആലോചിച്ചു. വീടും മുരിങ്ങമരത്തിന്റെ തണലും നാരകപ്പൂക്കളുടെ സുഗന്ധവും, ഇച്ഛാമതി നദിയും മഞ്ഞക്കിളികളും സോനാഡാങ്ങ മൈതാനവുമെല്ലാം തന്നെ തിരികെ വിളിക്കുന്നതായി അപ്പുവിനു തോന്നി. എങ്കിലും ജീവിതത്തിന്റെ വഴി പിന്നോട്ടല്ല മുന്നോട്ടാണെന്ന തിരിച്ചറിവിൽ അവർ നിശ്ചിന്ദിപ്പൂരിലേക്കുള്ള മടക്കയാത്ര ഉപേക്ഷിക്കുന്നു. ഓരോരുത്തരെ വിധി ഓരോയിടങ്ങളിൽ കൊണ്ടെത്തിക്കുന്നത് യാദൃശ്ചികമല്ല മറിച്ചു മഹത്തായ ലക്ഷ്യങ്ങൾക്ക് വേണ്ടി

യാണെന്നു ഉദ്ബോധിപ്പിച്ചു കൊണ്ട് നോവൽ പരിസമാപ്തമാകുന്നു.

ബംഗാളിലെ കാലാവസ്ഥയിൽ മഴയ്ക്ക് വലിയ സ്ഥാനമുണ്ട്. ദുർഗയ്ക്ക് മലേറിയ ബാധിച്ച ദിനരാത്രങ്ങൾ ചുഴലിക്കാറ്റും കനത്ത മഴയുംകൊണ്ട് ഭീകരമായിരുന്നു. പൊളിഞ്ഞു വീഴാറായ വീടിന്റെ ദയനീയ സ്ഥിതി പലപ്പോഴും വായനക്കാരുടെ കണ്ണുകളെ ഈറനണിയിക്കുന്നു. പനിച്ചു വിറച്ചുകിടക്കുന്ന ആ കുട്ടി, ദുർഗ, ചോരുന്ന വീട്ടിൽ നനഞ്ഞു കിടന്നാണ് ഉറങ്ങുന്നത്. നിശ്ചിന്ദിപ്പൂരിലെ പല പറമ്പുകളും കാടുപിടിച്ചുകിടക്കുകയാണ്. മഴയും കാറ്റും വെള്ളപ്പൊക്കവുമൊക്കെ കൃഷി നശിപ്പിക്കുന്നുണ്ട് . സർവജയ പകലന്തിയോളം പണിയെടുക്കുന്നുണ്ടെങ്കിലും അതിനു തക്ക സാമ്പത്തിക അഭിവൃദ്ധി ഉണ്ടാകുന്നില്ല . പട്ടിണി മാറ്റാൻ പോലും അവർക്കു കഴിയുന്നില്ല. പലപ്പോഴും ദുർഗ സമ്പാദിച്ചുകൊണ്ടു വരുന്ന ചേമ്പും മാങ്ങയുമൊക്കെയാണ് അവർ കഴിക്കുന്നത്.

അഭിമാനിയാണ് സർവജയ. കൊടും ദാരിദ്ര്യത്തിലും ബന്ധുക്കളുടെ മുന്നിൽ യാചിക്കാൻ അവർ തയ്യാറാവുന്നില്ല. അതേ അഭിമാനബോധം കൊണ്ടാണ് ഭർത്താവു മരിച്ചിട്ടും നിശ്ചിന്ദിപ്പൂരിലേക്ക് തിരിച്ചുപോകാത്തതും. സ്നേഹമയിയായ ഒരമ്മ കൂടിയാണവർ. ദുർഗയെയും അപ്പുവിനെയും അവർ അതിരറ്റു സ്നേഹിക്കുന്നു. സ്വന്തം മകനെ യജമാനൻ ശിക്ഷിച്ചത് അവർക്കു സഹിക്കാൻ കഴിയുന്നില്ല. അവനു വേണ്ടി താൻ ശിക്ഷ ഏറ്റുകൊള്ളാമായിരുന്നല്ലോയെന്ന് സർവജയ തേങ്ങുന്നു.

പ്രൗഢിയോടെ ആനയിക്കപ്പെടുന്ന വൃദ്ധയായ റാണിയെ കാണുമ്പോൾ സർവജയയ്ക്ക് ഇന്ദിര ഠാക്കുരുൺ അമ്മായിയെ ഓർമ്മവരുന്നുണ്ട്. അതേമുഖമായിരുന്നു അമ്മായിക്കും. പക്ഷെ അവർക്ക് പണമില്ലായിരുന്നു. ഒരു സീതാഫലത്തിന്റെ പേരിൽ അപമാനിതയായി വീട്ടിൽ നിന്ന് ഇറക്കിവിടപ്പെട്ട അമ്മായി, തെരുവിൽ കിടന്നു ജീവൻ വെടിഞ്ഞു. ഇന്ന് ജീവിതത്തിന്റെ കയ്പേറിയ അനുഭവങ്ങളിലൂടെ കടന്നുപോകുമ്പോൾ കുറച്ചുകൂടി ദയവോടെ അവരോടു പെരുമാറാമായിരുന്നു എന്ന് സർവ്വജയയ്ക്ക് തോന്നുന്നു.

ഗ്രാമീണമായ എല്ലാ ബിംബങ്ങളെയും ഏറ്റവും മനോഹരമായി അടുക്കി നിരത്തിയിട്ടുണ്ട് ബിഭൂതിഭൂഷൻ. നോവലിൽ പ്രതിപാദിച്ചിരിക്കുന്ന 1929 കാലഘട്ടം, രണ്ടോ മൂന്നോ ദശകങ്ങൾക്ക് മുമ്പുള്ള കുട്ടിക്കാലങ്ങളോട് അതിശയകരമാം വണ്ണം സാദൃശ്യം വച്ചു പുലർത്തുന്നു എന്നതാണ് വിസ്മയകരമായ വസ്തുത. വനഭോജനവും മണ്ണുകൊണ്ടു രൂപങ്ങൾ മെനയലും പീടികമുറി ഉണ്ടാക്കി കളിക്കലുമൊക്കെ വായനക്കാരിൽ ഗതകാല സ്മൃതികൾ ഉണർത്തും. പറിച്ചു നടപ്പെട്ട മനുഷ്യരിൽ, മടങ്ങി പോകാനുള്ള അഭിവാഞ്ഛ, എത്രമേൽ രൂഢമൂലമാണെന്ന് അപ്പുവിന്റെ വികാരവിചാരങ്ങളിലൂടെ നമ്മൾ തിരിച്ചറിയുന്നു.

ഒരു ഗ്രാമത്തെ ഒന്നാകെ അടർത്തിവെച്ചാലെന്നപോലെ ഒരുപാടു കഥാപാത്രങ്ങളുണ്ട് പഥികന്റെ പാട്ടിൽ. അവരിൽ ഉപകാരികളുണ്ട്, അസൂയക്കാരുണ്ട്. പിടിപ്പില്ലാത്തവരും മറ്റുള്ളവരുടെ കരുണയ്ക്കായി കാത്ത് നിൽക്കുന്നവരും ഉണ്ട്. അറുത്ത കൈക്ക് ഉപ്പു തേക്കാത്ത പിശുക്കന്മാരുണ്ട് , മോഹിപ്പിച്ചു കടന്നു കളയുന്ന സുന്ദരന്മാരും സുന്ദരികളുമുണ്ട്. നോവൽ വായിച്ചു കഴിഞ്ഞും അവരാരും നമ്മെ വിട്ടുപോകുന്നില്ല. നമുക്ക് ചുറ്റും ജീവിച്ചുകൊണ്ട് ജീവിതത്തിന്റെ പരമമായ സത്യം അവർ നമ്മോട് വീണ്ടും വീണ്ടും ഉദ്ഘോഷിക്കുന്നു. 'നടക്കൂ, മുന്നോട്ടു പോകൂ, നമുക്ക് മുന്നോട്ടു പോകാം.'

രണ്ടാം വട്ടവും വായിച്ചു കഴിഞ്ഞപ്പോൾ ആലോചിച്ചു. എന്താണീ നോവലിന്റെ സാരാംശം അഥവാ സത്ത്? (അങ്ങനെയൊക്കെ ചിന്തിക്കേണ്ടതുണ്ടോ ? കഥ വായിച്ചാൽ പോരെ ? മതി, എന്നാലും...)

ജീവിതം ദുർഗയെപ്പോലെ ചെറിയ കാര്യങ്ങളുടെ ആഘോഷമാണെന്നോ? സർവ്വജയയെപ്പോലെ അതിജീവനത്തിന്റെ കനൽ വഴികളിലൂടെ നിശ്ചയദാർഢ്യത്തിന്റെ ചുവടുകൾ ആണെന്നോ ? ഹരിഹരറായിയെപ്പോലെ ജീവിതം മുഴുവൻ അധ്വാനിക്കുകയും ആഗ്രഹിക്കുന്നത് നേടാതെ മരിക്കുകയുമാണ് മനുഷ്യന്റെ ഭാഗധേയം എന്നോ ? അപ്പുവിനെപ്പോലെ എല്ലാം കണ്ടും കേട്ടും മനസ്സിലാക്കിയും വിധി നയിക്കുന്ന വഴിയിലൂടെ മുന്നോട്ട് പോവുക എന്നതോ ? അറിയില്ല. ലാളിത്യത്തിന്റെ സൗന്ദര്യമാണ് ബന്ദോപാധ്യായ അനശ്വരമാക്കിയത് എന്ന് മാത്രം ഉപസംഹരിക്കാമെന്നു ഇപ്പോൾ എനിക്ക് തോന്നുന്നു ■



## ചരിത്രപഥം



# വൈദികർക്കിടയിൽ നിന്നൊരു ചരിത്രകാരൻ



ഇഗ്നേഷ്യസ് തോമസ്

വിജ്ഞനായ വൈദികൻ, വിശ്രുതനായ ധ്യാനഗുരു, വിനയാന്വിതനായ പുരോഹിതൻ, ചരിത്രകാരൻ എന്നീ നിലകളിൽ പ്രശോഭിച്ച വൈദികശ്രേഷ്ഠൻ മോൺ. മാർക്ക് നെറ്റോ ദിവംഗതനായിട്ട് 31 വർഷങ്ങൾ പൂർത്തിയാകുന്നു. ആർ.സി സ്കൂൾസ് കോർപ്പറേറ്റ് മാനേജർ, വികാരി ജനറൽ, സെമിനാരി റെക്ടർ, വികാർ കാപ്പിറ്റുലർ, പ്രൊക്കുറേറ്റർ തുടങ്ങി രൂപതയിൽ അദ്ദേഹം വഹിക്കാത്ത സ്ഥാനങ്ങളില്ല.

1916 നവംബർ 14ന് പുത്തൻതോപ്പിൽ നിക്കളോസ് നെറ്റോ ലൂസിയ നെറ്റോ ദമ്പതികളുടെ മകനായി ജനിച്ചു. രണ്ട് ലോക മഹായുദ്ധങ്ങൾക്ക് നടുവിൽ ദാരിദ്ര്യം അലട്ടിയെങ്കിലും കഠിനപ്രയത്നത്താൽ കരുത്തോടെ മുന്നേറാൻ ഇദ്ദേഹത്തിനായി. പ്രാഥമികവിദ്യാഭ്യാസം പുത്തൻതോപ്പ് എൽ.പി സ്കൂളിലും, പുതുക്കുറിച്ചി സെന്റ് മൈക്കിൾസ് സ്കൂളിലും പൂർത്തിയാക്കിയ ശേഷം കൊല്ലം സെന്റ് അലോഷ്യസ് സ്കൂളിൽ വൈദികപഠനം തുടർന്നു. സെന്റ് റാഫേൽസ് മേജർ സെമിനാരിയിൽ നിന്ന് തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ച് 1941 മാർച്ച് 29ന് അഭിവന്ദ്യ വിൻസെന്റ് ദെരേരാ പിതാവിന്റെ കൈവയ്പ്പിലൂടെ പൗരോഹിത്യം സ്വീകരിച്ച് അദ്ദേഹത്തിന്റെ സെക്രട്ടറിയായി നിയമിതനായി. ഇന്നത്തെ നെയ്യാറ്റിൻകര, കമുകിൻകോട്, മുള്ളുവിള, തിരുവനന്തപുരം രൂപതയിൽ മുട്ടട എന്നീ ഇടവകകളിൽ വികാരിയായി സേവനമനുഷ്ഠിച്ചു. ഈ ഇടവകകളിലെ ജനങ്ങളുടെ ആദ്ധ്യാത്മികവും

ഭൗതികവും വിദ്യാഭ്യാസപരവുമായ പുരോഗതിക്കായി നിസ്വാർത്ഥമായി പരിശ്രമിച്ചു. കിലോമീറ്ററുകളോളം സൈക്കിൾ ചവിട്ടിയായിരുന്നു ഈ ഇടവകകളുടെ സബ് സ്റ്റേഷനുകളിലേക്ക് ബലിയർപ്പണത്തിനായി അദ്ദേഹം പോയിരുന്നത്. ഓരോ ഇടവകാംഗത്തെയും പേരെടുത്ത് വിളിക്കാൻ മാത്രം ആത്മബന്ധം അദ്ദേഹത്തിന് അവരുമായി ഉണ്ടായിരുന്നു. വചന പ്രഘോഷണത്തിലൂടെ കുട്ടികളെ വേദപാഠം പഠിപ്പിക്കുകവഴി ദൈവാശ്രയബോധത്തിലും വിശ്വാസചൈതന്യത്തിലും ഇളംതലമുറയെ അദ്ദേഹം വളർത്തി.

തിരുവനന്തപുരം രൂപതയുടെ ആദ്യ തദ്ദേശീയ മെത്രാനായിരുന്ന ബിഷപ്പ് പീറ്റർ ബെർണാഡ് പെരേര രൂപതാഭരണം ഏറ്റെടുത്തപ്പോൾ മാർക്കച്ചനെ രൂപതാ വികാരി ജനറലായും കോർപ്പറേറ്റ് മാനേജർ ആയും നിയമിച്ചു. അദ്ധ്യാപകർക്കായി വാർഷിക ധ്യാനങ്ങൾ സംഘടിപ്പിച്ചും പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചും അദ്ദേഹം തന്റെ കർമ്മമേഖല വിസ്തൃതമാക്കി. ഇന്നും നിയമ വൃത്തങ്ങൾ ഉദ്ധരിക്കുന്ന “Rt. Rev. Msgr. Mark Netto VS Govt. of Kerala & Ors on 11 September 1978” ചരിത്രത്തിൽ ഇടംനേടിയ സുപ്രീം കോടതിയുടെ സുപ്രധാന വിധിപ്രഖ്യാപനമാണ്. 1947ൽ ആരംഭിച്ച കണിയാപുരം സെന്റ് വിൻസെന്റ് സ്കൂൾ ഏതാണ്ട് 25 വർഷത്തോളം ആൺകുട്ടികൾക്ക് മാത്രമേ പ്രവേശനം നൽകിയിരുന്നുള്ളു. 1971-72 കാലയളവിൽ മാനേജ്മെന്റ് പെൺകുട്ടികൾക്കും പ്രവേശനം നല്കാൻ തീരുമാനിച്ചു. എന്നാൽ 1 കിലോമീറ്ററിനുള്ളിൽ സ്ഥിതി ചെയ്യുന്ന മുസ്ലിം ഗേൾസ് സ്കൂൾ മാനേജ്മെന്റ് ഹൈക്കോടതിയെ സമീപിക്കുകയും അവരുടെ ഹർജി പരിഗണിച്ച കോടതിയുടെ നിർദേശപ്രകാരം പെൺകുട്ടികളെ പ്രവേശിപ്പിക്കാനുള്ള വിൻസെന്റ് സ്കൂളിന്റെ അപേക്ഷ തള്ളുകയുണ്ടായി. എന്നാൽ കേസ് പുനഃപരിശോധിക്കാൻ സുപ്രീം കോടതി ഉത്തരവിട്ടു. ഉത്തരവനുസരിച്ച് സെന്റ് വിൻസെന്റ് സ്കൂളിൽ പെൺകുട്ടികളെയും പ്രവേശിപ്പിച്ചുതുടങ്ങി. ന്യൂനപക്ഷാവകാശങ്ങൾക്കായും പ്രത്യേകിച്ച് പെൺകുട്ടികളുടെ വിദ്യാഭാസത്തിനായി മോൺസിഞ്ഞോറിന്റെ നേതൃത്വത്തിൽ നടന്ന നിയമയുദ്ധം എന്നും അനുസ്മരിക്കപ്പെടും.

**വൈദികശ്രേഷ്ഠൻ മോൺ. മാർക്ക് നെറ്റോ ദിവംഗതനായിട്ട് 31 വർഷങ്ങൾ പൂർത്തിയാകുന്നു. ചരിത്രത്തെ ഇത്ര താത്പര്യത്തോടെ പിന്തുടർന്ന ഒരു വൈദികനെ തിരുവനന്തപുരം രൂപതയിൽ കണ്ടെത്തുക പ്രയാസമാണ്. സഭാചരിത്രമായാലും പ്രാദേശിക മിഷൻ ചരിത്രമായാലും അദ്ദേഹത്തിന്റെ അതുല്യമായ വിജ്ഞാനം അത്ഭുതാവഹമായിരുന്നു.**

ചരിത്രത്തെ ഇത്ര താത്പര്യത്തോടെ പിന്തുടർന്ന ഒരു വൈദികനെ തിരുവനന്തപുരം രൂപതയിൽ കണ്ടെത്തുക പ്രയാസമാണ്. സഭാചരിത്രമായാലും പ്രാദേശിക മിഷൻ ചരിത്രമായാലും അദ്ദേഹത്തിന്റെ അതുല്യമായ വിജ്ഞാനം അത്ഭുതാവഹമായിരുന്നു. സഭാചരിത്രത്തിലെ ഏത് വർഷവും കൃത്യമായി ഓർത്തുപറയാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു. ഇടവകകളുടെ പൂർവചരിത്രവും മനഃപാഠം. തിരുവനന്തപുരം രൂപതയുടെ കർമ്മലീത്ത പാദ്രെ വാദോ പൈതൃകങ്ങളെക്കുറിച്ച് ആഴത്തിൽ അറിവുണ്ടായിരുന്ന ചരിത്രകാരനായിരുന്നു മോൺ. മാർക്ക് നെറ്റോ. അദ്ദേഹത്തിന് വിപുലമായ ഗ്രന്ഥശേഖരവും ഉണ്ടായിരുന്നു. മലബാറിലെ സസ്യലതാദികളെ കുറിച്ച്, വൈദ്യന്മാരായ ഇട്ടി അച്ചുതൻ, അപ്പു ഭട്ട്, വിനായക് ഭട്ട് എന്നിവരുടെയും കർമ്മലീത്ത വൈദികനായിരുന്ന മത്തേവൂസ് പാതിരിയുടെയും ശ്രമഫലമായി ഹോളണ്ടിൽ പ്രസിദ്ധീകരിക്കപ്പെട്ട പുസ്തകമാണ് 'ഹോർത്തൂസ് മലബാറിക്കസ്'. ഈ ഗ്രന്ഥം ലത്തീൻ ഭാഷയിൽ നിന്ന് ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തത് പ്രസിദ്ധ സസ്യശാസ്ത്രജ്ഞനും കാലിക്കറ്റ് സർവകലാശാലയിലെ സസ്യശാസ്ത്രവിഭാഗം എമെരിറ്റസ് പ്രൊഫസറുമായ ഡോ.കെ.എസ്. മണിലാൽ ആണ്. ഇതിനായി അദ്ദേഹത്തെ സഹായിച്ചത് ലത്തീൻ ഭാഷാപണ്ഡിതന്മാരിൽ ഒരാൾ ആയ മോൺ. മാർക്ക് നെറ്റോ ആയിരുന്നു.

1977ൽ ബിഷപ്പ് പീറ്റർ ബെർണാഡ് പെരേരയുടെ നിര്യാണത്തെ തുടർന്ന് രണ്ട് വർഷത്തോളം ഇദ്ദേഹം രൂപതയുടെ അഡ്മിനിസ്ട്രേറ്ററായി പ്രവർത്തിച്ചു. തുടർന്ന് സെന്റ് വിൻസെന്റ് സെമിനാരി റെക്ടറായും നിയമിതനായി. സഭയ്ക്കും രൂപതയ്ക്കും നൽകിയ വിശിഷ്ഠസേവനങ്ങൾ കണക്കിലെടുത്ത് പരിശുദ്ധ പിതാവ് ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ അദ്ദേഹത്തിന് ഡൊമസ്റ്റിക് പ്രിലേറ്റ് പദവി നൽകി ആദരിച്ചു. 1958 ജൂലൈ രണ്ടാം തിയതി കാനഡയിൽ സ്ഥാപിതമായ 'ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൊളുന്താസ് ദേയി ദൈവഹിത സഭ' ഇന്ത്യയിൽ വേരൂന്നി വളർന്നുപന്തലിക്കാൻ കാരണം മോൺ. മാർക്ക് നെറ്റോ ആണ്. അദ്ദേഹം സെന്റ്.ഡൊമിനിക് ഇടവകവികാരി ആയിരുന്നപ്പോൾ 1976 മേയ് 24ന് മൂന്ന് വൈദിക വിദ്യാർത്ഥികളുമായി പള്ളിമേടയിൽ ആരംഭിച്ച സെമിനാരിയായിരുന്നു ഐ.വി.ഡി സഭയുടെ ഇന്ത്യയിലെ ആദ്യ വൈദിക പരിശീലന കേന്ദ്രം. തന്റെ സ്വന്തം ഇടവക ദൈവാലയമായ പുത്തൻതോപ്പ് സെന്റ്. ഇഗ്നേഷ്യസ് പള്ളിയുടെ നിർമ്മാണം സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം തടസപ്പെട്ടപ്പോൾ ധനശേഖരണാർത്ഥം മാർക്കച്ചൻ ലണ്ടൻ, മസ്കറ്റ് എന്നിവിടങ്ങളിൽ പോയി അവിടെയുള്ള ഇടവകാംഗങ്ങളെ സന്ദർശിക്കുകയും പള്ളിയുടെ പണികൾ പുനഃരാരംഭിക്കുകയും ചെയ്തു.

നാലര പതിറ്റാണ്ടോളം നീണ്ടുനിന്ന പൗരോഹിത്യ ശുശ്രൂഷയിലൂടെ സഭയ്ക്കും സമൂഹത്തിനും വിശിഷ്ഠമായ സേവനം കാഴ്ചവച്ച ആ ധന്യാത്മാവ് 1986 ഏപ്രിൽ 14ന് സ്വർഗം പുൽകി.

*(അവലംബം:* **ഓർമ്മ പുസ്തകം മോൺ. മാർക്ക് നെറ്റോ)**



*അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷ സമിതിയുടെ നേതൃത്വത്തിൽ അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷ എക്സിക്യൂട്ടീവ് അംഗങ്ങൾക്കുള്ള ഓറിയന്റേഷൻ ക്ലാസിന്റെ ഉദ്ഘാടനം അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷ ഡയറക്ടർ ഫാ. ഡൈസൻ യേശുദാസ് നിർവഹിക്കുന്നു*

# അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷക്ക് പുതിയ എക്സിക്യൂട്ടീവ്

തിരുവനന്തപുരം അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷ സമിതിയുടെ നേതൃത്വത്തിൽ അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷ എക്സിക്യൂട്ടീവ് അംഗങ്ങൾക്കുള്ള ഓറിയന്റേഷൻ ക്ലാസും തെരഞ്ഞെടുപ്പും ടി എസ് എസ് എസ് ഹാളിൽ നടന്നു. അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷ ഡയറക്ടർ ഫാ. ഡൈസൻ യേശുദാസ് പരിപാടി ഉദ്ഘാടനം ചെയ്തു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഇമ്മാനുവൽ ഓറിയന്റേഷൻ ക്ലാസ് നയിച്ചു.

അതിരൂപതയിലെ ഫറോനകളിൽ നിന്നായി തിരഞ്ഞെടുക്കപ്പെട്ട വിദ്യാഭ്യാസ ശുശ്രൂഷ എക്സിക്യൂട്ടീവ് അംഗങ്ങൾ പരിപാടിയിൽ പങ്കെടുത്തു. അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷ ഡയറക്ടറായി ഫാ. ഡൈസൻ യേശുദാസ്, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഇമ്മാനുവൽ, വൈസ് പ്രസിഡന്റായി കോവളം ഫെറോനയിലെ വില്യം ലാൻസി, സെക്രട്ടറിയായി പേട്ട ഫെറോനാംഗം ദേവദാസ്, വിദ്യാർത്ഥി ഫോറം പ്രതിനിധിയായി പാളയം ഫെറോനാംഗം സീമ രാജ്, ഉന്നത വിദ്യാഭ്യാസം പുതുക്കുറിച്ചി ഫെറോനയിൽ നിന്ന് ശാന്തി ജെറോം, സ്കൂൾ വികസനം പുല്ലുവിള ഫെറോനാംഗം ഷെറി ജെ സി, സിസ്റ്റർ ആനിമേറ്ററായി സിസ്റ്റർ മെർലിൻ, വിദ്യാഭ്യാസ വിദഗ്ധരായി പനോവ, പേട്ട ഫെറോനയിൽ നിന്നും എലിസബത്ത്, കോവളം ഫെറോനിൽ നിന്നും മോസസ് അൽഫോൺസ്, അഞ്ചുതെങ്ങ് ഫെറോനിൽ നിന്നും വാവാ രാജു, കഴക്കൂട്ടം ഫെറോനയിൽ നിന്ന് ജോൺ സക്കറിയ, വലിയതുറ ഫെറോനയിൽ നിന്ന് റീന, തൂത്തൂർ ഫെറോനാംഗം സ്റ്റാലിൻ അലക്സാണ്ടർ, ജോയ് ജോൺ എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.



*ലത്തീൻ കത്തോലിക്കരും സാമൂഹിക രാഷ്ട്രീയ നേതൃത്വവും എന്ന വിഷയാടിസ്ഥാനത്തിൽ ഏകവർഷ പാഠ്യപദ്ധതിയുടെ ആദ്യ സെഷൻ*



സ്ത്രീകൾക്കെതിരെയുണ്ടാകുന്ന അക്രമങ്ങൾക്കെതിരെ കേരള ലാറ്റിൻ കാത്തലിക് വിമൻസ് അസോസിയേഷന്റെ (കെഎൽസിഡബ്ല്യുഎ) നേതൃത്വത്തിൽ സെക്രട്ടറിയേറ്റിന് മുന്നിൽ നടത്തിയ ധർണ്ണ

# സ്ത്രീകളോടുള്ള അക്രമങ്ങൾക്കെതിരെ കെഎൽസിഡബ്ല്യുഎ ധർണ്ണ നടത്തി

സ്ത്രീകളുടെ നേർക്കുണ്ടാകുന്ന അക്രമങ്ങൾക്കെതിരെ കേരള ലാറ്റിൻ കാത്തലിക് വിമൻസ് അസോസിയേഷന്റെ (കെഎൽസിഡബ്ല്യുഎ) നേതൃത്വത്തിൽ സെക്രട്ടറിയേറ്റിന് മുന്നിൽ ധർണ്ണ നടത്തി. ലഹരി മാഫിയയുടെ പിടിയിലാണ് കേരളമെന്നും, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം തുറക്കുമ്പോൾ കോർപ്പറേറ്റുകളുടെ നേതൃത്വത്തിൽ വിവിധ ലഹരി മാഫിയകളുടെ ഹബ്ബായി കേരളം മാറുമെന്നും ധർണ്ണ ഉദ്ഘാടനം ചെയ്ത മോൺ യൂജിൻ.എച്ച്.പേരെര പറഞ്ഞു . പാളയം രക്തസാക്ഷി മണ്ഡപത്തിൽ നിന്നാരംഭിച്ച ധർണ്ണ കെഎൽസിഡബ്ല്യുഎ സംസ്ഥാന സെക്രട്ടറി മെറ്റിൽഡ മൈക്കിൾ ഫ്ളാഗ് ഓഫ് ചെയ്തു.

ഡോ. വന്ദന ദാസിന്റെ കൊലപാതകത്തിന്റെ പശ്ചാതലത്തിൽ വന്ദനയുടെ കുടുംബാംഗങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചു. കേരളത്തിലെ സ്ത്രീകൾ സുരക്ഷിതരല്ലെന്ന അവബോധം സൃഷ്ടിക്കുകയാണ് പ്രതിഷേധത്തിലൂടെ ലക്ഷമാക്കുന്നതെന്ന് സംഘാടകർ വ്യക്തമാക്കി. സർക്കാർ താലൂക്ക് ആശുപത്രിയിൽ വച്ച് നടന്ന അക്രമത്തിൽ ഇരയായ ഡോ. വന്ദന ദാസിന് പ്രാഥമിക ചികിത്സപോലും ആശുപത്രിയിൽ ലഭ്യമാകാത്ത പശ്ചാത്തലത്തിലാണ് സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റിയത്. സർക്കാർ ജീവനക്കാർക്ക് പോലും സുരക്ഷിതത്വം ഉറപ്പുവരുത്താൻ സാധിക്കുന്നില്ല. സൗമ്യ വധക്കേസ്, വാളയാർക്കേസ് എന്നിവയൊക്കെ കേരളം മദ്യലഹരി മാഫിയകളുടെ പിടിയിലാണെന്ന് വ്യക്തമാക്കുന്ന തെളിവുകളാണെന്ന് ധർണ്ണ വിലയിരുത്തി.

അതിരൂപത അൽമായ, സാമൂഹിക, മത്സ്യമേഖല, കെസിവൈഎം അംഗങ്ങളും ധർണ്ണയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു. കെഎൽസിഡബ്ല്യുഎ രൂപത ജനറൽ സെക്രട്ടറി ശ്രീമതി ഷേർളി ജോണി, രൂപത പ്രസിഡന്റ് ശ്രീമതി ജോളി പത്രോസ്, കെഎൽസിഎ രൂപത പ്രസിഡന്റ് ശ്രീ. പാട്രിക് മൈക്കിൾ, ശ്രീമതി പ്രീതി, കെ സി വൈ എം വൈസ് പ്രസിഡന്റ് ശ്രീമതി ഷീബ ജസ്റ്റിൻ എന്നിവർ സംസാരിച്ചു.

# ഏകവർഷ പാഠ്യപദ്ധതി ഒരുക്കി തിരുവനന്തപുരം ലത്തീൻ അതിരൂപത

ലത്തീൻ കത്തോലിക്കരും സാമൂഹിക രാഷ്ട്രീയ നേതൃത്വവും എന്ന വിഷയാടിസ്ഥാനത്തിൽ ഏകവർഷ പാഠ്യപദ്ധതിയൊരുക്കി അതിരൂപത. 13-ാം തിയതി വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് നടന്ന ആദ്യ സെഷൻ മോൺ. ജെയിംസ് കുലാസ് ഉത്ഘാടനം ചെയ്തു.

2023 മെയ് മുതൽ 2024 ഏപ്രിൽ വരെ വെള്ളയമ്പലത്തു വച്ച് നടക്കുന്ന ഏകവർഷ പഠന പരിശീലന പരിപാടിയിൽ 18 നും 40നും മധ്യേ പ്രായമുള്ള 60 പേരാണ് പങ്കുകാരാവുക. പ്രതിജ്ഞാബദ്ധരായ ലത്തീൻ കത്തോലിക്ക നേതാക്കളെ സാമൂഹിക രാഷ്ട്രീയ നേതൃത്വത്തിലേക്ക് രൂപപ്പെടുത്തുക, വൈകാരികവും മാനസികവും ബൗദ്ധികവുമായ വികാസവും പക്വതയും ആർജിച്ച് സാമൂഹിക പ്രതിബദ്ധതയുള്ള നേതൃത്വം സൃഷ്ടിക്കുകയെന്നതാണ് പരിശീലനത്തിലൂടെ ലക്ഷ്യമാക്കുന്നത്. വിവിധ ശുശ്രൂഷകളുടെയും സമുദായ സാമൂഹിക സംഘടനകളുടെയും സഹകരണത്തോടെയാണ് കോഴ്സ് നടത്തപ്പെടുന്നത്.

# ലോഗോസിൽ ഒന്നാം സ്ഥാനം നേടിയ റെയ്ച്ചലിന്റെ വിശേഷങ്ങൾ അറിയാം

ക്രിസ്തീയ വിശ്വാസ പരീശീലനത്തിന്റെ അടിസ്ഥാന ഘടകമാണ് ബൈബിൾ പഠനം. അതിന്റെ ഭാഗമാണ് കേരള കാത്തലിക് ബൈബിൾ സൊസൈറ്റി എല്ലാവർഷവും നടത്തിവരുന്ന ലോഗോസ് ക്വിസ് മത്സരവും. ഈ വർഷത്തെ ലോഗോസ് ക്വിസ് മത്സരത്തിൽ ഗ്രൂപ്പ് എ വിഭാഗത്തിൽ സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയിരിക്കുന്നത് തിരുവനന്തപുരത്ത് നിന്നുള്ള റെയ്ച്ചൽ റെജി ഫ്രാൻസിസ് ആണ്.



കഴിഞ്ഞവർഷം നടന്ന ലോഗോസ് ക്വിസ് മത്സരത്തിലാണ് റെയ്ച്ചൽ ഈ അഭിമാന നേട്ടം കൈവരിച്ചത്. ഇതിനുമുമ്പ് റെയ്ച്ചലിന് ലോഗോസ് മത്സരത്തിൽ സമ്മാനങ്ങൾ കിട്ടിയിട്ടുണ്ടെങ്കിലും സംസ്ഥാനതലത്തിൽ ഒന്നാംസ്ഥാനം ഇതാദ്യമായാണ്. തിരുവനന്തപുരം അതിരൂപതയിലെ മുട്ടട ഇടവകയിലെ റെജി ഫ്രാൻസിസ്-ട്രീസ റെജി ദമ്പതികളുടെ രണ്ടു മക്കളിൽ മൂത്തയാളാണ് റെയ്ച്ചൽ. നാലാഞ്ചിറ സർവോദയ സ്കൂൾ വിദ്യാർത്ഥിനിയായ റെയ്ച്ചൽ എട്ടാം ക്ലാസ്സിലേക്ക് കടക്കാനുള്ള തിരക്കിലാണ്. സ്കൂൾ പഠനത്തിന് സമയം തികയാതെ വരുന്ന ഇക്കാലത്ത് സ്കൂളും മതബോധനവും ഒരുമിച്ച് കൊണ്ടുപോകാനാണ് ഇഷ്ടമെന്ന് റെയ്ച്ചൽ പറയുന്നു. സ്കൂൾ പഠനം കഴിഞ്ഞുള്ള വൈകുന്നേരങ്ങളിലും ഒഴിവുദിനങ്ങളിലും ടൈംടേബിൾ ക്രമീകരിച്ചാണ് റെയ്ച്ചൽ ലോഗോസ് ക്വിസിന് ഒരുങ്ങിയത്. ക്വിസിന് പഠിക്കാനും മത്സരിക്കാനും റെയ്ച്ചലിനെ ഏറ്റവുമധികം പ്രോത്സാഹനവും പിന്തുണയും നൽകിയത് റെയ്ച്ചലിന്റെ മുത്തശ്ശിയാണ്. ഈ വലിയ അംഗീകാരം തന്റെ മുത്തശ്ശിക്കാണ് ഈ കുഞ്ഞുമിടുക്കി സമർപ്പിക്കുന്നത്. കൂടെ നിന്ന മാതാപിതാക്കളോടും അദ്ധ്യാപകരോടും വളരെ നന്ദിയുണ്ടെന്നും ഈ അഭിമാനനേട്ടത്തിൽ സന്തോഷവതിയാണെന്നും റെയ്ച്ചൽ പറഞ്ഞു.

# വെള്ളയമ്പലത്തും കരുംകുളത്തും കെ.എൽ.സി.എ ജനജാഗ്രതാ സദസ് നടത്തി

കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ (കെ.എൽ.സി.എ) 2019 തീരനിയന്ത്രണ വിജ്ഞാപനത്തിന്റെ കരട് മാപ്പ് അവബോധ സെമിനാറും, സംവാദവും സംഘടിപ്പിച്ചു. കേരളത്തിൽ ആദ്യമായാണ് ഈ സംരംഭം. തീരനിയന്ത്രണ വിജ്ഞാപന പ്രകാരമുള്ള കരട് പ്ലാൻ 2023 മേയ് 8ന് സർക്കാർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ പരാതികൾ ഉണ്ടെങ്കിൽ 30 ദിവസത്തിനുള്ളി ഫയൽ ചെയ്യണം. ഇപ്പോൾ പല പഞ്ചായത്തുകളും സി.ആർ.ഇസഡ് 2വിൽ ആയിട്ടുണ്ട്. ഇത് തീര നിർമാണത്തിന് അനുകൂലമായ ഘടകമാണ്. എങ്കിലും മാപ്പിൽ പല സ്ഥലങ്ങളും നോൺ ഡെവലപ്മെന്റ് (എൻ.ഡി.ഇസഡ്) സോണിലാണ്. സി.ആർ.ഇസഡ് മേഖലയിലുള്ള ഓരോരുത്തരും അവരവരുടെ സർവേ നമ്പർ വച്ച് പരിശോധിച്ചാൽ മാത്രമേ സ്ഥലം കെട്ടിട നിർമ്മാണത്തിന് അനുമതിയുള്ള സ്ഥലമാണോ എന്ന് മനസ്സിലാക്കാൻ സാധിക്കുയുള്ളൂ. തടസ്സമുള്ള സ്ഥലമാണെങ്കിൽ ജൂൺ മാസം 6നകം ഒബ്ജക്ഷൻ ഫയൽ ചെയ്തില്ലെങ്കിൽ പിന്നീട് ഒരിക്കലും വീട് നിർമ്മാണം സാധ്യമാവുകയില്ല. അത് പരിശോധിക്കുന്നതിനും തടസ്സമുള്ള സ്ഥലമാണെങ്കിൽ ഒബ്ജക്ഷൻ ഫയൽ ചെയ്യുന്നതിനുള്ള സഹായം ചെയ്യുന്നതിനുമാണ് കെ.എൽ.സി.എയുടെ നേതൃത്വത്തിൽ ജനജാഗ്രതസദസ്സ് നടത്തുന്നത്. കെ.എൽ.സി.എ സംസ്ഥാന പ്രസിഡന്റ് അഡ്വ.ഷെറി.ജെ.തോമസാണ് നേതൃത്വം നൽകിയത്. തീരദേശ മേഖലയിലും, ജലാശയത്തിന് സമീപവും, കൈത്തോടുകൾക്ക് സമീപവും വീടും, സ്ഥലവുമുള്ളവർ സർവ്വേ നമ്പറുമായി ജനജാഗ്രത സദസ്സിൽ എത്തിയാൽ അവരുടെ നിജസ്ഥിതി ബോധ്യപ്പെടുത്താൻ സാധിക്കും.



*രാജധാനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനിയറിങ് ആൻഡ് ടെക്നോളജി സംഘടിപ്പിച്ച 'ആസ്പയർ 2022'ൽ നടന്ന യംഗ് സ്റ്റുഡന്റ് സയന്റിസ്റ്റ് പ്രോഗ്രാമിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ഹാൻസൺ.ആർ.തോമസിനെ ആർച്ച് ബിഷപ്പ് റ വ.ഡോ.തോമസ്.ജെ.നെറ്റോ അനുമോദിക്കുന്നു*

# യംഗ് സ്റ്റുഡന്റ് സയന്റിസ്റ്റ് പ്രോഗ്രാമിൽ ഒന്നാം സ്ഥാനം നേടി ഹാൻസൺ

രാജധാനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനിയറിങ് ആൻഡ് ടെക്നോളജി സംഘടിപ്പിച്ച 'ആസ്പയർ 2022'ൽ നടന്ന യംഗ് സ്റ്റുഡന്റ് സയന്റിസ്റ്റ് പ്രോഗ്രാമിൽ ഹാൻസൺ.ആർ.തോമസ് ഒന്നാം സ്ഥാനം കരസ്ഥമാക്കി. കൊല്ലം, തിരുവനന്തപുരം, ആറ്റിങ്ങൽ എന്നിവിടങ്ങളിൽ നിന്നും പങ്കെടുത്ത 8 മുതൽ 12-ാം ക്ലാസ് വരെയുള്ള 168 കുട്ടികളെ പിന്നിലാക്കിയാണ് ഹാൻസൺ ഒന്നാം സ്ഥാനം കരസ്ഥമാക്കിയത്. 50000 രൂപയുടെ ക്യാഷ് അവാർഡും മൊമെന്റോയും ആണ് വിജയിക്ക് സമ്മാനമായി ലഭിച്ചത്. തിരുവനന്തപുരം ആറ്റിങ്ങൽ ഇടവകയിലെ റോബിൻസൺ തോമസ്ട്യൂസി മേരി ദമ്പതികളുടെ മകനാണ് ഹാൻസൺ. സഹോദരി ഹന്ന.ആർ.തോമസ്. ഇരുവരും ആലങ്കോട് ലൗവ് ഡെയിൽ റെസിഡൻഷ്യൽ സ്കൂൾ വിദ്യാർത്ഥികളാണ്. ഇടവകയുടെയും ഫെറോനയുടെയും നേതൃത്വത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ ആർച്ച് ബിഷപ്പ് ഡോ.തോമസ്.ജെ.നെറ്റോ ഹാൻസണെ അനുമോദിച്ചു.

# കരട് തീരദേശ പരിപാലന പദ്ധതി പൊതു ഹിയറിങ്ങ്: പരാതിയുമായി കെ.എൽ.സി.എ.

തീരദേശ നിയന്ത്രണങ്ങളിലെ മാറ്റങ്ങളെക്കുറിച്ചുള്ള തങ്ങളുടെ ആശങ്കകളും സംശയങ്ങളും പരിഹരിക്കുന്നതിൽ കേരള തീരദേശ പരിപാലന അതോറിറ്റി (കെ.സി.ഇസഡ്.എം.എ) പരാജയപ്പെട്ടതായി കെ.എൽ.സി.എ. തിങ്കളാഴ്ച കളക്ടറേറ്റിൽ നടന്ന കരട് തീരദേശ പരിപാലന പദ്ധതിയുടെ (സി.ഇസഡ്.എം.പി) പൊതു ഹിയറിംഗിൽ പങ്കെടുക്കുകയായിരുന്നു തീരദേശവാസികൾ. വിഴിഞ്ഞം തുറമുഖത്തിനടുത്തുള്ള കരുങ്കുളം പഞ്ചായത്തിന്റെ ഭൂപടം CRZ II, CRZ III A പ്രകാരം അടയാളപ്പെടുത്തിയതിനാൽ കൂടുതൽ ആശയക്കുഴപ്പം സൃഷ്ടിച്ചു. 'നിർമ്മാണ പ്രവർത്തനങ്ങളിൽ നിവാസികൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി തുറമുഖ നിർമ്മാണ കമ്പനിക്ക് അനുകൂലമായാണ് ഭൂപടം നിർമ്മിച്ചത്. ധാതു നിക്ഷേപം കണ്ടെത്തിയതായി അവകാശപ്പെട്ടു.അത്തരം അവകാശവാദങ്ങൾ സംശയാസ്പദമാണ്, കാരണം ഗുജറാത്ത് സർക്കാരും അവിടെ തുറമുഖം പണിയുന്നതിനായി ആളുകളെ മാറ്റിപ്പാർപ്പിക്കാൻ ഇതേ രീതിയാണ് പരീക്ഷിച്ചതെന്നും കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ രൂപതാ കമ്മിറ്റി പ്രസിഡന്റ് പാട്രിക് മൈക്കിൾ പറഞ്ഞു. പൊതു ഹിയറിങ്ങിന് വേണ്ട പ്രചാരണം നൽകിയില്ലെന്നും പാട്രിക് മൈക്കിൾ പരാതിപ്പെട്ടു. പഞ്ചായത്തുകൾ, ലത്തീൻ സഭാ പ്രതിനിധികൾ മുസ്ലീം സംഘടനകൾ തുടങ്ങിയവയെ പ്രതിനിധീകരിച്ച് 80ൽ താഴെ ആളുകളാണ് പബ്ലിക് ഹിയറിങ്ങിനെത്തിയത്. കോർപ്പറേഷനിൽനിന്നും ഏതാനും പഞ്ചായത്തുകളിൽ നിന്നും ജനപ്രതിനിധികൾ ആരുമുണ്ടായിരുന്നില്ല. കോർപ്പറേഷന്റെ പരിധിയിൽ വരുന്ന 23 ഗ്രാമപഞ്ചായത്തുകളിലും മൂന്ന് മുനിസിപ്പാലിറ്റികളിലും തീരപ്രദേശങ്ങളിലും താമസിക്കുന്നവരെയാണ് CRZ നിയന്ത്രണം ബാധിക്കുന്നത്. 2019ലെ തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനമനുസരിച്ച് ദുരിതബാധിതർക്ക് തങ്ങളുടെ വസ്തുവകകൾ കൃത്യമായി അടയാളപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കാൻ കേരള തീരദേശ പരിപാലന അതോറിറ്റി തദ്ദേശസ്ഥാപനങ്ങളിൽ ഒരു കൂട്ടം ഭൂപടങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്

# ലോഗോസ് ക്വിസ് മൊബൈൽ ആപ്പിന്റെ ആറാം പതിപ്പ് ലോഞ്ച് ചെയ്തു



ലോഗോസ് ക്വിസിന് കുട്ടികൾക്ക് ഒരുങ്ങാൻ സഹായിക്കുന്ന ലോഗോസ് ക്വിസ് മൊബൈൽ ആപ്പിന്റെ ആറാം പതിപ്പ് പുറത്തിറക്കി തിരുവനന്തപുരം ലത്തീൻ അതിരൂപത. അതിരൂപതയുടെ കീഴിലുള്ള മീഡിയ കമ്മീഷൻ ആണ് ആപ്പ് നിർമ്മിച്ചതും പുറത്തിറക്കിയതും. ഇംഗ്ലീഷിലും മലയാളത്തിലും ലഭ്യമായ മൊബൈൽ ആപ്പ് പ്ലേ സ്റ്റോറിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. ചടങ്ങിന്റെ ഉദ്ഘാടനവും മൊബൈൽ ആപ്പിന്റെ ഇംഗ്ലീഷ് പതിപ്പിന്റെ ലോഞ്ചിങ്ങും തിരുവനന്തപുരം അതിരൂപത സഹായമെത്രാൻ ഡോ.ക്രിസ്തുദാസ് നിർവഹിച്ചു. അതിരൂപതയുടെ വളർച്ചയ്ക്ക് മീഡിയ കമ്മീഷന്റെ പ്രവർത്തനങ്ങൾ വളരെ സഹായകമാണെന്നും ക്രിസ്തുദാസ് പിതാവ് പറഞ്ഞു. കുട്ടികൾ ലോഗോസ് ക്വിസിനെ ഒരു മത്സരം എന്നതിനപ്പുറം ഒരു വിനോദമായി സമീപിക്കണമെന്നും ലോഗോസ് മൊബൈൽ ആപ്പ് ബൈബിൾപഠനം എളുപ്പമാക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കഴിഞ്ഞ വർഷത്തെ ലോഗോസ് ക്വിസ് മത്സരത്തിൽ ഗ്രൂപ്പ് എ വിഭാഗത്തിൽ സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ തിരുവനന്തപുരത്ത് നിന്നുള്ള റെയ്ച്ചൽ റെജിയെ ചടങ്ങിൽ അനുമോദിച്ചു. അതിരൂപതയുടെ മീഡിയ കമ്മീഷൻ മുൻ ഡയറക്ടർ ഫാ.ദീപക് ആന്റോ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ലോഗോസ് ക്വിസ് മൊബൈൽ ആപ്പിന്റെ മലയാളം പതിപ്പ് അതിരൂപത കോർപ്പറേറ്റ് മാനേജർ ഫാ.ഡൈസൺ ലോഞ്ച് ചെയ്തു. ബ്രദർ സാലു സ്വാഗതകർമ്മം നിർവഹിച്ചു. ജീവജ്യോതി പ്രസ് ഡയറക്ടർ ഫാ.റോഷൻ, ഫാ.മനീഷ്, ആപ്പ് ഇംഗ്ലീഷ് പതിപ്പിലേക്കായി ചോദ്യോത്തരങ്ങൾ പരിഭാഷപ്പെടുത്തിയ ക്രൈസ്റ്റ് നഗർ സ്കൂൾ മുൻ പ്രിൻസിപ്പാൾ ശ്രീ അലക്സ്, ലോഗോസ് ക്വിസ് പുസ്തകത്തിന്റെയും അപ്പിന്റെയും പിന്നിൽ പ്രവർത്തിച്ച ശ്രീ ഷാജി ജോർജ്, മീഡിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് സെക്രട്ടറി സതീഷ് എന്നിവർ പങ്കെടുത്തു.

# മണിപ്പൂരിൽ നിലനിൽക്കുന്നത് ഭയാനക സാഹചര്യം; സംഘർഷത്തിൽ ഞെട്ടൽ രേഖപ്പെടുത്തി ബംഗളുരു ബിഷപ്പ് പീറ്റർ മച്ചാഡോ

ബംഗളൂരു:മണിപ്പൂർ സംഘർഷത്തിൽ ഞെട്ടൽ രേഖപ്പെടുത്തി ബംഗളുരു ബിഷപ്പ് പീറ്റർ മച്ചാഡോ.41% ക്രിസ്ത്യൻ ജനസമൂഹം ഭയത്തോടെയാണ് കലാപഭൂമിയിൽ ജീവിക്കുന്നത്.ഇവരുടെ സുരക്ഷ ഉറപ്പാക്കാൻ ഉള്ള ഉത്തരവാദിത്തം ബിജെപി സർക്കാരിന് ഉണ്ട്.നിരവധി ക്രിസ്ത്യൻ പള്ളികൾ നശിപ്പിക്കപ്പെട്ടു.മണിപ്പൂരിൽ നിലനിൽക്കുന്നത് ഭയാനക സാഹചര്യം.മത വിശ്വാസത്തിന്റെ പേരിൽ ജനങ്ങൾ ആക്രമിക്കപ്പെടുന്നു.കേന്ദ്ര സർക്കാരിന്റെ ഇടപെടൽ അടിയന്തരമായി വേണമെന്നും ബിഷപ്പ് പീറ്റർ മച്ചാഡോ പ്രസ്താവനയിൽ ആവശ്യപ്പെട്ടു. കലാപത്തിൽ ആശങ്ക പ്രകടിപ്പിച്ച യുണൈറ്റഡ് ക്രിസ്ത്യൻ ഫോറം അക്രമികൾക്ക് എതിരെ സർക്കാർ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു





*അജപാലന ശുശ്രൂഷ സമിതിയുടെ വാർഷികം തിരുവനന്തപുരം വെള്ളയമ്പലം ടി.എസ്.എസ്.എസ് ഹാളിൽ ലത്തീൻ അതിരൂപത ആർച്ച്ബിഷപ്പ് ഡോ.തോമസ്.ജെ.നെറ്റോ നിർവഹിക്കുന്നു*

*2023–24 വർഷത്തേക്കുള്ള ക്രിസ്തീയ വിശ്വാസ പരിശീലന സമിതിയുടെ ഡയറിയുടെ പ്രകാശനം ലത്തീൻ അതിരൂപത ആർച്ച്ബിഷപ്പ് ഡോ.തോമസ്.ജെ.നെറ്റോ നിർവഹിക്കുന്നു*

# അതിരൂപത വിശ്വാസ പരിശീലന സമിതി വാർഷികം നടത്തി

തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ കീഴിലുള്ള അജപാലന ശുശ്രൂഷ സമിതിയുടെ വാർഷികം തിരുവനന്തപുരം വെള്ളയമ്പലം ടി.എസ്.എസ്.എസ് ഹാളിൽ നടന്നു. ആർച്ച്ബിഷപ്പ് ഡോ.തോമസ്.ജെ.നെറ്റോ വാർഷികത്തിന്റെ ഉദ്ഘാടനവും 2023 –24 വർഷത്തേക്കുള്ള ക്രിസ്തീയ വിശ്വാസ പരിശീലന സമിതിയുടെ ഡയറിയുടെ പ്രകാശനവും നിർവഹിച്ചു. ടെക്നോളജി വളർന്ന ഈ കാലഘട്ടത്തിൽ ബൈബിൾ പഠനവും സുവിശേഷ പ്രഘോഷണവും ഏറെ പ്രധാനമാണെന്ന് പിതാവ് പറഞ്ഞു. പത്രം വായന കുട്ടികൾ ശീലമാക്കേണ്ട ഒരു കാര്യമാണ്. നമ്മുടെ രാജ്യത്ത് നടക്കുന്ന കാര്യങ്ങൾ അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്. മതബോധന പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ കുട്ടികളെയും പിതാവ് അഭിനന്ദിച്ചു. കഴിഞ്ഞ വർഷത്തെ മതബോധന പരീക്ഷയിൽ അതിരൂപതാതലത്തിൽ 5 മുതൽ പിജി വരെയുള്ള ക്ലാസ്സുകളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് മതബോധന സമിതിയുടെ നേതൃത്വത്തിൽ സമ്മാനങ്ങൾ നൽകി. കഴിഞ്ഞ വർഷത്തെ ലോഗോസ് ക്വിസ് മത്സരത്തിൽ ഗ്രൂപ്പ് എ വിഭാഗത്തിൽ സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ തിരുവനന്തപുരത്ത് നിന്നുള്ള റെയ്ച്ചൽ റെജിയെ ചടങ്ങിൽ അനുമോദിച്ചു. അതിരൂപത അജപാലന ശുശ്രൂഷ സമിതി ഡയറക്ടർ ഫാ.ഡാർവിൻ പീറ്റർ അദ്ധ്യക്ഷത വഹിച്ചു. ഫാ.ഡാർവിൻ ഫെർണാണ്ടസ്, അതിരൂപത മതബോധന സെക്രട്ടറി ഇഗ്നേഷ്യസ് ലയോള എന്നിവർ പങ്കെടുത്തു.



*പാളയം സെന്റ് ജോസഫ്സ് മെട്രോപ്പൊളീറ്റൻ കത്തീഡ്രൽ ദേവാലയത്തിന്റെ 150ാം വാർഷികത്തോടനുബന്ധിച്ചുള്ള കൃതജ്ഞതാബലി ആർച്ച് ബിഷപ്പ് ഡോ. തോമസ് ജെ. നെറ്റോയുടെ മുഖ്യ കാർമികത്വത്തിൽ നടന്നപ്പോൾ.*

# രക്ഷയും ശിക്ഷയും

**പരിശുദ്ധ ത്രീത്വത്തിന്റെ തിരുനാൾ (ജൂൺ 4)** പുറ. 34:4b-6. 8-9 2 കൊറി. 13:11-13. യോഹ. 3: 16-18

**ഫാ. സി.കെ.തോപ്പിൽ**

മനുഷ്യന്റെ യോഗ്യത കൊണ്ട് സമ്പാദിക്കാവുന്ന ഒന്നല്ല രക്ഷ. മനുഷ്യന് സ്വാഭാവികമായി അർഹിക്കുന്നത് ശിക്ഷയാണ്. പാപമാണ് മനുഷ്യനെ ശിക്ഷയുടെ അവകാശിയാക്കിയത്. 'പാപത്തിന്റെ ശമ്പളം മരണമാണ്"

ദൈവത്തിന്റെ സ്നേഹത്തിന്റെ മുഖമാണ് യേശു. തന്റെ ഏകജാതനെ നൽകുവാൻ തക്കവണ്ണം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു. യേശുവിൽ വിശ്വസിക്കുകയെന്നാൽ യേശുവിലൂടെ വെളിപ്പെട്ട ദൈവസ്നേഹത്തിൽ വിശ്വസിക്കുക എന്നർത്ഥം. മനുഷ്യനെ ദൈവത്തിലേക്ക് ഉയർത്തുന്നതിനാണ് ദൈവം മനുഷ്യനായത്. യേശുവിൽ ഒരേസമയം ദൈവത്തിന്റെ അവരോഹണവും മനുഷ്യന്റെ ആരോഹണവും സംഭവിക്കുന്നു. സ്വയം നല്കുകവഴി, മനുഷ്യനെയും ലോകത്തെയും സ്നേഹിച്ച ദൈവത്തിന്റെ മുഖമാണ് യേശുവിൽ ചരിത്രം കണ്ടത്. യേശുവിൽ വിശ്വസിക്കുകയെന്നാൽ മനുഷ്യനിലേക്ക് ഇറങ്ങിവന്ന് മനുഷ്യന് പുത്രത്വം നൽകുന്ന ദൈവത്തിൽ വിശ്വസിക്കുക എന്നർത്ഥം. സ്വപുത്രനെ നൽകി ലോകത്തെ സ്നേഹിച്ചു എന്നതിലാണ് ദൈവസ്നേഹത്തിന്റെ അനന്യതയും മഹനീയതയും. അത് പുത്രനിൽ വിശ്വസിക്കുന്നവർക്ക് നിത്യജീവൻ ഉണ്ടാകേണ്ടതിനാണ്. നിത്യജീവൻ ദൈവീകജീവനിലുള്ള പങ്കാളിത്തമാണ്. പുത്രനിലൂടെ ലഭിക്കുന്ന പുത്രത്വമാണ് നിത്യജീവൻ.

ജന്മംകൊണ്ടും കർമ്മംകൊണ്ടും മനുഷ്യൻ പാപിയാണെന്നുള്ളതാണ് ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാന പ്രമാണം. രക്ഷ പാപത്തിൽനിന്നുള്ള മോചനമാണ്. യേശു രക്ഷകനാണെന്ന് വിശ്വസിക്കുന്നവൻ ശിക്ഷയ്ക്ക് വിധിക്കപ്പെടുന്നില്ല. എന്തെന്നാൽ, ' ആകാശത്തിന് കീഴെ മനുഷ്യരുടെ ഇടയിൽ നമുക്ക് രക്ഷയ്ക്ക് വേണ്ടി മറ്റൊരു നാമവും നൽകപ്പെട്ടിട്ടില്ല' (അപ്പ.പ്രവ 4:12). ആകയാൽ ഇപ്പോൾ യേശുക്രിസ്തുവിനോട് ഐക്യപ്പെട്ടിരിക്കുന്നവർക്ക് ശിക്ഷാവിധിയില്ല. എന്തെന്നാൽ യേശുക്രിസ്തുവിലുള്ള ജീവാത്മാവിന്റെ നിയമം നിന്നെ പാപത്തിന്റെയും മരണത്തിന്റെയും നിയമത്തിൽനിന്ന് സ്വതന്ത്രനാക്കിയിറിക്കുന്നു.

മനുഷ്യന്റെ യോഗ്യതകൊണ്ട് സമ്പാദിക്കാവുന്ന ഒന്നല്ല രക്ഷ. മനുഷ്യന് സ്വാഭാവികമായി അർഹിക്കുന്നത് ശിക്ഷയാണ്. പാപമാണ് മനുഷ്യനെ ശിക്ഷയുടെ അവകാശിയാക്കിയത്. 'പാപത്തിന്റെ ശമ്പളം മരണമാണ്' (റോമ 6:23). യേശുക്രിസ്തുവിലൂടെ നൽകപ്പെട്ട ദാനമാണ് രക്ഷ. അത് യേശുവിൽ വിശ്വസിക്കുന്നവർക്കുള്ളതാണ്. ഏകജാതനിൽ വിശ്വസിക്കുക എന്നത് സ്വീകാര്യതയുടെ സ്പഷ്ടമായ അടയാളമാണ്. വിശ്വാസത്തിന്റെ ഫലം രക്ഷയും അവിശ്വാസത്തിന്റെ ഫലം ശിക്ഷയുമാണ്. ■

# ദിവ്യകാരുണ്യമെന്ന ദിവ്യഔഷധം

**ദിവ്യകാരുണ്യ തിരുനാൾ (ജൂൺ 11)** നിയമ. 8:2-3, 14b-16, 1 കൊറി. 10:16-17, യോഹ. 6:51-58

**ഫാ. ഡൈസൺ**

2014-ാം ആണ്ടിൽ ഇസ്രായേൽ സന്ദർശനത്തിന്റെ ഭാഗമായി ആർക്കും ബലിയർപ്പിക്കാൻ സാധിക്കാത്ത സെഹിയോൻ ഊട്ടുശാലയിൽ ബലിയർപ്പിച്ചുകൊണ്ട് ഫ്രാൻസിസ് പാപ്പ ഇസ്രായേൽ അധികൃതരോട് അഭ്യർത്ഥിച്ചു: ഈ വേദി തനിക്കായി മാത്രമല്ല സകലർക്കുമായി ബലിയർപ്പിക്കാൻ തുറക്കപ്പെടണം. കാരണം ഈ സ്ഥലം പരിശുദ്ധമാണ്, പരിപാവനമാണ്. ഇതെന്റെ ശരീരമാകുന്നുവെന്ന യേശുവിന്റെ തിരുമൊഴിയനുസരിച്ച് വെറും അപ്പം യേശുവിന്റെ ശരീരമായ ദിവ്യസ്ഥലം. ദിവ്യകാരുണ്യമെന്ന ദിവ്യഔഷധം മനുഷ്യകുലത്തിന് യേശു നല്കിയ പരിശുദ്ധമായ സ്ഥലം! ഒരോ ദേവാലയവും നിത്യതയുടെ അപ്പം വിളമ്പപ്പെടുന്ന സെഹിയോൻ ഊട്ടുശാലയാണ്.

ജീവിതത്തിലെ ഏറ്റവും നല്ല സമയം ദിവ്യകാരുണ്യത്തിന്റെ മുമ്പിൽ ചിലവിട്ട നിമിഷങ്ങളാണെന്ന് അനേകം വിശുദ്ധർ ഏറ്റു പറയുന്നു. ലോകത്തിൽ ഏറ്റവും കൂടുതൽ അത്ഭുതങ്ങൾ നടക്കുന്നത് ദിവ്യകാരുണ്യത്തിൽ നിന്നും പുറപ്പെടുന്ന ശക്തി കൊണ്ടാണ്.

## 1. ദിവ്യകാരുണ്യം ക്രൈസ്തവ ജീവിതത്തിന്റെ ശക്തി സ്രോതസ്സ്

പ്രപഞ്ചത്തിൽ സൂര്യ ചന്ദ്രന്മാരുടെ പ്രകാശം എത്രത്തോളം ആവശ്യമാണോ അതിലേറെ ലോകത്തിന് വിശുദ്ധ കുർബാനയുടെ ആവശ്യമുണ്ടെന്ന് നമ്മെ പഠിപ്പിച്ചത് വിശുദ്ധ പാദ്രേ പീയോ ആണ്. ഈ ലോകത്തിലെ ഏറ്റവും വലിയ ശക്തി സ്രോതസ്സ് ദിവ്യകാരുണ്യമാണെന്ന തിരിച്ചറിവിൽ നിന്നുകൊണ്ട് മദർ തെരേസായും സിസ്റ്റേഴ്സും തങ്ങളുടെ അനുദിന ജീവിതം ആരംഭിക്കുന്നതും അവസാനിപ്പിക്കുന്നതും ദിവ്യകാരുണ്യനാഥന്റെ മുമ്പിലാണ്. വിശുദ്ധ കുർബാനയിൽ നിന്നും നമ്മുടെ ജീവിതത്തെ വേർപ്പെടുത്തുകയാണെങ്കിൽ വലിയ തകർച്ച സംഭവിക്കുമെന്നും അതുകൊണ്ട് നമ്മുടെ ജീവിതം വിശുദ്ധ കുർബാനയ്ക്കും ചുറ്റും നെയ്യപ്പെട്ടതാകണമെന്നും വിശുദ്ധ മദർ തെരാസ പറയുന്നു. ആളുകൾ എന്നോടും എപ്പോഴും ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. മദറും, സിസ്റ്റേഴ്സും നിർവഹിക്കുന്ന ലോകത്തെ അതിശയിപ്പിക്കുന്ന ഈ ജോലികൾ ചെയ്യുവാനുള്ള സന്തോഷവും ശക്തിയും എവിടെ നിന്നും കിട്ടുന്നു? എനിക്ക് ഓരോയൊരു ഉത്തരമെയുള്ളൂ ദിവ്യകാരുണ്യത്തിൽ നിന്നാണ്. രോഗികൾക്ക് കൊടുക്കുവാൻ ആവശ്യമായ മരുന്നോ, ആഹാരമോ ഇല്ലാതെ വന്ന അവസരങ്ങളിൽ ദിവ്യകാരുണ്യത്തിന്റെ മുമ്പിൽ മുട്ടുകുത്തി പ്രാർത്ഥിച്ചപ്പോൾ അത്ഭുതകരമായ രീതിയിൽ ആവശ്യമുള്ളതെല്ലാം ലഭിച്ചുവെന്ന് മദർ തെരാസാ സാക്ഷ്യം നല്കുന്നു. എത്ര കോൺവെന്റുകൾ ഈ ലോകത്താകമാനം ഉണ്ടെന്ന് ഒരു അഭിമുഖത്തിൽ ചോദിച്ചപ്പോൾ മദർ തെരാസ ഇങ്ങനെ ഉത്തരം നല്കി: 584 സാക്രാരികൾ. മദറിന്റെയും സിസ്റ്റേഴ്സിന്റെ ജീവിതം ദിവ്യകാരുണ്യ കേന്ദ്രീതമായിരുന്നു.

ദിവ്യകാരുണ്യത്തിൽ നിന്ന് പുറപ്പെടുന്ന ശക്തി ഭക്തർക്ക് അനുഗ്രഹവും ശത്രുക്കൾക്ക് മാനസാന്തരവും നല്കുന്നു. സാരസൻ സൈന്യം ക്ലാര മഠത്തെ ആക്രമിച്ചപ്പോൾ വി.ക്ലാര ദിവ്യകാരുണ്യം എഴുന്നള്ളി വച്ച് പ്രാർത്ഥിക്കാൻ ആവശ്യപ്പെടുകയും, ദിവ്യകാരുണ്യമുള്ള അരുളിക്ക ശത്രു സൈന്യത്തിന്റെ നേർക്ക് പിടിക്കുവാൻ ആഹ്വാനം ചെയ്തു. ദിവ്യകാരുണ്യത്തെ കണ്ട ശത്രു സൈന്യം ഭയചകിതരായി ഓടിപോയി. മൂന്നു ദിവസം പട്ടിണി കിടന്ന ബോണോനില്ലോയുടെ കോവർ കഴുതയുടെ മുന്നിൽ ആഹാരവും ദിവ്യകാരുണ്യവും ഒരേസമയം വച്ചപ്പോൾ കോവേർ കഴുത മുട്ടുകുത്തി ദിവ്യകാരുണ്യത്തെ ആരാധിച്ചു. അതിലൂടെ അവിശ്വാസിയും ക്രൂരനുമായ ബോണോനില്ലോ വിശ്വാസിയായി മാറി. ജീവിതത്തിലെ ഏറ്റവും നല്ല സമയം ദിവ്യകാരുണ്യത്തിന്റെ മുമ്പിൽ ചിലവിട്ട നിമിഷങ്ങളാണെന്ന് അനേകം വിശുദ്ധർ ഏറ്റു പറയുന്നു. ലോകത്തിൽ ഏറ്റവും കൂടുതൽ അത്ഭുതങ്ങൾ നടക്കുന്നത് ദിവ്യകാരുണ്യത്തിൽ നിന്നും പുറപ്പെടുന്ന ശക്തി കൊണ്ടാണ്. യേശു ആവശ്യമുള്ളപ്പോൾ മാത്രം ക്ഷണിക്കപ്പെടേണ്ട ഒരു അതിഥിയല്ല. സൗകര്യപൂർവ്വം മറക്കാനും മാറ്റിവക്കാനുമുള്ള വ്യക്തിയുമല്ല, എപ്പോഴും നമ്മടോപ്പം ആയിരുന്നുകൊണ്ട് നമ്മെ ശക്തിപ്പെടുത്തുന്ന ദിവ്യവ്യക്തിയാണ്.

## 2. ദിവ്യകാരുണ്യം സ്വർഗ്ഗയാത്രയിലെ പാഥേയം

സ്വർഗ്ഗം തേടിയുള്ള മനുഷ്യന്റെ യാത്രയിൽ ദിവ്യകാരുണ്യം പാഥേയമാണ്, ആത്മാവിന്റെ അ

ന്നമാണ്, നിത്യതയുടെ ഔഷധമാണ്. ഇസ്രായേൽ ജനം വാഗ്ദത്ത ഭൂമിയെ നോക്കിയുള്ള പ്രയാണത്തിൽ വിശന്നപ്പോൾ ദൈവത്തെ നോക്കി നിലവിളിച്ചു. ദൈവം ആകാശത്തിൽ നിന്നും മന്നയും, കടലിൽ നിന്നും കാടപക്ഷിയും, പാറയിൽ നിന്നും തെളിനീരും നല്കി. ദൈവത്തിന്റെ മലയായ ഹെറോബിലേക്കുള്ള യാത്രയിൽ ഏലിയാ പ്രവാചകൻ ക്ഷീണത്താൽ വാടമുൾ ചെടിയുടെ തണലിൽ കിടന്ന് ഉറങ്ങിയപ്പോൾ ദൈവത്തിന്റെ ദൂതൻ തട്ടി എഴുന്നേല്പിച്ച് ചുട്ടടുത്ത അപ്പവും, ഒരു പാത്രം വെള്ളവും അവന് നല്കി. അത് ഭക്ഷിച്ച ഏലിയ നാല്പതു രാവും പകലും യാത്ര ചെയ്യുവാനുള്ള ശക്തി സംഭരിക്കുന്നു. സ്വർഗ്ഗം തേടിയുള്ള യാത്രയിൽ ആത്മാവിന് പാഥേയമാകാൻ സൃഷ്ട വസ്തുക്കൾക്ക് ആകില്ല അതുകൊണ്ട് ദൈവം തന്നെ മനുഷ്യന് കൈയ്യിലെടുക്കാവുന്ന, കഴിക്കാവുന്ന അപ്പമായി മാറുന്നു. ഫ്രാൻസിസ് പാപ്പ പറയുന്നു: 'യേശു ജീവന്റെ അപ്പമാണ് അവിടത്തെ ഒരു ഉപവിഭവമായി തരം താഴ്ത്തരുത്.' മാത്രമല്ല, നമ്മുടെ ജീവിതത്തിൽ കടക്കുന്നതിനും വസിക്കുന്നതിനും വേണ്ടിയാണ് യേശു അപ്പമായി മാറിയത്. യേശുവിനു മാത്രമെ ഇത് സാധിക്കുകയുള്ളു കാരണം മറ്റൊരു വ്യക്തിയെ എത്രമാത്രം സ്നേഹിച്ചാലും അയാൾക്ക് ഭക്ഷണമായി തീരാൻ സാധിക്കുകയില്ല. യേശു മനുഷ്യർക്ക് അപ്പമാകുന്നത് അവർക്ക് ജീവനുണ്ടാവാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ്. വി. ജോൺ പോൾ രണ്ടാമൻ പാപ്പ പറയുന്നു. നമ്മുടെ അൾത്താരകളിൽ മുറിക്കപ്പെടുന്ന അപ്പം മാലാഖമാരുടെ അപ്പമാണ്. ഈ ലോകപാതയിലെ വഴിയാത്രക്കാരായ നമുക്ക് നല്കപ്പെട്ടിരിക്കുന്നത് മാലഖമാർ ഭക്ഷിക്കുന്ന അപ്പമാണ്. ഈ അപ്പം വെറുമൊരു പദാർത്ഥമല്ല, യേശു ക്രിസ്തു തന്നെയാണ്. അതുകൊണ്ടാണ് കാർഡിനൽ ന്യൂമാൻ പറയുന്നു: 'പരിശുദ്ധ കുർബാനയിൽ എന്റെ കർത്താവിനെ എന്നും എനിക്ക് സ്വീകരിക്കാൻ സാധിക്കുന്നു.' വിശുദ്ധ കുർബാന സ്വീകരണം ഏറ്റവും ചെറുതും എളുപ്പവുമായ സ്വർഗ്ഗത്തിലേക്കുള്ള വഴിയാണെന്ന് വിശുദ്ധ പത്താം പീയുസ് പാപ്പ പറയുന്നു.

### 3. ദിവ്യകാരുണ്യം ദൈവം നല്കിയ ഏറ്റവും വലിയ സമ്മാനം

ഈ ലോകത്തിന് ദിവ്യകാരുണ്യത്തെക്കാൾ വലിയൊരു സമ്മാനം ദൈവത്തിന് നല്കുവാൻ കഴിയുമോയെന്ന് ശങ്കിക്കേണ്ടിയിരിക്കുന്നു. കാരണം ദിവ്യകാരുണ്യമെന്നാൽ ക്രിസ്തുവാണ്. അതുകൊണ്ടാവണം തോമസ് അക്വീനാസ് പറയുന്നു: 'ദൈവം ചെയ്ത അത്ഭുതങ്ങളിൽ വച്ച് ഏറ്റവും വലിയ അത്ഭുതവും, അത്ഭുതങ്ങളുടെ സമാഹാരവുമാണ് ദിവ്യകാരുണ്യം.' മറ്റു കൂദാശകൾ കൃപകൾ നല്കുമ്പോൾ ദിവ്യകാരുണ്യം കൃപകളുടെ അധിപതിയായ ഈശോയെ മുഴുവാനും നല്കുന്നു. സഭപോലും തന്റെ ജീവൻ സ്വീകരിക്കുന്നത് ദിവ്യകാരുണ്യത്തിൽ നിന്നാണ്. അതുകൊണ്ടാണ് വി.അമ്മ ത്രേസ്യ പറയുന്നു. യേശു തിരുവോസ്തിയിൽ സന്നിഹിതനല്ലെങ്കിൽ എല്ലാറ്റിന്റെയും അന്ത്യം സംഭവിക്കും. മനുഷ്യന് ദൈവം നല്കുന്ന ഏറ്റവും വലിയ സമ്മാനം സ്നേഹത്തിന്റെയും അനുഗ്രഹങ്ങളുടെയും രത്നചുരുക്കമായ ദിവ്യകാരുണ്യമാണ്. ദിവ്യകാരുണ്യത്തിൽ യേശുവിനെ പൂർണ്ണമായി അറിയാനും അനുഭവിക്കാനും, ജീവിതത്തിന്റെ ഭാഗമാക്കാനും സാധിക്കും. ദിവ്യകാരുണ്യ ഭക്തനായ വിശുദ്ധ പാസ്കൽ ബയിലോൺ കുഞ്ഞായിരുന്നപ്പോൾ അനുദിന ദിവ്യബലിയിൽ മുടങ്ങാതെ പങ്കെടുത്തു. ചില ദിവസങ്ങളിൽ എട്ടും പത്തും പ്രാവശ്യം ദിവ്യബലിക്ക് ശുശ്രൂഷിക്കാനുള്ള ആഗ്രഹം നിമിത്തം പങ്കെടുത്തിരുന്നു. ഒരിക്കൽ ആടുകളെ മേയിച്ചു കൊണ്ടിരിക്കുമ്പോൾ വിശുദ്ധ കുർബാനക്കുള്ള മണിഅടിക്കുന്നത് കേട്ടു. അപ്പോൾ അവൻ തീവ്രമായ ഭക്തിയോടെ ദൈവത്തോട് അപേക്ഷിച്ചു: കർത്താവേ ഞാൻ അങ്ങയെ കാണട്ടെ. ഉടനെ ഒരു പ്രകാശം വീശി. ആ പ്രകാശത്തിനുള്ളിൽ ഒരു സ്വർണ്ണ കാസയുടെ മേൽ തിരുവോസ്തി ഉയർന്നു നില്ക്കുന്നതും അവൻ ദർശിച്ചു. ഈ ദൃശ്യാനുഭവം പാസ്കലിനെ ഫ്രാൻസിസ്കൻ സഭയിലേക്ക് ആനയിച്ചു.

വിശുദ്ധ ഫൗസ്റ്റിനയുടെ ദർശനം സഭയിൽ ദൈവകരുണയുടെ തിരുനാൾ ആഘോഷിക്കാൻ കാരണമായെങ്കിൽ 13-ാം നൂറ്റാണ്ടിൽ ബെൽജിയത്തുള്ള അഗസ്റ്റീനിയൻ സന്യാസിനി വിശുദ്ധ ജൂലിയാനായുടെ ദർശനമാണ് ദിവ്യകാരുണ്യ തിരുനാളിന് കാരണമായത്. സിസ്റ്ററിന്റെ ദർശനത്തിന്റെ വെളിച്ചത്തിൽ ലെയ്ഗ് രൂപതയിലാണ് ആദ്യമായി ദിവ്യകാരുണ്യ തിരുനാൾ ആഘോഷിക്കപ്പെട്ടത്. ആ രൂപതയിലെ അംഗമായ ജാകസ് പാന്റെലിയോണി പരിശുദ്ധ പിതാവ് ഊർബ്ബൻ നാലാമനായി തിരിഞ്ഞെടുക്കപ്പെട്ടപ്പോൾ ദിവ്യകാരുണ്യ തിരുനാൾ ആഗോള കത്തോലിക്ക സഭയുടെ തിരുനാളായി 1246-ആണ്ടിൽ ആഘോഷിക്കപ്പെട്ടു. ദിവസത്തിലെ ഏറ്റവും നല്ല സമയം വിശുദ്ധ കുർബാനാക്കായി സമർപ്പിക്കാം. അങ്ങനെ സ്വർഗ്ഗം സ്വന്തമാക്കാം. ■

# എന്റെ ഹൃദയം

**തിരുഹൃദയ തിരുനാൾ (ജൂൺ 18)** നിയമ. 7:6-11. 1യോഹ.4:7-16. മത്താ. 11:25-30

**ഫാ. പ്രബൽ**

ഹൃദയം സങ്കോചിക്കുമ്പോൾ രക്തം പുറത്തേക്ക്, ശരീരത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് പോകും. വീണ്ടും ഹൃദയം രക്തം കൊണ്ട് നിറയും, നിറയണം. ഹൃദയ സങ്കോചം, ഹൃദയ വികാസം ഈ പ്രവൃത്തികൾ ഓരോ ഹൃദയ സ്പന്ദനത്തിനുമൊപ്പം ആവർത്തിക്കപ്പെടുന്നു. എത്ര തന്നെ മാലിന്യവും കാർബൺ ഡൈഓക്സൈഡും ഹൃദയത്തിലേക്ക് ഒഴുക്കിയാലും ഹൃദയം ശരീരഭാഗങ്ങൾക്ക് നൽകുന്നത് ശുദ്ധ രക്തമാണ്. ഇത് നമ്മുടെ മനുഷ്യഹൃദയത്തിന്റെ കാര്യമാണ്. ലോകത്തിലേക്ക് ദൈവീകജീവൻ പമ്പ് ചെയ്യുന്നതും മനുഷ്യവംശത്തെ ദൈവ സന്നി

ധിയിലേക്ക് നയിക്കുന്നതും മറ്റൊരു ഹൃദയമാണ്. യേശുവിന്റെ ഹൃദയം.

വെറും വിൽപ്പനച്ചരക്കായി മാറിയ സ്നേഹങ്ങളുടെ നടുവിലാണ് സ്നേഹത്തിന്റെ തിരുഹൃദയ തിരുനാൾ നാം ആഘോഷിക്കുക. 1673ൽ യേശു വിശുദ്ധ മാർഗ്രറ്റ് മേരിക്ക് പ്രത്യക്ഷപ്പെടുകയും തന്റെ ഹൃദയം അവൾക്ക് കാണിച്ചുകൊടുക്കുകയും തിരുഹൃദയ തിരുനാൾ ആഘോഷിക്കുവാൻ നിർദേശിക്കുകയും ചെയ്തു. 1899ൽ ലിയോ പതിമൂന്നാമൻ പാപ്പ മനുഷ്യവർഗം മുഴവനെയും തിരുഹൃദയത്തിന് പ്രതിഷ്ഠിക്കുകയും ചെയ്തു. യേശുവിന്റെ ഹൃദയത്തിൽ ചിത്രീകരിക്കുന്ന മൂന്ന് പ്രതീകങ്ങൾ സവിശേഷ ശ്രദ്ധ ആകർഷിക്കുന്നു;

1. ഹൃദയത്തെ ചുറ്റിയ മുൾക്കിരീടം നമ്മുടെ ഹൃദയം അനുദിനം അനുഭവിക്കുന്ന വേദനകളെ സൂചിപ്പിക്കുന്നു.
2. ഹൃദയത്തിന് മുകളിലെ കുരിശ് എത്രതന്നെ നിന്ദിക്കപ്പെട്ടാലും രക്ഷയുടെ ചിഹ്നമായ വിശുദ്ധ കുരിശ് ഹൃദയത്തിൽ നിന്നും ഉയർത്തപ്പെടും.
3. ഹൃദയത്തെ വലയം ചെയ്യുന്ന അഗ്നി ഹൃദയമേറ്റ പാപത്തിന്റെ പാടുകൾ ഭസ്മീകരിക്കുന്ന ശുദ്ധീകരണത്തിന്റെ തീ.

Hoc est enim corpus meum (ഇത് എന്റെ ശരീരമാകുന്നു) എന്നരുൾ ചെയ്തുകൊണ്ട് തന്റെ മുറിക്കപ്പെട്ട ശരീരം നമുക്കായി പകുത്ത് നൽകിയ ക്രിസ്തു, കുത്തി പിളർക്കപ്പെട്ട തന്റെ ഹൃദയം (യോഹ 19:34) നമുക്ക് ദൃശ്യമാക്കി അരുൾചെയ്യുന്നു, Hoc est corpus meum (ഇത് എന്റെ ഹൃദയമാകുന്നു). ശരീരവും ഹൃദയവും പകുത്തുനൽകിയവൻ അവസാന തുള്ളി ചോരയും നമുക്കായി ഒഴുക്കുന്നു.

ഹൃദയത്തിന്റെ രോഗങ്ങളും അതിന്റെ ചികിത്സയുമൊക്കെ നാം കേൾക്കാറുണ്ട്. ഹാർട്ട് അറ്റാക്ക്, ഹൃദയത്തിൽ ദ്വാരം, മാറ്റ് ഹൃദ്രോഗങ്ങൾ അങ്ങനെയെല്ലാം. ആത്മീയമായും ഹൃദയത്തിന് രോഗങ്ങളുണ്ടാകാം. തകർന്ന ഹൃദയം, മുറിവേറ്റ ഹൃദയം, അനുതപിക്കാത്ത ഹൃദയം, വിശ്വാസമില്ലാത്ത ഹൃദയം. ശാരീരിക ഹൃദയത്തിന് ശസ്ത്രക്രിയ പോലെ ആത്മീയ ഹൃദയത്തിനും ശസ്ത്രക്രിയ ആവശ്യമാണ്. എസെക്കിയേൽ 36:26ൽ, ഞാൻ ഒരു പുതിയ ഹൃദയം, മാംസളമായ ഹൃദയം നൽകുമെന്നാണ് കർത്താവ് പറയുന്നത്. നമ്മുടെയൊക്കെ ഹൃദയങ്ങൾ തമ്പുരാന്റെ ഹൃദയത്തിലേക്ക് വിട്ടുകൊടുക്കണം.

തിരുഹൃദയ തിരുനാളിൽ നമ്മുടെ വെല്ലുവിളി യേശുവിന്റെ ഹൃദയം സ്വന്തമാക്കുക എന്നതാണ്. എന്റെ ഹൃദയം കരുണയുള്ളതാണോ ? എന്റെ ഹൃദയം മുറിക്കപ്പെടുന്നുണ്ടോ ? എന്റെ ഹൃദയം സർവ്വരെയും ആശ്ലേഷിക്കുന്നുണ്ടോ ? ■

തിരുഹൃദയ തിരുനാളിൽ നമ്മുടെ വെല്ലുവിളി യേശുവിന്റെ ഹൃദയം സ്വന്തമാക്കുക എന്നതാണ്. എന്റെ ഹൃദയം കരുണയുള്ളതാണോ ? എന്റെ ഹൃദയം മുറിക്കപ്പെടുന്നുണ്ടോ ? എന്റെ ഹൃദയം സർവ്വരെയും ആശ്ലേഷിക്കുന്നുണ്ടോ ?

# കർത്താവ് എന്റെ പക്ഷത്തുണ്ട്; ഞാൻ ഭയപ്പെടുകയില്ല

**ആണ്ടുവട്ടം 12-ാം ഞായർ (ജൂൺ 25)**

ജെറ. 20:10-13, റോമ. 5:12-15, മത്താ. 10:26-33

**ഫാ. വിശാൽ വി.**

ഇന്നത്തെ സുവിശേഷത്തിൽ ദിവ്യഗുരുവായ യേശുനാഥൻ ദൈവരാജ്യ പ്രഘോഷണത്തിന്റെ ആദ്യാനുഭവത്തിന് അപ്പോസ്തലന്മാരെ ഒരുക്കുന്ന പ്രേഷിത പ്രഭാഷണത്തിന്റെ സന്ദേശങ്ങളിലൊന്നാണ് നാം ധ്യാനിക്കുക. അപ്പോസ്തലന്മാർ ജീവിതത്തിലെ വെല്ലുവിളികൾക്ക്മുന്നിൽ ഭയപ്പെടാതിരിക്കുകയും, ശക്തരും ആത്മധൈര്യമുള്ളവരുമായിരിക്കാനും യേശു ആഹ്വാനം ചെയ്യുന്നു. നമ്മുടെ അനുദിന ജീവിതത്തിൽ നമുക്ക് പരിചിതമായ ഒരവസ്ഥയാണ് ഭയം. നമ്മിൽ സാധാരണ രീതിയിൽ ഭയമുണ്ടാകുന്നത്, നമ്മുടെ ജീവനോ, അല്ലെങ്കിൽ നമ്മുടെ പ്രിയപ്പെട്ടവരുടെ സുരക്ഷയ്ക്കോ ഉണ്ടായേക്കാവുന്ന ഭീഷണികളെപ്പറ്റി ചിന്തിക്കുമ്പോഴാണ്. എന്നാൽ ഇത്തരത്തിലുള്ള ഭയത്തിൽ യാതൊരു കഴമ്പുമില്ലെന്നാണ് ഇന്നത്തെ വ

ചനഭാഗം നമ്മെ ബോധിപ്പിക്കുന്നത്.

നമ്മെ ശാരീരികമായി ഹനിക്കുകയോ കൊല്ലുകപോലും ചെയ്യുന്നവരെ നമ്മൾ ഭയപ്പെടേണ്ട ആവശ്യമില്ലെന്നാണ് വചനം പഠിപ്പിക്കുന്നത്. 'കർത്താവ് എന്റെ പക്ഷത്തുണ്ട്, ഞാൻ ഭയപ്പെടുകയില്ല; മനുഷ്യന് എന്നോട് എന്തുചെയ്യാൻ കഴിയും ?' (സങ്കീർത്തനം 118:6). നമ്മുടെ ഏറ്റവും ചെറിയ കാര്യത്തിൽപോലും ദൈവം അതീവ ശ്രദ്ധാലുവാണ്. കേവലം നിസ്സാരമെന്ന് തോന്നാവുന്ന കുരുവികളെക്കുറിച്ചും, കൊഴിഞ്ഞുപോകാനായി മാത്രം സൃഷ്ടിക്കപ്പെട്ട മുടിയിഴകളെ കുറിച്ചും വരെ ശ്രദ്ധയുള്ളവനാണ് സ്വർഗ്ഗസ്ഥനായ പിതാവ്. എന്നാൽ ഇത് പൂർണ്ണമായും ഗ്രഹിക്കാതെ, ജീവിതത്തിൽ ഭയപ്പെടുത്തുന്ന സാഹചര്യങ്ങൾ ഉണ്ടാകുമ്പോൾ സർവശക്തനായ ദൈവത്തിൽ അഭയം തേടാതെ, ഭയത്തിന് കീഴടങ്ങുന്ന പ്രവണത നമ്മിലുണ്ട്. ജീവിതത്തിൽ തെറ്റായ ഭയത്തിന് അടിപ്പെടുന്നതാണ് നമ്മുടെ പ്രശ്നങ്ങളുടെ അടിസ്ഥാന കാരണം.

ശരീരത്തെയോ, ജീവനെ തന്നെയോ നശിപ്പിക്കാൻ കഴിവുള്ളവരെ അല്ല നമ്മൾ ഭയക്കേണ്ടത്. ദൈവഭയം ഉള്ളവർ മറ്റൊന്നിനെയും ഭയപ്പെടേണ്ട ആവശ്യമില്ല. കാരണം ദൈവഭയം മറ്റെല്ലാ ഭയങ്ങൾക്കുമുള്ള പ്രതിവിധിയാണ്. 'കർത്താവിന്റെ വിശുദ്ധരെ, അവിടുത്തെ ഭയപ്പെടുവിൻ; അവിടുത്തെ ഭയപ്പെടുന്നവർക്ക് ഒന്നിനും കുറവുണ്ടാവുകയില്ല' (സങ്കീർത്തനം 34:9).

എന്താണ് ദൈവഭയം ? തെറ്റ് ചെയ്താൽ ശിക്ഷിക്കാൻ ഒരുങ്ങിയിരിക്കുന്ന ഒരാളാണ് ദൈവം എന്ന അവബോധത്തിൽ നിന്നും ഉളവാകുന്ന പേടിയല്ല ദൈവഭയം. സ്നേഹത്തോടെ തന്നെ സൃഷ്ടിക്കുകയും, കരുണയോടെ പരിപാലിക്കുകയും, സദാ കാത്തുരക്ഷിക്കുകയും ചെയുന്ന ദൈവത്തോടുള്ള ഭക്ത്യാദരവാണ് ദൈവഭയം. ഈ ഭയം ഇല്ലാതാകുമ്പോഴാണ് നമ്മൾ ഭയക്കേണ്ടത്. ദൈവഭയമില്ലാതെ പ്രവർത്തിക്കുന്ന ഒരു വ്യക്തി പാപം ചെയ്ത് തന്റെ ആത്മാവിനെത്തന്നെ നഷ്ടപ്പെടുത്തുന്നു. എന്നാൽ ദൈവഭയം നമ്മെ ആത്മീയ വളർച്ചയിലേക്കും, വിവേകത്തിലേക്കും, ദൈവഹിതമനുസരിച്ച് തീരുമാനമെടുക്കാനുള്ള കഴിവിലേക്കും നയിക്കുന്നു.

ദൈവത്തിന്റെ വചനം പാലിച്ച് അതേറ്റുപറഞ്ഞ് ജീവിക്കുന്നവർക്ക് ലോകത്തിന്റെ വഴികളിൽ സഞ്ചരിക്കുന്നവരിൽ നിന്ന് എതിർപ്പും വിദ്വേഷവും ലഭിക്കുമെന്നാണ് യേശു ഓർമിപ്പിക്കുന്നത്. യേശുവിനെ കുരിശിൽ തറച്ച ലോകം അവിടുത്തെ ശിഷ്യരെ ക്രൂശിക്കുവാനും ഒട്ടും മടിക്കുകയില്ല. എന്നാൽ ലോകത്തെ ഭയന്ന് തന്നെ ഏറ്റുപറയാൻ വിസമ്മതിക്കുന്നവരെ യേശുവും തള്ളിപ്പറയും എന്നാണ് സുവിശേഷം മുന്നറിയിപ്പ് നൽകുന്നത്. യേശുവിനെ ശത്രുക്കളുടെ മുമ്പാകെ ഏറ്റുപറയുന്ന ശിഷ്യനെ യേശു സ്വർഗീയ പിതാവിന്റെ മുമ്പാകെ ഏറ്റുപറയും. ന്യായവിധി ദിവസം നമ്മുടെ ശരീരത്തെയും ആത്മാവിനെയും രക്ഷിക്കാൻ കഴിവുള്ള ദൈവത്തിൽ ആശ്രയിച്ച് ഭയംകൂടാതെ ക്രിസ്തുവിന്റെ പ്രബോധനങ്ങൾക്ക് സാക്ഷ്യംനൽകാൻ ദൈവാത്മാവ് നമ്മെ പ്രചോദിപ്പിക്കട്ടെ. ■

ന്യായവിധി ദിവസം നമ്മുടെ ശരീരത്തെയും ആത്മാവിനെയും രക്ഷിക്കാൻ കഴിവുള്ള ദൈവത്തിൽ ആശ്രയിച്ച് ഭയംകൂടാതെ ക്രിസ്തുവിന്റെ പ്രബോധനങ്ങൾക്ക് സാക്ഷ്യം നൽകാൻ ദൈവാത്മാവ് നമ്മെ പ്രചോദിപ്പിക്കട്ടെ.




**വിശുദ്ധർ വിശുദ്ധിയുടെ വാതിലുകൾ**

കുഞ്ഞുങ്ങൾ അറിയേണ്ടതും അനുകരിക്കേണ്ടതുമായ വിശുദ്ധരുടെ ജീവിതകഥകൾ

വർണചിത്രങ്ങളിലൂടെ ലളിതമായ ഭാഷയിൽ ഇപ്പോൾ ലഭ്യമാണ്.

*കോപ്പികൾക്ക് :*

St. Paul's Book Stall,
Bishop's House Compound,
Althara Nagar,
Vellayambalam,
Thiruvananthapuram, Kerala
695003

കാനൻ ലോ

**ഫാ. ജോസ് ജി.**
ജുഡീഷ്യൽ വികാർ

# വിശുദ്ധ കുർബ്ബാന നല്കേണ്ടത് അപ്പത്തിന്റെ സാദൃശ്യത്തിൽ മാത്രമോ?

ജ്ഞാനസ്നാനം സ്വീകരിച്ചിട്ടുള്ള ഏതാണ്ട് എല്ലാ കത്തോലിക്കാ വിശ്വാസികളുടെയും ആഗ്രഹമാണ് വിശുദ്ധ കുർബ്ബാന സ്വീകരണം. വാഴ്ത്തപ്പെട്ട അപ്പത്തിന്റെയും വീഞ്ഞിന്റെയും (Consecrated bread and wine) സാദൃശ്യത്തിലാണ് എല്ലാവരും ആദ്യ കുർബ്ബാന സ്വീകരിക്കുന്നത്. അതുകഴിഞ്ഞാൽ വിശുദ്ധ കുർബ്ബാന നല്കുന്നതിൽ ഏകോപനം കാണുന്നില്ല. ചില ദൈവാലയങ്ങളിൽ ദിവസവും, മറ്റു ചില ദൈവാലങ്ങളിൽ ഞായറാഴ്ചകളിലും വിശേഷദിവസങ്ങളിലും



വാഴ്ത്തപ്പെട്ട അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ വിശുദ്ധ കുർബ്ബാന നല്കുമ്പോൾ അധികം ദൈവാലയങ്ങളിലും അപ്പത്തിന്റെ സാദൃശ്യത്തിൽ മാത്രമാണ് വിശുദ്ധ കുർബ്ബാന നല്കിവരുന്നത്. ചില വൈദികർക്കും ദൈവാലയങ്ങൾക്കും പ്രത്യേക അധികാരമുള്ളതുകൊണ്ടാണോ വാഴ്ത്തപ്പെട്ട അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ വിശുദ്ധ കുർബ്ബാന നൽകുന്നത് എന്ന് ചോദിക്കുന്നവരും ധാരാളമുണ്ട്.

വിശ്വാസികൾക്ക് വിശുദ്ധ കുർബ്ബാന നൽകേണ്ടത് വാഴ്ത്തപ്പെട്ട അപ്പത്തിന്റെ സാദൃശ്യത്തിൽ മാത്രമാണോ അതോ വാഴ്ത്തപ്പെട്ട അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിലാണോ എന്നതാണ് സംശയം. കത്തോലിക്കാസഭ ഔദ്യോഗികമായി എന്താണ് പഠിപ്പിക്കുന്നത്?

ലത്തീൻ കത്തോലിക്കാ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 925 പ്രകാരം, അപ്പത്തിന്റെ സാദൃശ്യത്തിൽ മാത്രമാണ് വിശുദ്ധ കുർബ്ബാന നല്കേണ്ടത്. ട്രെന്റ് സൂനഹദോസിന്റെ (1545-1563) വിശ്വാസാധിഷ്ഠിത പഠനമനുസരിച്ച് (dogma) വിശുദ്ധ കുർബ്ബാനയുടെ ഓരോ കൂദാശാ ഘടകങ്ങളിലും (Sacramental Species - bread and wine) യേശുക്രിസ്തു മുഴുവനായും പരിപൂർണ്ണനായും (full and perfect) സന്നിഹിതനാണ്. ആയതിനാൽ, സഭയുടെ വിശ്വാസാധിഷ്ഠിത അച്ചടക്കമനുസരിച്ച് അപ്പത്തിന്റെ സാദൃശ്യത്തിൽ മാത്രമാണ്, സാധാരണയായി, വിശുദ്ധ കുർബ്ബാന നല്കേണ്ടത്. അല്ലാത്തപക്ഷം ക്രിസ്തുവിന്റെ തിരുരക്തമായി മാറുന്ന വാഴ്ത്തപ്പെട്ട വീഞ്ഞ് തുളുമ്പിപ്പോകാനും അതിനോടു സ്വാഭാവികമായ അനാദരവ് (danger of spilling and natural repugnance) ഉണ്ടാകാനും ഇടയുണ്ട് (Council of Trent, Sess.XXI, ch.3, D 1729). ട്രെന്റ് സൂനഹദോസിന്റെ പഠനത്തെ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ദൈവാരാധനയെക്കുറിച്ചുള്ള ഭരണഘടന സ്ഥിരീകരിച്ചുകൊണ്ടു ഒരു കാര്യം കൂട്ടിച്ചേർക്കുന്നു: അതായത് അപ്പസ്തോലിക സിംഹാസനം നിശ്ചയിക്കുന്നതനുസരിച്ച് മെത്രാന് അനുയോജ്യമെന്ന് തോന്നിയാൽ ചില വിശേഷ സന്ദർഭങ്ങളിൽ വാഴ്ത്തപ്പെട്ട അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളിൽ വിശുദ്ധ കുർബ്ബാന നല്കാൻ അനുവദിക്കാവുന്നതാണ് (SC 55). ഉദാഹരണത്തിന്, പ്രഥമദിവ്യകാരുണ്യം സ്വീകരിക്കുന്നവർക്ക്; ദിവ്യബലി മധ്യേ വിവാഹിതരാകുന്ന ദമ്പതികൾക്ക്.

ചുരുക്കത്തിൽ, സാധാരണയായി വിശ്വാസികൾക്ക് വിശുദ്ധ കുർബ്ബാന നല്കേണ്ടത് വാഴ്ത്തപ്പെട്ട അപ്പത്തിന്റെ സാദൃശ്യത്തിൽ മാത്രമാണ്. മെത്രാന്റെ പ്രത്യേക അനുമതിയില്ലാതെ വാഴ്ത്തപ്പെട്ട വീഞ്ഞിൽ മുക്കി വിശുദ്ധ കുർബ്ബാന വിശ്വാസികൾക്ക് നല്കുന്നത് സഭയുടെ പഠനത്തിനും നിയമത്തിനും പാരമ്പര്യത്തിനും എതിരാണ്. ട്രെന്റ് സൂനഹദോസിന്റെയും രണ്ടാംവത്തിക്കാൻ കൗൺസിലിന്റെയും വിശ്വാസ സംബന്ധമായ പഠനം അവഗണിച്ചുകൊണ്ട് വാഴ്ത്തപ്പെട്ട അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ വിശ്വാസികൾക്ക് സാധാരണ രീതിയിൽ വിശുദ്ധ കുർബ്ബാന നല്കാൻ അനുമതി നൽകുന്നതും സഭാപഠനത്തിനും നിയമത്തിനും പാരമ്പര്യത്തിനും വിരുദ്ധമാണ്. ■






കവിത



# മണ്ണ് പ്രകൃതി ജീവൻ



**ഹന്ന സജു**
ഔവർ ലേഡി
ഓഫ് മെഴ്സി,
പുതുക്കുറിച്ചി

കാലം പോകുന്തോറും മണ്ണ്
നശിപ്പു...
പ്രകൃതിയാം അമ്മ തൻ
സമ്മാനമാണ് മണ്ണ്
മാനുഷ്യ ജീവിതത്തിന്റെയവസാനം
ആറടി മണ്ണിൽ താഴ്ത്താൻ
മണ്ണില്ലെങ്കിലെന്തുചെയ്യും
മനുഷ്യാ ഈയൊരു ഓർമ്മയീ–
മാനവ ജീവിതത്തിനുണ്ടെങ്കിൽ
ഈ ഉപകാരിയാം മണ്ണിനെ നശിപ്പിക്കുമോ..
ജീവനാണ് മണ്ണ്
ജീവനത്തിനായ് പ്രകൃതി നൽകിയ
വരമാണ് മണ്ണ്...
പുഞ്ചിരിതൂകിയീ മണ്ണിനെ രക്ഷിപ്പൂ
ജീവിതം ധന്യമാക്കൂ
പ്രകൃതിയാം അമ്മതൻ
സമ്മാനം വർണാഭമാക്കൂ..

# ‘ഞാൻ’



**ക്രിസ്ത്മ മറിയ ജോസ്**
ക്ലാസ് 10, സെന്റ് തോമസ് ചർച്ച്, പൂന്തുറ

എന്നുള്ളിലെ എന്നെ മുറിച്ച്,
രണ്ട് ഭാഗങ്ങളാക്കി മാറ്റണം.
ഞാനായ ഞാനായും
ഞാനല്ലാത്ത,
ചിലപ്പോൾ ഞാനായി മാറുന്ന
ഞാനായും.
ഞാനായ എന്നെ എനിക്കറിയാം.
ഞാനായി മാറുന്ന എന്നെയോ ?
ഞാനല്ലത്,
ഞാനായി മാറുകയാണ് !
ആരുടെയൊക്കെയോ എന്തിന്റെയൊക്കെയോ
സ്വാധീനം കൊണ്ടും സാഹചര്യം കൊണ്ടും
ഞാനായി മാറികൊണ്ടിരിക്കുന്നു.
അതിനി ശരിക്കും ഞാൻ തന്നെയാണോ?
ഞാനല്ലെന്നതിൽ ആശ്വസിക്കാം.
ഞാനായി മാറുന്നതിൽ ഭയക്കേണ്ടിയിരിക്കുന്നു.
ഞാനായതും,
ഞാനല്ലാത്തതുമായ എന്നെ,
ഒന്നിച്ചുകെട്ടി,
ഞാനെന്നുള്ളിൽ ഉറപ്പിച്ചിടത്തോളം കാലം,
ഭാഗിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല

• പുത്തൻകാവ് മാത്തൻതരകൻ

5



# ബാബേൽ ഗോപുരം

ജലപ്രളയത്തിനുശേഷം നോഹ 350 സംവത്സരം കൂടി ജീവിച്ചിരുന്നു. അദ്ദേഹത്തിന്റെ പുത്രന്മാരും അവരുടെ പിന്തുടർച്ചക്കാരും സന്താനപുഷ്ടിയുള്ളവരായിത്തീർന്നു.

അന്ന് അവർ അധിവസിച്ചിരുന്നത് അരാരാത്തിലും അതിന് ചുറ്റുമുള്ള പ്രദേശങ്ങളിലുമായിരുന്നു. നോഹയുടെ ശവകുടീരപ്രാന്തങ്ങളിൽ അധിവസിച്ചിരുന്ന അവർ സംഖ്യയിൽ വളരെ വർധിച്ചു. കുടുംബങ്ങൾ അന്യോന്യം അറിയാതായിത്തുടങ്ങി. അതുകൊണ്ട് അവരിൽ അനേകരും - കർഷകരും ഗോപാലകരും നഗരവാസികളും കൂടാരവാസികളും  കിഴക്കുനിന്നും പുറപ്പെട്ട് 'ശിനാർ' എന്ന നാട്ടിൽ ഒരു സമതലത്തിൽ ചെന്നുചേർന്നു. ഫലഭൂയിഷ്ഠമായ ആ സ്ഥലത്ത് അവർ താമസമുറപ്പിച്ചു. അവരുടെ കുടുംബങ്ങൾ അതിവേഗം വർധിച്ചു.

അന്ന് ലോകത്തിൽ ഒരേയൊരു ഭാഷമാത്രമേ ഉണ്ടായിരുന്നുള്ളൂ. ആ സമതലം ശിലരഹിതമായിരുന്നു. അതിനാൽ ജനങ്ങൾ ഭൂമി കുഴിച്ചു മണ്ണെടുത്ത് കുഴിച്ചു ചതുരക്കട്ടകളുണ്ടാക്കി വെയിലത്ത് നിർത്തി ഉണക്കി. അങ്ങനെ ഉണക്കിയെടുത്ത ഇഷ്ടികക്കട്ടകളും പശമണ്ണുകൊണ്ടു തയ്യാറാക്കിയ കുമ്മായവും ഉപയോഗിച്ച് അവർ ഭവനങ്ങളും നഗരങ്ങളും പണിതുയർത്താൻ തുടങ്ങി. ജനങ്ങളുടെ വർധനവിനുസരിച്ച് ഭവനങ്ങളുടെ സംഖ്യയും വർധിച്ചു. നഗരം വനസീമവരെ വ്യാപിച്ചു. വാസ്തുവിദ്യാവിദഗ്ധന്മാർ വീടിന് മുകളിൽ വീടു പണിയാൻ തുടങ്ങി. നഗരവാസികൾക്ക് അവരുടെ ഭവനങ്ങളെക്കുറിച്ച് അഭിമാനം തോന്നി. അവർക്ക് അടുത്തടുത്ത് താമസിക്കണമായിരുന്നു. ആർക്കും ശിനാർവിട്ടു പോകണമെന്ന് താല്പര്യമില്ലായിരുന്നു. അവരുടെ ശക്തിയിലും ബുദ്ധിയിലും കർമ്മകുശലതയിവും അവർ വിശ്വസിച്ചു. നക്ഷത്രമാർഗത്തെ ഭേദിക്കത്തക്കവണ്ണം നഗരമധ്യത്തിൽ ഒരു ഗോപുരം അവർ നിർമ്മിച്ചു. നക്ഷത്രങ്ങൾ ഗോപുരാഗ്രം കണ്ട് അവയുടെ സഞ്ചാര്യം അന്യപഥത്തിൽക്കൂടെ നടത്തട്ടെ എന്ന് ജനങ്ങൾ ചിന്തിച്ചു. ശീനാറിൽക്കൂടി കടന്നുവരുന്നവർ പട്ടണവും ഗോപുരവും കണ്ടിട്ട് സ്തംഭിച്ചുനിൽക്കട്ടെ എന്ന് അവർ കരുതി. മനുഷ്യന് എന്തെല്ലാമറിയാമെന്നും, എന്തെല്ലാം ചെയ്യാൻ കരുത്തുണ്ടെന്നും സ്വർഗത്തിലുള്ളവർ അറിയട്ടെ എന്നവർ അഹങ്കരിച്ചു.

മനുഷ്യസന്തതികൾ നിർമ്മിച്ച പട്ടണവും ഗോപുരവും കാണാൻ സർവശക്തനായ ദൈവം ശിനാറിലേക്കെഴുന്നള്ളി. എല്ലാം കണ്ടിട്ട് ദൈവം ആത്മഗതമായി ഇപ്രകാരം അരുളിചെയ്തു: 'ഇതാ ജനങ്ങളെല്ലാം ഒന്നായിത്തീർന്നിരിക്കുന്നു. അവരെല്ലാവരും ഒരേ ഭാഷതന്നെ സംസാരിച്ചു. അവർക്ക് അസാധ്യമായി യാതൊന്നുമില്ല." അനന്തരം ദൈവം അവരെ ലോകത്തിന്റെ നാനാഭാഗത്തേക്കും ചിതറിച്ചു. അവരുടെ ഭാഷ കലക്കിക്കളയുകയും ചെയ്തു. ഈ സംഭവത്തെ അനുസ്മരിക്കത്തക്കവണ്ണം ഗോപുരം പണിതുയർത്തിയ സ്ഥലം 'ബാബേൽ' എന്ന് അറിയപ്പെട്ടു. ■

**വചനജ്വാല**

2023 ജൂലൈ മാസത്തെ ബി.സി.സി. കൂട്ടായ്മകളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്



# 'അന്യരുടെ മുമ്പിൽ ബഹുമാനിതരാവുക'

**ഫാ. ഡാനിയേൽ ആർ.**

**ആമുഖം**

സാമൂഹിക മാധ്യമങ്ങളിൽ വായിച്ച ഒരു ചിന്ത പങ്കുവയ്ക്കുകയാണ്: നാം ഫോൺ അറ്റന്റ് ചെയ്യുമ്പോൾ എന്തുകൊണ്ടാണ് ഹലോ എന്ന് അഭിസംബോധന ചെയ്യുന്നത്? ആശയ വിനിമയ രംഗത്ത് വിപ്ലവാത്മകമായ ചലനം സൃഷ്ടിച്ച ടെലിഫോൺ കണ്ടുപിടിച്ചത് ഗ്രഹാംബെലാണ്. തന്റെ ഗവേഷണ പരീക്ഷണം വിജയം നേടിയപ്പോൾ ഗ്രഹാംബെൽ വിളിച്ചുപറഞ്ഞു:'ഹലോ ഞാൻ ഫോൺ കണ്ടുപിടിച്ചു' 'ഹലോ' എന്നതായിരുന്നു ലോക ചരിത്രത്തിൽ തന്നെ ഫോണിൽ മുഴങ്ങികേട്ട ആദ്യത്തെ വാക്ക്. ഫോൺ കണ്ടുപിടിച്ച ഗ്രഹാംബെലിനോടുള്ള ആദരസൂചകമായി ഇന്നും നാം ഹലോ എന്ന വാക്ക് ഉപയോഗിക്കുന്നു. നാം അറിയാതെ തന്നെ ഓരോ ഫോൺ കോളിലും ഗ്രഹാംബെൽ അനുസ്മരിക്കപ്പെടുന്നു. കത്തോലിക്കാ സഭയിൽ ഓരോ തിരുനാളുകളും ഒരു ഓർമ്മപ്പെടുത്തലാണ്. ഏറെ പ്രത്യേകമാംവിധം ഭാരതത്തിന്റെ പ്രഥമ അപ്പസ്തോലനായ തോമാശ്ലീഹായുടെ തിരുനാൾ "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്ന് വലിയ വായിൽ വിളിച്ചു പറഞ്ഞവന്റെ ജീവിതസാക്ഷ്യം ഒപ്പിയെടുക്കുവാൻ

നമുക്ക് പരിശ്രമിക്കാം. പലപ്പോഴും നമ്മുടെ വ്യക്തിജീവിതങ്ങൾ അപഹാസ്യങ്ങളായി അവതരിപ്പിക്കപ്പെടുന്ന സാഹചര്യങ്ങൾ ഏറെയാണ്, റോമക്കാർക്കെഴുതിയ ഒന്നാം ലേഖനം ഏഴാം വാക്യം നമ്മെ ഇപ്രകാരം ഓർമ്മപ്പെടുത്തുന്നു. ഓരോ ക്രൈസ്തവന്റെയും വിളി വിശുദ്ധരാകാനുള്ള വിളിയാണ്. ക്രിസ്തുവിന്റെ വിശുദ്ധരാകുവാൻ, വിശുദ്ധിയുള്ള കൂട്ടായ്മകളാകുവാൻ നമുക്ക് പരിശ്രമിക്കാം.

**ദൈവ വചന പാരായണം:-**

1 തെസ്സ. 4:7-12

**വചന വിചിന്തനം**

ക്രൈസ്തവർ ഇന്ന് പൊതുവെ മറ്റുള്ളവരാൽ ബഹുമാനിക്കപ്പെടുന്നില്ല. ആക്ഷേപങ്ങളും അപഹാസ്യങ്ങളും ക്രൈസ്തവർക്കെതിരെ മുൻകാലത്തേക്കാൾ കൂടുതലായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ബഹുമാനം നേടിയെടുക്കേണ്ടതാണ് അത് മേടിക്കുവാനുള്ളതല്ല. ബഹുമാനം നൽകുമ്പോഴാണ് അത് തിരിച്ചു കിട്ടുന്നത്. മറ്റുള്ളവരാൽ ബഹുമാനിതരാകുവാൻ ഉതകുന്ന ജീവിതമല്ല നാം കാഴ്ച വയ്ക്കുന്നത്. സുവിശേഷചൈതന്യം മറന്നുകൊണ്ട് ആദർശങ്ങളിൽ വെള്ളം ചേർക്കുകയും സ്വാർഥതയ്ക്ക് അടിമപ്പെടുകയും ചെയ്യുമ്പോഴാണ് ബഹുമാനം നഷ്ടപ്പെടുന്നവരായി നാം മാറുന്നത്. ആദിമ ക്രൈസ്തവരെ മറ്റു മതസ്ഥർ ആദരിച്ചിരുന്നത് അവരുടെ ജീവിതശൈലി കണ്ടുകൊണ്ടായിരുന്നു. പ്രാർഥനയിലും പ്രവർത്തനത്തിലും ദൈവമായും പരസ്പരവും ഒന്നായി കൂട്ടായ്മയിൽ ജീവിച്ചവരായിരുന്നു അവർ.

ബുദ്ധിയിൽനിന്ന് പുറപ്പെട്ട ചിന്തകളെല്ലാം ക്രിസ്തു കേന്ദ്രീകൃതമായിരുന്നു. ഹൃദയങ്ങളിൽ നിന്ന് പുറപ്പെട്ട വികാരങ്ങളെല്ലാം സ്നേഹാധിഷ്ഠിതമായിരുന്നു. ഹൃദയ ഐക്യത്താലും വിചാരങ്ങളിലെ ഒരുമയിലും അവർ കൈക്കൊണ്ട തീരുമാനങ്ങളൊക്കെയും ദൈവോന്മുഖവും പരസ്നേഹാധിഷ്ഠിതവുമായിരുന്നു. ഇത് അവരെ പങ്കുവയ്ക്കലിന്റെ ദൈവമക്കളാക്കി തീർത്തു. അയൽക്കാരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് സഹായിക്കുന്നവരാക്കി. രോഗങ്ങളിൽ കഷ്ടപ്പെട്ടവരെ ആശ്വസിപ്പിക്കാനായി എല്ലാ പ്രതിബന്ധങ്ങളും മറന്ന് അവർ ഓടിയെത്തി. വിശുദ്ധ പൗലോശ്ലീഹായെപ്പോലെ എല്ലാവർക്കും എല്ലാമായി അവർ മാറി. അവർ ബഹുമാനിക്കപ്പെടുവാൻ ഇടയായത് ഇപ്രകാരമാണ്. യേശുക്രിസ്തുവിൽ ജ്ഞാനസ്നാനം സ്വീകരിക്കപ്പെടുകയും ചെയ്ത ആദിമ ക്രൈസ്തവരെപ്പോലെ നാമും ഈ കാലഘട്ടത്തിൽ ജീവിക്കുന്നതിലൂടെ മാത്രമേ യഥാർത്ഥ ക്രൈസ്തവരും മറ്റുള്ളവരുടെ മുൻപിൽ ബഹുമാനിതരാവുകയുള്ളൂ.

**ചർച്ച**

1. ആദിമ സഭയിലെ ക്രൈസ്തവരെ വിശുദ്ധർ എന്ന് വിളിച്ചിരുന്നു. ഇന്നത്തെ കാലഘട്ടത്തിൽ എന്തുകൊണ്ടാണ് ക്രൈസ്തവരെ വിശുദ്ധർ എന്ന് വിളിക്കാത്തത്?
2. എന്തുകൊണ്ടാണ് ക്രൈസ്തവർ മാധ്യമങ്ങളിലും മറ്റും നിരന്തരമായി ആക്രമിക്കപ്പെടുന്നത്?

**പൊതു അറിയിപ്പ്**
**ശുശ്രൂഷാ സമിതികളുടെ പ്രവർത്തനങ്ങളും വിലയിരുത്തലും**
**വിശ്വാസികളുടെ പ്രാർത്ഥന**
**സമാപന ഗാനം**
**നന്ദി**

*തയ്യാറാക്കിയത്:*
ബി.സി.സി. കമ്മീഷൻ


പാവനസ്മരണയിൽ

**25-ാം ചരമവാർഷികം**



**സി.കെ.ബാബു**

ചുള്ളിക്കൽ, ഫ്ലാറ്റ് നമ്പർ 231
പി.ടി.ചാക്കോ നഗർ
മെഡിക്കൽ കോളേജ്, തിരുവനന്തപുരം.

ജനനം 12/01/1959 - മരണം 15/06/1998

**പ്രാർത്ഥനയോടെ,**
**എലിസബത്ത് ബാബുവും കുടുംബാംഗങ്ങളും**

## നേർക്കാഴ്ച

ജെ.സി.

# വർഗീയ-വംശീയ കലാപം

ഇന്ത്യയുടെ വടക്കുകിഴക്കൻ അതിർത്തിയിലെ മണിപ്പൂരിൽ മെയ് മൂന്ന്-നാല് തീയതികളിൽ ആളിപ്പടർന്ന വർഗീയ കലാപം, മണിപ്പൂരിലെ ഇംഫാൽ അതിരൂപത ഉൾപ്പെടുന്ന സമതല പ്രദേശത്തെയും മലയോരങ്ങളിലെ കുക്കി ജനവിഭാഗത്തിന്റെ വീടുകളും കടകളും പള്ളികളും കോൺവെന്റുകളും വൈദിക പരിശീലനകേന്ദ്രങ്ങളും സ്കൂളുകളും ആശുപത്രികളും മറ്റ് സ്ഥാപനങ്ങളും വാഹനങ്ങളും വസ്തുവകകളും തിരഞ്ഞുപിടിച്ച് കൊള്ളിവയ്ക്കാനും കൂട്ടക്കൊലയ്ക്കും കൊള്ളയ്ക്കും അക്രമി സംഘങ്ങൾ തയ്യാറായി. 35 ലക്ഷത്തോളം ജനസാന്ദ്രതയുള്ള മണിപ്പൂർ എന്ന സംസ്ഥാനത്തിൽ 53 ശതമാനത്തോളം ഹൈന്ദവ മെയ്തേയ് ജനവിഭാഗമാണ്. മറ്റുള്ളവർ ആദിവാസി ഗോത്ര വിഭാഗത്തിലുള്ളവരാണ്. നാഗാ കുക്കി വിഭാഗത്തിലുള്ള 40 ശതമാനത്തോളം പേർ ക്രിസ്ത്യാനികളുമാണ്. മണിപ്പൂരിലെ അക്രമസംഭവങ്ങൾ മലമ്പ്രദേശത്തെ വനവാസികളായ ക്രൈസ്തവ ഗോത്രവർഗക്കാർക്കും അടിവാരത്തെ ഭൂരിപക്ഷ ഹൈന്ദവ മെയ്തേയ് ജനവിഭാഗങ്ങൾക്കിടയിൽ ഭൂമിശാസ്ത്രപരമായും സാമൂഹിക-സാമ്പത്തിക-സാംസ്കാരിക കാരണങ്ങളാലും പതിറ്റാണ്ടുകളായി നിലനിൽക്കുന്ന സംഘർഷങ്ങളും വർഗീയ ധ്രുവീകരണങ്ങളും ബിജെപിയുടെ രാഷ്ട്രീയ ഇടപെടലിന്റെ അനന്തരഫലങ്ങളാണ്. മൊത്തം 60 അംഗങ്ങളുള്ള നിയമസഭയിൽ 40 അംഗങ്ങൾ താഴ്വരയിലെ മെയ്തേയ് ഭൂരിപക്ഷ മണ്ഡലങ്ങളിൽ നിന്നുള്ളവരും 20 പേർ ഗോത്രവർഗക്കാരുടെ മലനാടൻ മേഖലയിൽ നിന്നുമുള്ളവരാണ്. ഈ സംഘർഷത്തിൽ 60 പേർ കൊല്ലപ്പെടുകയും 1700 ലധികം വീടുകൾ കത്തി നശിക്കുകയും അനവധി ആരാധനാലയങ്ങൾ നശിപ്പിക്കപ്പെട്ടതായും സർക്കാർ വൃത്തങ്ങൾ പുറപ്പെടുവിച്ച ഔദ്യോഗിക പത്രക്കുറിപ്പ് വ്യക്തമാക്കുന്നു. അക്രമങ്ങളിൽ 70 ഗോത്രവർഗ ഗ്രാമങ്ങളാണ് കത്തിനശിച്ചത്. 35000 പേർ ഇപ്പോൾ റിലീഫ് ക്യാമ്പിലാണ് അഭയം തേടിയിരിക്കുന്നത്.



സംസ്ഥാനത്തെ ജനസംഖ്യയുടെ 53 ശതമാനം വരുന്ന മെയ്തേയ് വിഭാഗങ്ങൾക്ക് പട്ടികവർഗപദവി നൽകണമെന്ന ആവശ്യം അടിയന്തിരമായി പരിഗണിച്ച് ഒരു മാസത്തിനുള്ളിൽ കേന്ദ്ര ഗവണ്മെന്റിന് ശുപാർശ നൽകണമെന്ന മണിപ്പൂർ ഹൈക്കോടതി ആക്ടിംഗ് ചീഫ് ജസ്റ്റിസ് എം.വി. മുരളീധരന്റെ സിംഗിൾ ബഞ്ച് ഉത്തരവ് ജനസംഖ്യയിൽ 24 ശതമാനം വരുന്ന നാഗ, കുക്കി വിഭാഗങ്ങളടക്കം 36 ഗോത്രവർഗക്കാർക്ക് ഭരണഘടനയുടെ 371 സി. അനുഛേദം പ്രകാരം ലഭിക്കുന്ന സംരക്ഷണവ്യവസ്ഥകൾ ഇല്ലാതാക്കുമെന്ന് വ്യക്തമാക്കി ഓൾ ട്രൈബൽ സ്റ്റുഡന്റ്സ് യൂണിയൻ മണിപ്പൂരിൽ മേയ് മൂന്നിന് അഹ്വാനം ചെയ്ത ഗോത്രവർഗ ഐക്യദാർഢ്യ മാർച്ചിനെ തുടർന്നാണ് കുക്കി-മെയ്തേയ് സംഘർഷം പൊടുന്നനെ ആളിപ്പടർന്നത്.

സംസ്ഥാനത്തെ ഭൂവിസ്തൃതിയിൽ 10 ശതമാനം മാത്രം വരുന്ന താഴ്വാരത്ത് വസിക്കുന്ന മൈതേയ് ഹിന്ദുക്കൾക്ക് ക്രൈസ്തവ വനവാസി ഗോത്രവിഭാഗങ്ങളുടെ പാരമ്പര്യ വാസസ്ഥലമായ ഭൂവിസ്തൃതിയിൽ 90 ശതമാനം വരുന്ന മലകളിൽ ഭൂമി സ്വന്തമാക്കാൻ നിയമം അനുവദിക്കുന്നില്ല. അതേസമയം കുക്കി, നാഗവിഭാഗങ്ങൾക്ക് ഇംഫാൽ താഴ്വരയിൽ മറ്റ് ഇന്ത്യക്കാരെപ്പോലെ ഭൂമി വാങ്ങാനാകും. പട്ടികവർഗ പദവിക്കുള്ള സമ്മർദ്ദം ശക്തമാക്കാനുള്ള ശ്രമത്തിലാണ് മെയ്തേയ് സമൂഹവും അവരോടൊപ്പമുള്ള അധികാരവർഗവും. അപ്പോഴാണ് ഹൈക്കോടതിയല്ല രാഷ്ട്രപതിയാണ് ആരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമന്ന് നിശ്ചയിക്കേണ്ടതെന്ന സുപ്രീം കോടതി ചീഫ് ജസ്റ്റിസിന്റെ നിലപാട്. സമാധാനം പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വിവിധ സന്നദ്ധ സംഘടനകൾ മുന്നോട്ടുവന്നിട്ടുണ്ട്. ഒപ്പം റിലീഫ് ക്യാമ്പിലുള്ളവരെ സഹായിക്കാൻ വിവിധ രൂപതകൾ മുന്നോട്ടുവരേണ്ടതുണ്ട്. ബിജെപി ഭരിക്കുന്ന മണിപ്പൂരിലെ ക്രൈസ്തവ പീഡനത്തെപ്പറ്റി പ്രധാനമന്ത്രി മോദിക്ക് ഇനിയും ഒരുവാക്ക് പറയാൻ കഴിഞ്ഞിട്ടില്ല. ഭാരതത്തിലെ ക്രൈസ്തവ സഭകൾ ഈ യാഥാർത്ഥ്യം മനസ്സിലാക്കി തങ്ങളുടെ രാഷ്ട്രീയ നിലപാട് എടുക്കാൻ കഴിയട്ടെ. ■


play game
LOGOS QUIZ
2023
Latin Archdiocese of Trivandrum
Launching
മീഡിയ കമ്മിഷൻ &
അജപാലന ശുശ്രൂഷ
ലോഗോസ് ക്വിസ്
മൊബൈൽ ഗെയിം 2023
മലയാളത്തിലും... ഇംഗ്ലീഷിലും...
27 മേയ് 2023, ശനിയാഴ്ച
4 pm @ വെള്ളയമ്പലം
അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ്
പ്രകാശനം ചെയ്യുന്നു...
25 റൗണ്ടുകളിലായി 1300 ചോദ്യങ്ങൾ.
ലോകത്തെവിടെയിരുന്നും കളിച്ച് വിജയിക്കാം.
25 സെപ്റ്റംബർ 2023 ന് ഔദ്യോഗിക ഫല പ്രഖ്യാപനം.
ഒന്നാം സമ്മാനം
₹ 5000
ട്രോഫി + സർട്ടിഫിക്കറ്റ്
രണ്ടാം സമ്മാനം
₹ 3000
ട്രോഫി + സർട്ടിഫിക്കറ്റ്
മൂന്നാം സമ്മാനം
₹ 2000
ട്രോഫി + സർട്ടിഫിക്കറ്റ്
Malayalam ₹100/-
English ₹130/-
തുടർന്നുള്ള 7 സ്ഥാനക്കാർക്ക് 1000 രൂപയും, ട്രോഫിയും സർട്ടിഫിക്കറ്റും.
90 പേർക്ക് സർട്ടിഫിക്കറ്റ്.
ലോഗോസ് ക്വിസ് പഠനസഹായി 2023
79074 81581
തിരുവനന്തപുരം ലത്തീൻ അതിരൂപത

Total Page 44 Pub. Date : 01.06.2023
RNI Registered NO. 36056/81 REG NO. KL/TV(S)266/2021-2023. WPP NO. KL/TV(S)WPP/171/2021-2023 JEEVANUM VELICHAVUM Rs. 30.00

# നൈപുണ്യ വികസന പരിശീലനകേന്ദ്രങ്ങൾ

## ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റി

വിദ്യാഭ്യാസത്തോടൊപ്പം നല്ലൊരു ജോലി നേടുക എന്നത് ഏതൊരു വ്യക്തിയുടെയും സ്വപ്നമാണ്. വിദേശത്തും സ്വദേശത്തും തൊഴിൽ നേടാൻ പ്രാപ്തമാക്കുന്ന ഉന്നത വിദ്യാഭ്യാസം നേടുവാൻ സഹായകമാകുന്ന ലത്തീൻ അതിരൂപതയുടെ സാമൂഹ്യശുശ്രൂഷ വിഭാഗം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിലുള്ള ചില ഗവൺമെന്റ് അംഗീകൃത പരിശീലന കേന്ദ്രങ്ങളും അവയ്ക്ക് വേണ്ട യോഗ്യതകളും ചുവടെ ചേർക്കുന്നു.

### Marian Craft and Arts Centre of Excellence, Menamkulam

Affiliated to State Resource Centre, General Education Department, Govt of Kerala
Marian Higher Education Institutions Campus, Menamkulam, Kazhakuttam PO, Trivandrum 695582.
Office 8301908450, 9846187972, 0471-2922023

| Sl. No | Trade | Certificate | Duration | Eligibility | Seats |
|---|---|---|---|---|---|
| 1 | Electrical & Electronics Technology | Diploma | 1 Year | +2 Pass/ ITI | 20 |
| 2 | Advanced Wielding Technology | Diploma | 1 Year | +2 Pass/ ITI | 20 |
| 3 | Solar Energy Technology | Diploma | 1 Year | +2 Pass/ ITI | 20 |
| 4 | Crash Couse in SMAW/GTAW/MIG/TIG | Certification | 3 months | | 10 |

### St. Xavier's Private ITI, Valliyathura

Affiliated to NCVT (National Council for Vocational Training), Govt. of India
Vallakkadavu PO, Valiyathura, Trivandrum 695008. Office 0471 2504332, 9447621154

| Sl. No | Trade | Certificate | Duration | Eligibility | Seats |
|---|---|---|---|---|---|
| 1 | Draftsman Civil | NCVT (NSQF lvl 5) | 2 years | 10 Pass | 22 |
| 2 | Electronics Mechanic | NCVT (NSQF lvl 5) | 2 years | 10 Pass | 22 |
| 3 | Plumber | NCVT (NSQF lvl 4) | 1 Year | 10 Pass | 22 |
| 4 | Fire & Safety Engineering | Certification(Kerala Govt. Tech. Edu) | 1 Year | 10 Pass | 20 |
| 5 | X Ray Weilding | Certification(American Welding Society) | 6 Months | 10 Pass/fail | 20 |

NCVT/Fire & Safety Engineering കോഴ്സ് പഠിക്കുന്നവർക്ക് മൈനോറിറ്റി കമ്മിഷനിൽ നിന്നും പ്രതിവർഷം 10,000.00 രൂപ സ്കോളർഷിപ്പ് ലഭിക്കുന്നു. അതോടൊപ്പം യാത്ര കൺസഷൻ ലഭിക്കുന്നതാണ്.

### St. Xavier's Community College, Chackai / Fatima Matha Community College, Karumkulam

St. Xavier's Community College (Affiliated to NIOS, Ministry of Education, Govt. of India)
Manava Nagar, Opp. Anaathaputi Hospital, NH Bypass, Chackai, Trivandrum 695024. Office 04712575655, 9446435199
Fatima Matha Community College, Karumkulam, Puthiyathura PO, Trivandrum 695526. Office 0471 2575656, 9746751273

| Sl. No | Trade | Certificate | Duration | Eligibility | Seats | Evening Study Option |
|---|---|---|---|---|---|---|
| 1 | Community Health | Certification | 1 Year | 10 Pass | 40 | No |
| 2 | Welding Technology | Certification | 1 Year | 10 Pass | 20 | Yes |
| 3 | Data Entry Operation & Secretarial Practice | Certification | 1 Year | +2 Pass | 20 | Yes |
| 4 | Plumbing Technology | Certification | 1 Year | 10 Pass | 20 | Yes |
| 5 | House Wiring & Electrical appliance repairing | Certification | 6 Months | 10 Pass/fail | 20 | Yes |
| 6 | Basic Computer | Certification | 3 Months | 10 Pass/fail | 20 | Yes |

### St. Xavier's International Montessori Academy, Palayam

Affiliated to State Resource Centre, General Education Department, Govt of Kerala
Near St. Joseph's Cathedral, Palayam, Vikas Nagar PO, Trivandrum 695033, Ph. 9495058596

സർക്കാരിന്റെ പുതിയ വിദ്യാഭ്യാസനയം പ്രാബല്യത്തിൽ വരുമ്പോൾ ഏറെ തൊഴിൽ സാധ്യതയുള്ള ഒരു വർഷം ദൈർഘ്യമുള്ള മോണ്ടിസോറി ടീച്ചേഴ്സ് ട്രെയിനിങ് ഡിപ്ലോമ കോഴ്സ് അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷ സമിതിയുമായി ചേർന്ന് ആരംഭിച്ചിരിക്കുകയാണ്.

| Sl. No | Trade | Certificate | Duration | Eligibility | Seats |
|---|---|---|---|---|---|
| 1 | Montessori Teachers Training | Diploma | 1 Year | +2 Pass | 20 |

### St. Xavier's Computer Centre, Palayam

St. Xavier's Computer Centre, Institute of Information Technology, C-DIT Educational Partner (Govt. of Kerala)
Near St. Joseph's Cathedral, Palayam, Vikas Nagar PO, Trivandrum 695033. Office 0471 2333607, 9847119635
www.sxcc.in

പാളയത്തുള്ള സെന്റ് സേവ്യേഴ്സ് കമ്പ്യൂട്ടർ സെന്ററിൽ 50ഓളം C-DIT (ഗവ.) അംഗീകാരമുള്ള കോഴ്സുകൾ, അഡ്വാൻസ് ഡിപ്ലോമ കോഴ്സുകൾ, ഡിപ്ലോമ കോഴ്സുകൾ, ഓൺ ലൈൻ കോഴ്സുകൾ, സർട്ടിഫിക്കറ്റ് കോഴ്സുകൾ, സ്കിൽ പ്രോഗ്രാമുകൾ, എക്സിക്യൂട്ടീവ് പ്രോഗ്രാമുകൾ, ക്രാഷ് കോഴ്സുകൾ തുടങ്ങിയവ നടത്തി വരുന്നു.

**തിരുവനന്തപുരം ലത്തീൻ അതിരൂപത**

Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press,
Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Deepak Anto